32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 27, 2024 Vol. XXXII No. 39 Periodicals Postage Paid






ചിക്കാഗോയിൽ കേരള കൾച്ചറൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സീതാറാം യെച്ചൂരി അനുസ്മരണ സമ്മേളനം മുൻമന്ത്രിയും സിപിഐ സംസ്ഥാന സെക്രട്ടറിയുമായ ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യുന്നു. ബിൻസി തോമസ്, പീറ്റർ കുളങ്ങര, ബിജോയ് കാപ്പൻ, ജോൺ പാട്ടപ്പതി, സിബി കദളിമറ്റം, ഐപ്പ് വർഗീസ് എന്നിവരാണ് വേദിയിൽ (വാർത്ത 12-ാം പേജിൽ) ഫോട്ടോ: മോനു വർഗീസ്

Visit Our Website: www.keralaexpress.com

# KUNNATHA INJURY LAWYERS

**Free Consultation/Case Evaluation** ATLANTA : 404 633 4200 / CHICAGO: 312 757 4700

## EXPERIENCE PERSONAL ATTENTION RESULTS


Salu K. Kunnatha


Reena Emmanuel


Joshua Opdycke

Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

No legal fees until we collect compensation for you

Millions recovered for our clients each year!

**ATLANTA**
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

**CHICAGO**
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com




# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ഒറ്റത്തെരഞ്ഞെടുപ്പിന് കേന്ദ്ര അംഗീകാരം
10 ബുൾഡോസർ പ്രയോഗത്തിന് തടയിട്ടു സുപ്രീംകോടതി
11 വനിതകൾക്ക് തുല്യ അവസരം ...
14 ക്നാനായ റീജിയൻ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ്
18 ചിക്കാഗോയിലെ മലയാളി ക്രിക്കറ്റ് ടീം ശ്രദ്ധ നേടുന്നു

## കവിയൂർ പൊന്നമ്മ ഓർമയായി

കൊച്ചി: മലയാളത്തിന്റെ അമ്മമനസ് ഇനി ഓർമയിൽ. നിരവധി സിനിമകളിലെ അമ്മവേഷങ്ങളിലൂടെ മലയാളികൾക്ക് പ്രിയങ്കരിയായ നടി കവിയൂർ പൊന്നമ്മ (80) അന്തരിച്ചു. അർബുദരോഗബാധിതയായി ചികിത്സയിലിരിക്കെ,



കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ സെപ്റ്റംബർ 20-ന് വൈകുന്നേരം 5.33-ന് ആയിരുന്നു അന്ത്യം.

കഴിഞ്ഞ മേയിലാണ് പരിശോധനയിൽ കാൻസർ സ്ഥിരീകരിച്ചത്. ആദ്യപരിശോധനയിൽതന്നെ സ്റ്റേജ് നാല് കാൻസർ ആയിരുന്നു. തുടർന്ന് കഴിഞ്ഞ മൂന്നിന് തുടർപരിശോധനകൾക്കും ചികിത്സയ്ക്കുമായി ആശുപത്രിയിൽ പ്രവേശിച്ചു. 20-ന് വൈകുന്നേരത്തോടെ രോഗം മൂർച്ഛിച്ച് മരണം സംഭവിക്കുകയായിരുന്നു. മലയാള സിനിമയുടെ മാതൃഭാവം കവിയൂർ പൊന്നമയ്ക്ക് നിറമിഴികളോടെ കലാകേരളം യാത്രാമൊഴി നൽകി. കളമശേരി ടൗൺഹാളിൽ രണ്ടര മണിക്കൂറോളം നീണ്ട പൊതുദർശനത്തിനിടെ കലാ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിലെ നിരവധിപ്പേർ പ്രിയനടിക്ക് അന്തിമോപചാരം അർപ്പിക്കാനെത്തിയിരുന്നു. തുടർന്ന് ആലുവ കരുമാലൂർ പുറപ്പിള്ളിക്കാവിലെ (ശേഷം 24-ാം പേജിൽ)

## ഡൽഹി മുഖ്യമന്ത്രിയായി അതിഷി അധികാരമേറ്റു

ന്യൂഡൽഹി: ആം ആദ്മി പാർട്ടി തലവൻ അരവിന്ദ് കെജ്രിവാൾ രാജിവെച്ചതിനെത്തുടർന്ന് മന്ത്രിയും മുതിർന്ന നേതാവുമായ അതിഷി (43) ഡൽഹി മുഖ്യമന്ത്രിയായി അധികാരമേറ്റു. ജയിൽമോചിതനായതിനെത്തുടർന്നു രണ്ടു ദിവസം മുമ്പ് മുഖ്യമന്ത്രിസ്ഥാനത്തുനിന്നു



ഡൽഹി മുഖ്യമന്ത്രിയായി അതിഷി അധികാരമേൽക്കുന്നു.

രാജി പ്രഖ്യാപിച്ച കെജ്രിവാൾ തന്നെയാണ് എഎപി നിയമസഭാകക്ഷി യോഗത്തിൽ അതിഷിയെ മുഖ്യമന്ത്രിയായി നിർദേശിച്ചത്. സുഷമ സ്വരാജിനും ഷീല ദീക്ഷിതിനും ശേഷം ഡൽഹിയുടെ മൂന്നാമത്തേതും ഏറ്റവും പ്രായം കുറഞ്ഞതുമായ വനിതാ മുഖ്യമന്ത്രിയും മമത ബാനർജിക്ക് ഒപ്പം ഭരണത്തിലുള്ള രണ്ടാമത്തെ വനിതാ മുഖ്യമന്ത്രിയുമാകും അതിഷി. രാജ് നിവാസിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ ലഫ്. ഗവർണർ വി.കെ. സക്സേന ഡൽഹിയുടെ മൂന്നാമത്തെ വനിതാ മുഖ്യമന്ത്രിയായ അതിഷിക്കും അഞ്ചു മന്ത്രിമാർക്കും പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സൗരഭ് ഭരദ്വാജ്, ഗോപാൽ റായ്, ഇമ്രാൻ ഹുസൈൻ, കൈലാഷ് ഗെഹ്‌ലോട്ട്, മുകേഷ് അഹ്‌ലാവത് എന്നിവരാണ് സത്യപ്രതിജ്ഞ ചെയ്ത മന്ത്രിമാർ. ആം ആദ്മി പാർട്ടി നേതാവും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാൾ അടക്കമുള്ള മുതിർന്ന നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

നിയുക്ത മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരോടൊപ്പം ലഫ്. ഗവർണർ വി.കെ. സക്സേനയെ നേരിൽക്കണ്ടാണു കെജ്രിവാൾ രാജിക്കത്തു നൽകിയത്. പുതിയ സർക്കാർ രൂപീകരിക്കാൻ അവകാശവാദം ഉന്നയിച്ചു കത്തും നൽകിയിരുന്നു.

കെജ്രിവാളിന്റെ വസതിയിൽ നടന്ന എംഎൽഎമാരുടെ യോഗത്തിൽ ഏകകണ്ഠമായാണ് അതിഷിയെ നേതാവായി തെരഞ്ഞെടുത്തത്. (ശേഷം 24-ാം പേജിൽ)

### പ്രവാസികളെ പുകഴ്ത്തി നരേന്ദ്ര മോദി
## ഇന്ത്യയിൽ ദേശീയ സുരക്ഷാ സെമി കണ്ടക്ടർ ഫാബ്രിക്കേഷൻ പ്ലാന്റ്



ന്യൂയോർക്ക്: അമേരിക്കയുടെ സഹകരണത്തോടെ ഇന്ത്യയിൽ ആദ്യ ദേശീയ സുരക്ഷ സെമികണ്ടക്ടർ ഫാബ്രിക്കേഷൻ പ്ലാന്റ് സ്ഥാപിക്കാൻ ധാരണ. യുഎസ് സൈന്യത്തിനും സഖ്യകക്ഷികൾക്കും ഇന്ത്യൻ സൈന്യത്തിനും ആവശ്യമായ ചിപ്പുകൾ നിർമ്മിച്ചു കൈമാറുന്ന ഫാബ്രിക്കേഷൻ പ്ലാന്റ് 2025-ഓടെ സ്ഥാപിക്കാനാണ് അമേരിക്കൻ പ്രസിഡണ്ട് ജോ ബൈഡനുമായുള്ള നരേന്ദ്ര മോദിയുടെ കൂടിക്കാഴ്ചയിൽ ധാരണയിലായത്.

ഇന്തോ-പസഫിക് ഇക്കണോമിക് ഫ്രെയിം വർക്കിന്റെ (ഐപിഇഎഫ്) ഭാഗമായി മൂന്നു കരാറുകളിലും ഇന്ത്യയും അമേരിക്കയും ഒപ്പുവെച്ചു. സുതാര്യ സമ്പദ് വ്യവസ്ഥ, ന്യായ സമ്പദ് വ്യവസ്ഥ, ആഗോള ഉന്നമനം എന്നിവ ലക്ഷ്യമിട്ടുള്ള കരാറുകളിലാണ് ഒപ്പുവെച്ചത്. ഇന്ത്യയിൽ നിന്ന് കടത്തിക്കൊണ്ടു പോയ 297 പ്രാചീന ശില്പങ്ങൾ ഉൾപ്പെടെയുള്ള നിർമിതികളും ഇന്ത്യക്ക് കൈമാറി.


ന്യൂയോർക്കിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്ത് സംസാരിക്കവേ, പ്രവാസികളാണ് രാജ്യത്തിന്റെ മുഖമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. (ശേഷം 24-ാം പേജിൽ)

## ശ്രീലങ്കയിൽ അനുര ദിസനായകെ പുതിയ പ്രസിഡണ്ട്

കൊളംബോ: ശ്രീലങ്കയിൽ പുതു ചരിത്രം രചിച്ച് ഇടതു നേതാവ് അനുര ദിസനായകെ (55) പ്രസിഡണ്ടായി. രാജ്യത്താദ്യമായി രണ്ടാം റൗണ്ടിലേക്കു നീണ്ട വോട്ടെണ്ണലിൽ പ്രതിപക്ഷനേതാവ് സജിത് പ്രേമദാസനെ പിന്തള്ളിയാണ് ജനത വിമുക്തി പെരമുന (ജെവിപി) നേതാവായ ദിസനായകെയുടെ വിജയം. ആദ്യ റൗണ്ട് വോട്ടെണ്ണലിൽ ദിസനായകെ 42.3 ശതമാനം വോട്ടും (ശേഷം 24-ാം പേജിൽ)



## ജിമ്മി സൈമൺ വെട്ടുകാട്ടിലിന്റെ (ചിക്കാഗോ) സംസ്കാരം സെപ്റ്റംബർ 24-ന് കേരളത്തിൽ



കോട്ടയം: കേരളത്തിലേക്കുള്ള യാത്രാമദ്ധ്യേ നെടുമ്പാശേരി വിമാനത്താവളത്തിലെ ഡ്യൂട്ടിഫ്രീ ഷോപ്പിൽ സാധനങ്ങൾ തിരയുന്നതിനിടയിൽ കുഴഞ്ഞുവീണു മരിച്ച പുന്നത്തുറ സ്വദേശിയും ചിക്കാഗോയിൽ കഴിഞ്ഞ 36 വർഷക്കാലമായി സ്ഥിരതാമസക്കാരനുമായ ജിമ്മി സൈമൺ വെട്ടുകാട്ടിലിന്റെ സംസ്കാരച്ചടങ്ങുകൾ ജന്മദേശമായ പുന്നത്തുറയിൽ സെപ്റ്റംബർ 24-ന് നടത്തപ്പെടും. സെപ്റ്റംബർ 23-ന് തിങ്കളാഴ്ച 4 മണിക്ക് ഭൗതികശരീരം ഭവനത്തിൽ എത്തിച്ചു. സംസ്കാരച്ചടങ്ങുകൾ സെപ്റ്റംബർ 24-ന് ചൊവ്വാഴ്ച രാവിലെ 10 മണിക്ക് ഭവനത്തിൽ ആരംഭിച്ച് വെട്ടിമുകൾ സെന്റ് മേരീസ് പള്ളിയിൽ മൃതദേഹം സംസ്കരിക്കും.

30 വർഷമായി ചിക്കാഗോ നോർത്ത് ലേക്കിലുള്ള കിൻഡ്രഡ് ആശുപത്രിയിൽ റെസ്പിറേറ്ററി തെറാപ്പി സൂപ്പർവൈസറായി ജോലി ചെയ്തിരുന്ന ജിമ്മി സൈമൺ നാട്ടിലുള്ള അമ്മയെ സന്ദർശിക്കുന്നതിനു വേണ്ടിയാണ് കേരളത്തിലെത്തിയത്. പുന്നത്തുറ (കോട്ടയം) വെട്ടുകാട്ടിൽ പരേതനായ സൈമണും തങ്കമ്മയുമാണ് മാതാപിതാക്കൾ. ഭാര്യ റാണി കടവിൽ. മക്കൾ: ഡോ. നിമ്മി, നീതു, ഡോ. റ്റോണി. മരുമകൻ: ഉണ്ണി. കൊച്ചുമകൻ ജോമി ഹെൻട്രി. സഹോദരങ്ങൾ: റോബി/ലിസമ്മ വെട്ടുകാട്ടിൽ (ചിക്കാഗോ), റ്റോമി/ലിസി വെട്ടുകാട്ടിൽ.

ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രൽ ഇടവകാംഗമായിരുന്ന ജിമ്മി സൈമണിന്റെ ആകസ്മിക വേർപാടിൽ രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോയി ആലപ്പാട്ട്, കത്തീഡ്രൽ വികാരി ഫാ. തോമസ് കടുകപ്പിള്ളിൽ, അസി. വികാരി ഫാ. ജോയൽ പയസ് എന്നിവർ കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചു.

**വാർത്ത: ജോസ് കണിയാലി**

# ഒറ്റത്തെരഞ്ഞെടുപ്പിന് കേന്ദ്ര അംഗീകാരം

ന്യൂഡൽഹി: ലോക്‌സഭാ, നിയമസഭാ തെരഞ്ഞെടുപ്പുകൾ ഒരുമിച്ചും തുടർന്ന് 100 ദിവസത്തിനുള്ളിൽ ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പും നടത്താനുള്ള 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' പദ്ധതിക്കു കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. കോൺഗ്രസും സിപിഎമ്മും അടക്കമുള്ള പ്രതിപക്ഷത്തിന്റെ എതിർപ്പ് വകവെക്കാതെ, ബിജെപിയുടെ വാഗ്ദാനമായ ഇന്ത്യയാകെ ഒരുമിച്ചുള്ള തെരഞ്ഞെടുപ്പുകൾക്കുള്ള ബിൽ പാർലമെന്റിന്റെ അടുത്ത ശീതകാല സമ്മേളനത്തിൽ അവതരിപ്പിക്കാനും കേന്ദ്രം തീരുമാനിച്ചു. 2029–ലെ പൊതുതെരഞ്ഞെടുപ്പു മുതലാണ് ഇന്ത്യയിലാകെ ഒരുമിച്ചു തെരഞ്ഞെടുപ്പുകൾ നടത്താൻ കേന്ദ്രം തയാറെടുക്കുന്നത്.

മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നേതൃത്വത്തിലുള്ള സമിതി നൽകിയ റിപ്പോർട്ടിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ സെപ്റ്റംബർ 18–ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗമാണ് അംഗീകാരം നൽകിയത്. ഭരണഘടനാ ഭേദഗതികൾ അടക്കം ആവശ്യമായ ബില്ലുകൾ പാസാകണമെങ്കിൽ പാർലമെന്റിന്റെ ഇരുസഭകളിലും മൂന്നിൽ രണ്ടു ഭൂരിപക്ഷം ആവശ്യമാണ്. പഞ്ചായത്തുകളുടെ കാലാവധി വെട്ടിച്ചുരുക്കുന്നതിന് പാർലമെന്റിലെ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിനു പുറമെ, ഇന്ത്യയിലെ പകുതിയെങ്കിലും സംസ്ഥാന നിയമസഭകളുടെ അംഗീകാരവും ആവശ്യമാണ്.

കേന്ദ്രസർക്കാരിനു സഖ്യകക്ഷികളുടെ പിന്തുണ ലഭിച്ചാലും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിന് ലോക്സഭയിൽ 72 വോട്ടിന്റെയും രാജ്യസഭയിൽ 52 വോട്ടിന്റെയും കുറവുണ്ട്. എങ്കിലും ആവശ്യമായ ഭൂരിപക്ഷം കിട്ടുമെന്നും മൂന്നാം മോദി സർക്കാരിന്റെ കാലത്തു പദ്ധതി നടപ്പാക്കുമെന്നും ബിജെപി നേതാക്കൾ അവകാശപ്പെട്ടു.

2014 മുതൽ കഴിഞ്ഞ മൂന്നു പൊതുതെരഞ്ഞെടുപ്പിലും ബിജെപി പ്രകടനപത്രികയിൽ പദ്ധതി വാഗ്ദാനം ചെയ്തിരുന്നു. മൂന്നു മാസത്തിലൊരിക്കൽ തെരഞ്ഞെടുപ്പുകൾ നടക്കുന്നതു മൂലമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ ഒരൊറ്റ തെരഞ്ഞെടുപ്പു നടത്തുമെന്ന് പ്രധാനമന്ത്രി മോദി സ്വാതന്ത്ര്യദിനത്തിൽ ചെങ്കോട്ടയിൽ പ്രഖ്യാപിച്ചിരുന്നു. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' നടപ്പാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ സെപ്റ്റംബർ 17–ന് പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നു.

വർഷം തോറും തെരഞ്ഞെടുപ്പുകൾ നടത്തുന്നതു മൂലമുള്ള പ്രശ്നങ്ങളും ഭാരിച്ച ചെലവുകളും കുറയ്ക്കുന്നതിനാണു ഇന്ത്യയാകെ ഒരുമിച്ചു തെരഞ്ഞെടുപ്പു നടത്തുന്നതെന്ന്, മന്ത്രിസഭാ തീരുമാനം വിശദീകരിച്ച കേന്ദ്ര വാർത്താവിതരണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.


വോട്ടെടുപ്പുകൾ സമന്വയിപ്പിക്കുന്നതു ത്വരിത സാമ്പത്തിക വളർച്ചയ്ക്കും കാരണമാകും. തുടരെയുള്ള തെരഞ്ഞെടുപ്പുകൾ ഭരണപരമായ ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു. ഇന്ത്യയിലെ 32 രാഷ്ട്രീയ പാർട്ടികൾ പദ്ധതിയെ അനുകൂലിച്ചതായും 15 പാർട്ടികൾ എതിർത്ത തായും സർക്കാർ വ്യക്തമാക്കി.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പായി മാർച്ചിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിനാണു ബിജെപി വാഗ്ദാനം ചെയ്തതിന് അനുസരിച്ചുള്ള റിപ്പോർട്ട് കോവിന്ദ് കമ്മിറ്റി സമർപ്പിച്ചത്.

ഇന്ത്യയിലാകെ ഒരുമിച്ചു തെരഞ്ഞെടുപ്പുകൾ നടത്താനുള്ള കേന്ദ്ര മന്ത്രിസഭാ തീരുമാനം പ്രാവർത്തികമായാൽ കേരളം അടക്കം 17 സംസ്ഥാനനിയമസഭകൾ മൂന്നു വർഷത്തിൽ താഴെ കാലാവധിയിലും പിരിച്ചുവിടേണ്ടിവരും. 2029–ൽ ഏകീകൃത തെരഞ്ഞെടുപ്പു നടത്തണമെങ്കിൽ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കാലാവധിക്കു മുമ്പേ നിയമസഭകൾ പിരിച്ചുവിടേണ്ടി വരും. പരിവർത്തന സമയത്തു മിക്ക സംസ്ഥാന സർക്കാരുകളുടെയും കാലാവധി വെട്ടിച്ചുരുക്കപ്പെടും.

കർണാടക, തെലുങ്കാന, മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ്, ഹിമാചൽ പ്രദേശ്, മേഘാലയ, നാഗാലാൻഡ്, ത്രിപുര, മിസോറാം സംസ്ഥാനങ്ങളിലെ സർക്കാരുകൾക്ക് ഒരു വർഷമോ അതിൽ താഴെയോ കാലത്തേക്കു മാത്രമേ അധികാരത്തിലിരിക്കാൻ കഴിയൂ. കഴിഞ്ഞ വർഷം പുതിയ സർക്കാരുകൾ രൂപവത്കരിച്ച ഈ 10 സംസ്ഥാനങ്ങളിലെ നിയമസഭകളുടെ കാലാവധി 2028–ൽ അവസാനിക്കുമ്പോൾ വീണ്ടും തെരഞ്ഞെടുപ്പു നടത്തേണ്ടിവരും. അത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന നിയമസഭകളും സർക്കാരും ഒരു വർഷത്തിനകം പുതിയ തെരഞ്ഞെടുപ്പിനെ നേരിടേണ്ടിവരുകയും ചെയ്യും.

# എം.എം. ലോറൻസ് അന്തരിച്ചു



കൊച്ചി: മുതിർന്ന സിപിഎം നേതാവും എൽഡിഎഫ് മുൻ കൺവീനറുമായ എം.എം. ലോറൻസ് (95) അന്തരിച്ചു. ന്യൂമോണിയയെത്തുടർന്ന് 29 മുതൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു സെപ്റ്റംബർ 21–നായിരുന്നു അന്ത്യം. മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം 23–ന് രാവിലെ എട്ട് മുതൽ 8.30 വരെ ഗാന്ധിനഗറിലെ വീട്ടിലും തുടർന്നു കലൂരിലെ സിപിഎം ജില്ലാ കമ്മിറ്റി ഓഫീസായ ലെനിൻ സെന്ററിലും 9 മുതൽ എറണാകുളം ടൗൺ ഹാളിലും പൊതുദർശനത്തിനുവെച്ചു.

1929 ജൂൺ 15–ന് എറണാകുളം മുളവുകാട്ടു ജനിച്ച എം.എം. ലോറൻസ് 18–ാം വയസ്സിൽ കമ്യൂണിസ്റ്റ് പാർട്ടി അംഗമായി. കേരളത്തിന്റെ കമ്യൂണിസ്റ്റ് രാഷ്ട്രീയത്തിൽ നിർണായകപ്രാധാന്യമുള്ള 1950–ലെ ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണക്കേസിൽ ജയിൽവാസം അനുഭവിച്ചു.

പിൽക്കാലത്ത് സിപിഎമ്മിന്റെയും സിഐടിയുവിന്റെയും നേതൃനിരയിലേക്ക് ഉയർന്ന ലോറൻസ്, വിഭാഗീയതയുടെ കാലത്ത് അച്ചടക്കനടപടിയുടെ പേരിൽ കേന്ദ്ര കമ്മിറ്റിയിൽനിന്ന് ഏരിയ കമ്മിറ്റിയിലേക്കു തരംതാഴ്ത്തപ്പെട്ടു. അവിടെനിന്നു സംസ്ഥാന കമ്മിറ്റിയിലേക്കും സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ്ഥാനത്തേക്കും തിരിച്ചെത്തി. സിഐടിയു ദേശീയ വൈസ് പ്രസിഡണ്ട്, സംസ്ഥാന പ്രസിഡണ്ട് തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു. 1980–84 കാലത്ത് ഇടുക്കി എംപിയായിരുന്നു.

ഭാര്യ പരേതയായ ബേബി. മക്കൾ: അഡ്വ. എം.എൽ. സജീവൻ (സ്പെഷൽ ഗവ. പ്ലീഡർ), സുജാത (എഞ്ചിനീയർ, ദുബായ്), ആശ (ഫാഷൻ ഡിസൈനർ), പരേതനായ എം.എൽ. ഏബ്രഹാം (അബി). മരുമക്കൾ: ബോബൻ വർഗീസ് (എഞ്ചിനീയർ, ദുബായ്), മേബിൾ മെൻഡസ് (സ്പെഷൽ എജ്യുക്കേറ്റർ, ചൈൽഡ് കെയർ സെന്റർ, പനമ്പിള്ളി നഗർ), ഡോ. സോജ ലൂയിസ് (സുവോളജി വകുപ്പു മേധാവി, സെന്റ് തെരേസാസ് കോളജ്, എറണാകുളം).

# പൂരം കലക്കലിൽ ഗൂഢാലോചനയില്ല: അജിത്കുമാർ

തിരുവനന്തപുരം: തൃശൂർ പൂരം കലക്കിയതിൽ ഗൂഢാലോചനയും ബാഹ്യ ഇടപെടലുമുണ്ടായെന്ന സിപിഐയുടെ ഉൾപ്പെടെ ആരോപണം തള്ളി എഡിജിപി എം.ആർ. അജിത്കുമാറിന്റെ അന്വേഷണ റിപ്പോർട്ട്.

പ്രശ്നങ്ങൾക്കു കാരണം അന്ന് കമ്മീഷണറായിരുന്ന അങ്കിത് അശോകന്റെ പരിചയക്കുറവും അനുനയമില്ലാത്ത പെരുമാറ്റവുമായിരുന്നുവെന്നു ഡിജിപിക്കു കൈമാറിയ റിപ്പോർട്ടിൽ അദ്ദേഹം ചൂണ്ടിക്കാട്ടി. അതേസമയം, പൂരത്തിന്റെ സുരക്ഷാ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ അങ്കിത് വീഴ്ച വരുത്തിയിട്ടില്ലെന്നും റിപ്പോർട്ടിലുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ച ശേഷം ഡിജിപി ആഭ്യന്തര സെക്രട്ടറിക്കു കൈമാറും. ആഭ്യന്തര സെക്രട്ടറിയാണു മുഖ്യമന്ത്രിക്കു സമർപ്പിക്കുക.

അഞ്ച് മാസത്തെ കാലതാമസത്തിനുശേഷം സമർപ്പിച്ച റിപ്പോർട്ട്, തങ്ങളുടെ പ്രധാന വാദത്തെ തന്നെ ഖണ്ഡിച്ചത് സിപിഐയെ ഞെട്ടിച്ചു. ആരൊക്കെ ഈ വിഷയം വിട്ടാലും തങ്ങൾ വിടില്ലെന്നും ആശങ്കകൾ ദൂരീകരിക്കാൻ ഏതറ്റം വരെയും പോകുമെന്നും സിപിഐയുടെ മന്ത്രി കെ. രാജൻ വ്യക്തമാക്കി. റിപ്പോർട്ട് തള്ളി തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളും രംഗത്തുവന്നു. പൂരം കലക്കിയതു സംബന്ധിച്ച ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ആവശ്യപ്പെട്ടു.

പൂരസ്ഥലത്ത് ഹൈക്കോടതി നിർദേശപ്രകാരമുള്ള അധിക നിയന്ത്രണം നടപ്പാക്കിയ കമ്മീഷണറുടെ വീഴ്ചയാണു പ്രധാന പ്രശ്നമായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നത്. ഏകപക്ഷീയ തീരുമാനങ്ങളെടുത്തു, ദേവസ്വങ്ങളെ വിശ്വാസത്തിലെടുത്തില്ല. പരാതികളിൽ ഇടപെട്ടില്ല, പ്രതിഷേധങ്ങളെ അനുനയിപ്പിക്കാൻ ശ്രമിച്ചില്ല. പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ വിന്യസിച്ചില്ല. പ്രശ്നങ്ങൾ ഉന്നത ഉദ്യോഗസ്ഥരെ അറിയിച്ചില്ല എന്നീ വീഴ്ചകൾ അങ്കിത്തിന്റേതായി കണ്ടെത്തിയിട്ടുണ്ട്.

ഏകദേശം 1500 പേജുള്ള റിപ്പോർട്ടിൽ അധികവും പൂരത്തിനു പതിവായി ഒരുക്കുന്ന സുരക്ഷാവിന്യാസങ്ങളുടെ വിവരങ്ങളും ചിത്രങ്ങളുമാണ്.

## അർജുന്റെ വാഹനത്തിന്റെ ക്രാഷ് ഗാർഡ് കണ്ടെത്തി

അങ്കോല: കർണാടകയിലെ ഷിരൂരിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുന്റെ വാഹനത്തിന്റെ ക്രാഷ് ഗാർഡ് ഗംഗാവലി പുഴയിൽനിന്ന് കണ്ടെത്തി. ലോറിയുടമ മനാഫ് ഇതു അർജുന്റെ ലോറിയുടേതാണെന്ന് സ്ഥിരീകരിച്ചു.

പുഴയിൽനിന്നു മറ്റൊരു ലോഹഭാഗം കൂടി കണ്ടെത്തിയിട്ടുണ്ട്. മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് കണ്ണാടിക്കൽ സ്വദേശി അർജുനു വേണ്ടിയുള്ള തെരച്ചിലിനിടെയാണ് ലോറിയുടെ ക്രാഷ് ഗാർഡ് കണ്ടെത്തിയത്.

# നിധിൻ ജംദാർ കേരള ചീഫ് ജസ്റ്റിസ്



ന്യൂഡൽഹി: കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായി ജസ്റ്റിസ് നിധിൻ ജംദാറിനെ നിയമിച്ചു. നിലവിൽ ബോംബെ ഹൈക്കോടതി ജഡ്ജിയാണ്. ഡൽഹി, മദ്രാസ്, മധ്യപ്രദേശ് എന്നിവയുൾപ്പെടെ എട്ട് ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസ് നിയമനത്തിനുള്ള സുപ്രീം കോടതി കൊളീജിയം ശിപാർശയാണു കേന്ദ്ര സർക്കാർ അംഗീകരിച്ചത്. ബോംബെ ഹൈക്കോടതിയിലെ ജസ്റ്റിസ് കെ.ആർ. ശ്രീറാം ആണ് മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിതനായത്.

ജൂലൈയിലാണ് സുപ്രീം കോടതി കൊളീജിയം ഹൈക്കോടതികളിലെ ചീഫ് ജസ്റ്റിസ് നിയമനത്തിനുള്ള ശിപാർശകൾ കേന്ദ്രത്തിനു കൈമാറിയത്. കേന്ദ്രസർക്കാർ തീരുമാനമെടുക്കാൻ വൈകിയതു ചർച്ചയായിരുന്നു. മഹാരാഷ്ട്രയിലെ സോലപൂർ സ്വദേശിയായ ജസ്റ്റിസ് നിധിൻ ജംദാർ 2012 ജനുവരിയിലാണു ബോംബെ ഹൈക്കോടതി ജഡ്ജിയായി നിയമിതനാകുന്നത്. അതിനുമുൻപ് കേന്ദ്രസർക്കാരിന്റെ സീനിയർ സ്റ്റാൻഡിങ് കോൺസൽ ആയിരുന്നു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 39
September 27, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

അവസരങ്ങളെ നഷ്ടപ്പെടുത്തുന്നവൻ വിജയങ്ങളെ നഷ്ടപ്പെടുത്തുന്നു.

**ചാർസ്**

ആദർശങ്ങളിൽ കെട്ടിപ്പടുക്കുന്നതേ അനശ്വരമാകൂ.


**എമേഴ്സൺ**



MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com




Bollywood
Dance Class
in Chicago!
Shingari's
School of Rhythm
CLASSES AT
WESTMONT &
DES PLAINES
NOW ENROLLING NEW STUDENTS
Girls • Boys • Adults
For Latest Informations
Call : Chinu Thottam
(630) 863-4984
REGISTER ONLINE
Email: c2c4ever@gmail.com
www.schoolofrhythm.org

Trusted Representation
Achieves Aggressive Financial Results
★Over $ 50M Recovered and Collected For Our Clients
★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
★Free Confidential Consultation On All Matters
Home Visits Available
★Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Steve Crifase
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537
Fee Discounts Available To Malayalee Clients On Specific Cases
A+ Rating
BBB Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഒറ്റ തെരഞ്ഞെടുപ്പ് യാഥാർത്ഥ്യമാകുമോ?

ജനാധിപത്യത്തെ ദുർബലപ്പെടുത്താൻ നേരിയ സാധ്യതയെങ്കിലുമുണ്ടെങ്കിൽ, അതു തെരഞ്ഞെടുപ്പ് പരിഷ്കാരമാണെങ്കിൽ പോലും സംശയത്തോടെ വീക്ഷിക്കണം. ലോക്സഭ, നിയമസഭ, തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകൾ എന്നിവ ഒരുമിച്ചു നടത്താൻ ലക്ഷ്യമിട്ടുള്ള 'ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ്' ശിപാർശയ്ക്കു കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. വിഷയം പഠിക്കാൻ രണ്ടാം എൻഡിഎ സർക്കാർ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് അധ്യക്ഷനായി നിയോഗിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ടിനാണ് അംഗീകാരം. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിൽ ബിൽ അവതരിപ്പിക്കും. തെരഞ്ഞെടുപ്പുചെലവിന്റെ നിസാര സാമ്പത്തികലാഭത്തെ ജനാധിപത്യത്തിന്റെ നിസാരമല്ലാത്ത നഷ്ടത്തിനുമേൽ പ്രതിഷ്ഠിക്കാനുള്ള ശ്രമമാകുമോ 'ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ്' എന്നാണ് ഇനി അറിയാനുള്ളത്. അതായത് ഈ ചർച്ച തെരഞ്ഞെടുപ്പിലേക്കു ചുരുങ്ങരുത്.

വൈജാത്യങ്ങളിലാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സൗന്ദര്യം കുടികൊള്ളുന്നത്. ആ സൗന്ദര്യത്തിന് പോറലേൽപ്പിക്കുന്ന ഏതൊരു തീരുമാനവും അത്യന്തം അപകടകരവും സ്വേച്ഛാധിപത്യപ്രവണത പ്രകടമാക്കുന്നതുമായിരിക്കുമെന്നതിൽ തർക്കമില്ല. ലോക്സഭാ, നിയമസഭാ, തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുകൾ ഒരുമിച്ചാക്കാനുള്ള നിർദേശത്തിന് ഈയിടെ കേന്ദ്രമന്ത്രിസഭ പച്ചക്കൊടി കാട്ടിയതിനെ ഇന്ത്യയുടെ സവിശേഷമായ രാഷ്ട്രീയ, സാമൂഹിക പശ്ചാത്തലത്തിൽ പരിശോധിക്കുമ്പോൾ അത് എത്രമാത്രം പ്രായോഗികവും ഫലപ്രദവുമാകുമെന്ന ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരം കിട്ടേണ്ടതുണ്ട്. വ്യത്യസ്ത പ്രാദേശിക, രാഷ്ട്രീയപ്രസ്ഥാനങ്ങൾമുതൽ വ്യത്യസ്ത കാലാവസ്ഥകൾവരെ നിലനിൽക്കുന്ന വിശാലമായ ഇന്ത്യൻ രാഷ്ട്രീയ, ജൈവഭൂഭാഗങ്ങളിൽ ഒറ്റത്തെരഞ്ഞെടുപ്പ് എന്ന ആശയം പലതരം സന്ദേഹങ്ങൾ ഉയർത്തുന്നു.

പ്രതിപക്ഷ എതിർപ്പുകളെ അവഗണിച്ചുകൊണ്ടാണ് കേന്ദ്രമന്ത്രിസഭ 'ഒരു രാജ്യം, ഒറ്റ തെരഞ്ഞെടുപ്പ് എന്ന ഏകീകൃത തെരഞ്ഞെടുപ്പ് ശിപാർശയ്ക്ക് അംഗീകാരം നൽകിയിരിക്കുന്നത്. ഇതനുസരിച്ച്, ലോക്സഭയിലേക്കും നിയമസഭകളിലേക്കും ഒന്നിച്ചു തെരഞ്ഞെടുപ്പ് നടത്തിയശേഷം 100 ദിവസത്തിനുള്ളിൽ തദ്ദേശ തെരഞ്ഞെടുപ്പുകളും നടത്താനാണ് ഉദ്ദേശിക്കുന്നത്. 2029-ൽ നടത്താനിരിക്കുന്ന അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇതു നടപ്പാക്കാനാണ് ബിജെപി ലക്ഷ്യമിടുന്നതെന്നു കരുതുന്നു. തെരഞ്ഞെടുപ്പുകൾ ഒരേസമയം നടത്തുന്നത് ചെലവ് ചുരുക്കാനും വികസനം കാര്യക്ഷമമാക്കാനും സഹായിക്കുമെന്നാണ് ബിജെപിയുടെ പ്രധാന അവകാശവാദം.

സർക്കാരിന് അനുകൂലമായ സാഹചര്യമുണ്ടാകുമ്പോൾ ദേശീയതലത്തിൽ സൃഷ്ടിക്കാനാകുന്ന തരംഗം സംസ്ഥാനങ്ങളിലേക്കും കൊണ്ടുവരാനാണ് ഇത്തരത്തിൽ ഒരു സംവിധാനത്തിലേക്ക് ഇന്ത്യ പോകുന്നതെന്ന് രാഷ്ട്രീയ നിരീക്ഷകർ പറയുന്നു. പുതിയ സംവിധാനത്തിന് ഗുണവും ദോഷവുമുണ്ടെങ്കിലും ജനാധിപത്യത്തിന്റെ കാതലായ തെരഞ്ഞെടുപ്പു പ്രക്രിയയിൽ സാമ്പത്തികലാഭത്തിനാണോ സുസ്ഥിരമായ ജനാധിപത്യവ്യവസ്ഥയ്ക്കാണോ പ്രാധാന്യം കൊടുക്കേണ്ടതെന്ന ചോദ്യവുമുണ്ട്.

അതിലും വലിയ അപകടമുണ്ട്. ഒറ്റയടിക്കു തെരഞ്ഞെടുപ്പു നടത്തുന്നത് തെരഞ്ഞെടുപ്പിനെ മാത്രമല്ല, തുടർന്നുള്ള അഞ്ചു വർഷത്തെ ജനാധിപത്യപ്രക്രിയയെയും ബാധിക്കുമെന്ന അത്യന്തം ആപത്കരമായ യാഥാർഥ്യവും തിരിച്ചറിയണം. സർക്കാരുകൾക്ക്, പ്രത്യേകിച്ചു കേന്ദ്രസർക്കാരിന്, ജനങ്ങളുടെ ഇടയ്ക്കിടെയുള്ള പ്രവർത്തന ഓഡിറ്റിംഗുകളെ അതിജീവിക്കാൻ സഹായിക്കുന്ന മാറ്റത്തിലേക്കാണ് മൂന്നാം എൻഡിഎ സർക്കാർ ചുവടുവെക്കുന്നത്.

തെരഞ്ഞെടുപ്പു ചെലവുകൾ കുറയ്ക്കാമെന്ന സർക്കാരിന്റെ വാദം ചെറിയ ലാഭത്തെ സൂചിപ്പിക്കുന്നുണ്ടാകാം. പക്ഷേ, ജനങ്ങളുടെ നിരീക്ഷണവലയത്തിൽനിന്നു സർക്കാരിന് അഞ്ചു വർഷത്തേക്കു തുടർച്ചയായി ഒഴിവു കിട്ടുമെന്നത് ജനാധിപത്യത്തിന്റെ തിരുത്തൽശക്തിയെ ക്ഷയിപ്പിക്കുമെന്ന വലിയ നഷ്ടമാണ്. അതായത്, ഏകീകൃത തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പിനെ എന്നതിനേക്കാൾ തുടർന്നുള്ള അഞ്ചു വർഷത്തെ ജനാധിപത്യത്തെയും അന്തിമമായി ജനാധിപത്യ ഭാവിയെയും അട്ടിമറിക്കാനുള്ള സാധ്യതയെ ഉള്ളിൽ വഹിക്കുന്നുണ്ട്. അതിനെ നിശ്ചയമായും നിരീക്ഷണവിധേയമാക്കണം. കാരണം, ഏകീകൃത തെരഞ്ഞെടുപ്പല്ല, ജനാധിപത്യമാണു വലുത്.

ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ഊർജസ്വലവും പങ്കാളിത്തം നിറഞ്ഞതുമാക്കുമെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടത്. വാദത്തിനുവേണ്ടി അതംഗീകരിച്ചാലും ജനാധിപത്യവാദികളുടെ ആശങ്കയെ കണക്കിലെടുക്കാതെയുള്ള ഏതു നീക്കവും ആശാസ്യമല്ലെന്നു തന്നെ പറയേണ്ടി വരും.

# ലോക ചെസ് ഒളിംപ്യാഡ്: ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ ഇന്ത്യയ്ക്ക് സ്വർണം

ബുഡാപെസ്റ്റ്: വിശ്വനാഥൻ ആനന്ദ് വർഷങ്ങളോളം ഒറ്റയ്ക്കു തേരോട്ടം നടത്തിയ ലോക ചതുരംഗക്കളത്തിൽ ഇന്ത്യൻ യുവനിരയുടെ പടയോട്ടം. കായികരംഗത്തെ ഏറ്റവും വലിയ മേളകളിലൊന്നായ ലോക ചെസ് ഒളിംപ്യാഡിൽ ഓപ്പൺ, വനിതാ വിഭാഗങ്ങളിൽ സ്വർണം നേടി ഇന്ത്യ ചരിത്രമെഴുതി. 2000-ൽ ആനന്ദിലൂടെ ലോക ചെസ് ചാംപ്യൻ പട്ടം ഇന്ത്യയിലെത്തിയെങ്കിലും ഒളിംപ്യാഡ് എന്ന ടീം ചാംപ്യൻഷിപ്പിലെ സ്വർണം ഇന്ത്യയ്ക്ക് ഇതുവരെ അപ്രാപ്യമായിരുന്നു.


അർജുൻ എരിഗെയ്സി, വിദിത് ഗുജറാത്തി, പി. ഹരികൃഷ്ണ, ഡി. ഗുകേഷ്, ആർ. പ്രഗ്നാനന്ദ.

ടീം ഇനത്തിലെ സ്വർണത്തോടൊപ്പം, വ്യക്തിഗത ബോർഡുകളിൽ ഡി. ഗുകേഷ്, അർജുൻ എരിഗെയ്സി, ദിവ്യ ദേശ്മുഖ്, വാന്തിക അഗർവാൾ എന്നിവർ സ്വർണം നേടി. 2022-ൽ തമിഴ്നാട്ടിലെ മഹാബലിപുരത്തു നടന്ന ഒളിംപ്യാഡിൽ നേടിയ വെങ്കല മെഡലുകളായിരുന്നു ഇതുവരെയുള്ള ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനം.

186 രാജ്യങ്ങൾ മത്സരിച്ച ഓപ്പൺ വിഭാഗത്തിൽ യുഎസിനെ (17) നാലു പോയിന്റിനു പിന്നിലാക്കിയാണ് ഇന്ത്യയുടെ (21) കിരീടനേട്ടം. അവസാന റൗണ്ടിൽ സ്വർണമുറപ്പിക്കാൻ സമനില മാത്രം മതിയായിരുന്ന ഇന്ത്യ സ്ലൊവേനിയയെ 3.5-0.5നു തോൽപിച്ചു.

ഡി. ഗുകേഷ്, ആർ. പ്രഗ്നാന്ദ, അർജുൻ എരിഗെയ്സി, വിദിത് ഗുജറാത്തി, പി. ഹരികൃഷ്ണ എന്നിവരാണ് ഓപ്പൺ വിഭാഗത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത്. ആകെ 11 റൗണ്ടുകളിൽ പത്തും ജയിച്ച ഇന്ത്യ ഒൻപതാം റൗണ്ടിൽ മുൻചാംപ്യൻമാരായ ഉസ്ബെക്കിസ്ഥാനോടു മാത്രമാണു സമനില വഴങ്ങിയത്. പത്താം റൗണ്ടിൽ ടോപ് സീഡ് യുഎസിനെതിരെ നേടിയ ജയം നിർണായകമായി. 167 രാജ്യങ്ങൾ മത്സരിച്ച വനിതാവിഭാഗം അവസാന റൗണ്ടിൽ അസർബൈജാനെയാണ് ഇന്ത്യ തോൽപിച്ചത് (3.5-0.5).

2022-ൽ സ്വർണത്തിനടുത്തെത്തിയെങ്കിലും അവസാന റൗണ്ടിൽ തോൽവിയോടെ വെങ്കലംകൊണ്ടു തൃപ്തിപ്പെടേണ്ടി വന്ന ടീമിന്റെ ചരിത്രമാണ് ഡി. ഹരിക, വൈശാലി രമേഷ്ബാബു, ദിവ്യ ദേശ്മുഖ്, താനിയ സച്ദേവ്, വാന്തിക അഗർവാൾ എന്നിവർ ഇത്തവണ മാറ്റിയെഴുതിയത്. അവസാന റൗണ്ട് തുടങ്ങുമ്പോൾ കസഖ്സ്ഥാനൊപ്പം ഒന്നാമതായിരുന്നു ഇന്ത്യ. അവസാന റൗണ്ടിൽ കസഖ്-യുഎസ് കളി സമനിലയായതോടെ അസർബൈജാനെ തകർത്ത് ഇന്ത്യ സ്വർണമുറപ്പിച്ചു.


താനിയ സച്ദേവ്, വാന്തിക അഗർവാൾ, ദിവ്യ ദേശ്മുഖ്, ആർ. വൈശാലി, ഡി. ഹരിക.

# ലോകത്തിലെ ഏറ്റവും ഉയരമുള്ള ക്രിസ്തുപ്രതിമ ഇന്തോനേഷ്യക്കു സ്വന്തം

ജക്കാർത്ത: ലോകത്തിൽ ഏറ്റവും ഉയരമുള്ള ക്രിസ്തുപ്രതിമ ഇനി മുസ്‌ലിം ഭൂരിപക്ഷ രാജ്യമായ ഇന്തോനേഷ്യക്കു സ്വന്തം. 61 മീറ്റർ ഉയരമുള്ള പ്രതിമ നോർത്ത് സുമാത്ര പ്രവിശ്യയിലെ സമോസിർ റീജൻസിയിലെ തോബ തടാകത്തിനു സമീപമുള്ള സിബിയാബിയ കുന്നിലാണു സ്ഥാപിച്ചത്.

ഈയിടെ ഇന്തോനേഷ്യൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡണ്ട് ആർച്ച്ബിഷപ് ഡോ. അന്റോണിയസ് സുബിയാന്റോ ബെഞ്ചമിൻ ഇതിന്റെ ആശീർവാദവും ഉദ്ഘാടനവും നിർവഹിച്ചു. ഈ കുന്ന് ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടിരിക്കുകയാണെന്നും ആളുകളുടെ വിശ്വാസം ശക്തിപ്പെടുത്താൻ ഈ സ്ഥലം നിമിത്തമാകുമെന്നും ആർച്ച്ബിഷപ് പറഞ്ഞു. ബ്രസീലിലെ റിയോ ഡി ജനീറോയിലെ ക്രൈസ്റ്റ് ദ റിഡീമർ പ്രതിമയേക്കാൾ 20 മീറ്റർ ഉയരം ഈ പ്രതിമയ്ക്ക് കൂടുതലുണ്ട്.


ഇന്തോനേഷ്യയിലെ നോർത്ത് സുമാത്ര പ്രവിശ്യയിൽ സിബിയാബിയ കുന്നിൽ സ്ഥാപിച്ച ലോകത്തിലെ ഏറ്റവും ഉയരമുള്ള ക്രിസ്തു പ്രതിമ.

ക്രൈസ്റ്റ് ദ റിഡീമർ പ്രതിമയുടെ ഉയരം 39.6 മീറ്ററാണ്. കഴിഞ്ഞ ആറിന് ഇന്തോനേഷ്യൻ സന്ദർശനത്തിനിടെ ജക്കാർത്തയിലെ വത്തിക്കാൻ സ്ഥാനപതി കാര്യാലയത്തിൽവെച്ച് ഈ പ്രതിമയുടെ ചെറുപതിപ്പ് ഫ്രാൻസിസ് മാർപാപ്പയെ കാണിക്കുകയും മാർപാപ്പ അത് ആശീർവദിക്കുകയും ചെയ്തിരുന്നു.

പ്രതിമയ്ക്കു താഴെയായി ആലേഖനം ചെയ്ത പ്രാർഥനയിൽ മാർപാപ്പയുടെ ഒപ്പും ചേർത്തിട്ടുണ്ട്. മേഡൻ അതിരൂപതയും സിബോൾഗ രൂപതയും ഉൾപ്പെടുന്ന നോർത്ത് സുമാത്ര, ഇന്തോനേഷ്യയിൽ ഏറ്റവും കൂടുതൽ ക്രൈസ്തവരുള്ള പ്രദേശങ്ങളിലൊന്നാണ്. ഇവിടുത്തെ 15 ദശലക്ഷം ജനസംഖ്യയിൽ 1.1 ദശലക്ഷം കത്തോലിക്കരുണ്ട്. 4.01 ദശലക്ഷം പ്രോട്ടസ്റ്റന്റുകാരുമുണ്ട്.

# മധുവിന് 91-ാം പിറന്നാൾ



തിരുവനന്തപുരം: നടൻ മധുവിന് 91-ാം പിറന്നാൾ. കൊടുമുടി പോലെ ഇന്നും ഉയർന്നു നിൽക്കുന്ന കഥാപാത്രങ്ങൾ, അതേ ഉറപ്പോടെ, കരുത്തോടെ അചഞ്ചലനായി തലയുയർത്തി നിൽക്കുന്ന വ്യക്തിത്വം. ഇങ്ങനെയൊക്കെ വിശേഷിപ്പിക്കാം പി. മാധവൻ നായർ എന്ന മലയാളത്തിന്റെ സ്വന്തം മധുവിനെ. തൊണ്ണൂറ്റിയൊന്നാം വയസ്സിന്റെ നിറവിലും സിനിമയോടും വായനയോടുമുള്ള അഭിനിവേശം കുറഞ്ഞിട്ടില്ല. രാത്രി വളരെ വൈകി ഉറങ്ങുന്ന ശീലമാണ് അന്നും ഇന്നും. രാത്രികാലങ്ങളിൽ പഴയ സിനിമകളും പുതിയ സിനിമകളും കാണും. മാധ്യമപ്രവർത്തകർ ഉൾപ്പെടെയുള്ള സുഹൃത്തുക്കളുമായി പല സായാഹ്നങ്ങളിലും സിനിമാ ചർച്ചകളും അനുഭവ കൈമാറലുകളുമായി തിരുവനന്തപുരത്ത് കണ്ണമൂലയിലുള്ള ശിവഭവനത്തിൽ എന്നും മധുരാർദ്രം. കന്നിമാസത്തിലെ ചോതി നക്ഷത്രത്തിൽ ജനിച്ച മഹാനടന്റെ നക്ഷത്ര പ്രകാരമുള്ള പിറന്നാൾ വരുന്നത് ഒക്ടോ. അഞ്ചിനാണ്.







# SEEKING LEAD PASTOR

**LifeStream Church in Franklin, TN seeks a passionate, committed, mission-oriented, and excellent communicator of God's word with good English-speaking skills to be their Lead Pastor**

LifeStream Church has been in Franklin, TN for 14 years and ministering to the South Asian population here. Recently, our community was blessed with a facility in Franklin, TN. The location is prime, equipped with a great video/audio setup to support ministry both inside and outside of the church. Our community is a multilingual and interdenominational group, mainly from Kerala, Andhra, and Tamil Nadu, with a current attendance of about 80 people. Our church believes and practices all the fundamental doctrines of the Bible, including believers' baptism and the active work of the Holy Spirit. Church has a team of Ministry Leaders for different focus areas such as Kids Ministry, Praise and Worship, Media, men and women fellowships, and Cell Group Leaders, supporting different ministry goals. The Lead Pastor will also be supported by an Associate Pastor in all spiritual activities, as needed. All of our services are conducted in English, except for a few Indian language songs.

Candidate should be a US Citizenship or Green Card holder. Previous Pastoral experience of at least 5 years as a Lead Pastor or Associate/Youth Pastor is required. Experience with ministry among multi-lingual and inter-denominational communities along with proficiency in multiple Indian languages will be an added advantage. Must be married and willing to relocate to Franklin, TN as a family. We prefer individuals between 35 to 60 years old since the community is a mix of young adults and the older generation. Most importantly, regardless of the above preferences, if the Holy Spirit prompts you to respond, we would love to hear from you on or before September 22, 2024.

Please forward us your resume at lifestreamchurchtn@gmail.com which includes your testimonial, highlights of your current and previous ministries, and the reason why you believe God is leading you to LifeStream Church.

Franklin is 20 min away from Nashville, the capital city of Tennessee, popularly known as Music City. Nashville is the 10th fastest-growing metropolitan city in the US with a current population of more than 2 million. Franklin and its surrounding cities are heavily populated with Indians (8,000+ families) presenting a great opportunity for evangelistic work.

**Please use any of the following means to get more information about the church, ministry, and its culture.**

| | |
|---|---|
| Email: | lifestreamchurchtn@gmail.com |
| Website: | www.lifestreamchurchtn.com |
| Facebook: | @Lifestreamtn |
| YouTube: | @LifeStreamChurchTN |
| Instagram: | @lifestreamchurch_tn |

# എഡിജിപിക്കെതിരെ വിജിലൻസ് അന്വേഷണം


തിരുവനന്തപുരം: കേരളത്തിന്റെ ക്രമസമാധാന ചുമതലയുള്ള എഡിജിപി എം.ആർ. അജിത്കുമാറിനെതിരെ അനധികൃത സ്വത്ത് സമ്പാദനത്തിലും കൈക്കൂലി അടക്കമുള്ള അഴിമതി ആരോപണങ്ങളിലും വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചു.

എഡിജിപിക്കെതിരെ ഉയർന്ന ഗുരുതര ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് ആഭ്യന്തര-വിജിലൻസ് അഡിഷണൽ ചീഫ് സെക്രട്ടറി സെപ്റ്റംബർ 19-ന് രാത്രി പുറത്തിറക്കി.

അന്വേഷണസംഘത്തെ വിജിലൻസ് ഡയറക്ടർ യോഗേഷ് ഗുപ്ത പ്രഖ്യാപിച്ചു. തിരുവിതാംകൂർ രാജകുടുംബത്തിന്റെ കൈവശമുണ്ടായിരുന്ന തിരുവനന്തപുരം കവടിയാറിൽ കോടികൾ വിലമതിക്കുന്ന ഭൂമി എഡിജിപി വാങ്ങിയതും ഇതിൽ മൂന്നു നില അത്യാഡംബര കെട്ടിടം നിർമിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്വേഷണപരിധിയിലുണ്ടാകും. എഡിജിപിക്കെതിരെ ഉയർന്ന സാമ്പത്തിക ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം വേണമെന്ന സംസ്ഥാന പോലീസ് മേധാവി ഷെയ്ക് ദർബേഷ് സാഹിബിന്റെ ശിപാർശ മുഖ്യമന്ത്രി അംഗീകരിച്ച ശേഷം വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറി ഉത്തരവിറക്കുകയായിരുന്നു.

മലപ്പുറം മുൻ എസ്പി സുജിത് ദാസിനെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളും വിജിലൻസ് വിശദമായി അന്വേഷിക്കും. നിലവിൽ തിരുവനന്തപുരം സ്പെഷൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-ഒന്നിന്റെ നേതൃത്വത്തിൽ പ്രാഥമികാന്വേഷണം നടന്നുവരുന്നുണ്ട്.

തലസ്ഥാനത്തിന്റെ ഹൃദയഭാഗത്ത് എഡിജിപി അജിത്കുമാർ കൊട്ടാരസദൃശമായ മണിമാളിക പണിയുന്നതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് വിജിലൻസിന് എറണാകുളം സ്വദേശി നേരത്തേ പരാതി നൽകിയിരുന്നു.



എഡിജിപി എം.ആർ. അജിത്കുമാർ

വിജിലൻസ് ഡയറക്ടർക്ക് ഇ-മെയിലായി അയച്ച പരാതി അന്വേഷണാനുമതിക്കായി സർക്കാരിനു കൈമാറിയിരുന്നു. പരാതിയിൽ പ്രാഥമിക പരിശോധന നടത്തിയ വിജിലൻസ് ഇക്കാര്യത്തിൽ വിശദ അന്വേഷണം വേണമെന്നും സർക്കാരിനെ അറിയിച്ചിരുന്നു. ഭരണകക്ഷി എംഎൽഎയായ പി.വി. അൻവറും എം.ആർ അജിത്കുമാറിന്റെ സാമ്പത്തിക സ്രോതസ് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എഡിജിപിയുടെ ഭാര്യാസഹോദരൻമാർക്കെതിരെയും അൻവർ ആരോപണം ഉന്നയിച്ചിരുന്നു.

വെള്ളയമ്പലം-കവടിയാർ റോഡിൽനിന്ന് മാറി ഗോൾഫ് ക്ലബ്ബിനടുത്ത് കവടിയാർ പാലസ് അവന്യൂവിലെ വീടിന്റെ വിവരങ്ങൾ പി.വി. അൻവറാണ് വെളിപ്പെടുത്തിയത്.

വിജിലൻസ് മേധാവി യോഗേഷ് ഗുപ്തയ്ക്ക് ഡിജിപി റാങ്കുണ്ട്. അതിനാൽ എഡിജിപിക്കെതിരായ അന്വേഷണം വിജിലൻസ് മേധാവിയുടെ മേൽനോട്ടത്തിലാകും നടത്തുക. വിജിലൻസ് ഡയറക്ടർക്കു കീഴിൽ ഐജിമാരില്ലാത്തതു പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഡയറക്ടർക്കു താഴെ എസ്പിമാർ മാത്രമാണുള്ളത്.

## ഇഎസ്എ ഭൂപടം: 1300 ചതുരശ്ര കിലോമീറ്റർ ജനവാസമേഖല ഒഴിവാകും

തിരുവനന്തപുരം: പരിസ്ഥിതി ലോല മേഖല വിഷയത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കേരളം അന്തിമ റിപ്പോർട്ട് നൽകുമ്പോൾ നിലവിലെ ഇഎസ്എ ഭൂപടത്തിൽനിന്ന് കുറഞ്ഞത് 1300 ചതുരശ്ര കിലോമീറ്റർ ജനവാസമേഖലകൾ ഒഴിവാകും. ഇഎസ്എ വില്ലേജുകളുടെ എണ്ണം 98 ആയി കുറയും. അന്തിമ റിപ്പോർട്ട് ഈ മാസം അവസാനം കേന്ദ്രത്തിനു കൈമാറുമെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. സംസ്ഥാന പരിസ്ഥിതി വകുപ്പാണ് അന്തിമ റിപ്പോർട്ട് കൈമാറുക.

ഈ വർഷം ജൂലൈ 31-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിലെ പട്ടിക പ്രകാരം 131 വില്ലേജുകളിലായി 9993.7 ചതുരശ്ര കിലോമീറ്ററാണ് കേരളത്തിന്റെ ഇസ്എ. മുൻപ് ഇ.എസ്.എ വില്ലേജുകളുടെ എണ്ണം 123 ആയിരുന്നു. ചില വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചതിനാൽ ഇവ 131 ആയി.

ജനവാസ മേഖലകൾ പൂർണമായും ഒഴിവാക്കി. വനമേഖലയിൽ മാത്രം നിജപ്പെടുത്തി കേരളത്തിന്റെ ഇഎസ്എ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഈ വർഷം മേയിൽ കേന്ദ്ര സർക്കാരിന് കേരളം കരട് നിർദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായിട്ടാണ് അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നത്. കരടു റിപ്പോർട്ട് പ്രകാരം 98 വില്ലേജുകളിലായി 8711.98 ചതുരശ്ര കിലോമീറ്റർ ഇഎസ്എ കണക്കാക്കിയിട്ടുണ്ട്. ഇതിൽ, ആവശ്യമെങ്കിൽ തുടർഭേദഗതി വരുത്തിയാണ് അന്തിമറിപ്പോർട്ട് തയാറാക്കുന്നത്.

# മലപ്പുറത്ത് എംപോക്സ് സ്ഥിരീകരിച്ചു

മലപ്പുറം: മലപ്പുറത്ത് എംപോക്സ് സ്ഥിരീകരിച്ചു. മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ 38 വയസുകാരനാണു രോഗം സ്ഥിരീകരിച്ചത്.

കഴിഞ്ഞ 13-നു ദുബായിൽനിന്ന് എത്തിയ എടവണ്ണ ചാത്തല്ലൂർ സ്വദേശി ചിക്കൻപോക്സിനു സമാനമായ രോഗലക്ഷണങ്ങളോടെ കഴിഞ്ഞ 16-നു ത്വക്‌രോഗവിഭാഗം ഒപിയിൽ ചികിത്സ തേടിയിരുന്നു. എംപോക്സ് സംശയിച്ചതോടെ യുവാവിനെ നിരീക്ഷണത്തിലാക്കി.

കോഴിക്കോട് മെഡിക്കൽ കോളജ് വൈറോളജി ലാബിലേക്ക് അയച്ച സ്രവ സാമ്പിൾ ഫലം സെപ്റ്റംബർ 18-ന് വൈകിട്ടാണ് ലഭിച്ചത്. കേരളത്തിൽ ആദ്യമായാണ് എംപോക്സ് സ്ഥിരീകരിക്കുന്നത്.

ഇന്ത്യയിലെ ഈ സീസണിലെ രണ്ടാമത്തെ എംപോക്സ് കേസാണിത്. കഴിഞ്ഞ ഒൻപതിന് ആഫ്രിക്കയിൽനിന്നു ഡൽഹിയിലെത്തിയ യുവാവിനു രോഗം സ്ഥിരീകരിച്ചിരുന്നു. ദുബായിൽ കാർപെന്ററായി ജോലി ചെയ്തിരുന്ന യുവാവ് നാട്ടിലേക്കു തിരിക്കും മുമ്പ് പനിക്ക് ചികിത്സ തേടിയിരുന്നതായാണു സൂചന.

വീട്ടിലെത്തിയശേഷം സമ്പർക്കം ഒഴിവാക്കാൻ പ്രത്യേകമുറിയിൽ കഴിഞ്ഞു. പനിയും തലവേദനയും ശരീരവേദനയും കൂടിയതോടെ എടവണ്ണയിലെ സ്വകാര്യാശുപത്രിയിൽ ചികിത്സ തേടി. ചിക്കൻപോക്സിനു സമാനമായ ലക്ഷണങ്ങൾ പ്രകടമായതോടെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിലെത്തി.

ചികിത്സയിലുള്ള യുവാവിന്റെ ബന്ധുക്കളടക്കം നിലവിൽ സമ്പർക്ക പട്ടികയിലുള്ള ആർക്കും രോഗലക്ഷണമില്ലെന്നു ജില്ലാ മെഡിക്കൽ ഓഫീസർ ആർ. രേണുക അറിയിച്ചു.

രോഗം പകർന്നതു ദുബായിൽനിന്നാകാം എന്ന നിഗമനത്തിൽ ഇദ്ദേഹത്തിനൊപ്പം കരിപ്പൂരിലേക്കുള്ള വിമാനത്തിൽ സഞ്ചരിച്ചവരുടെ വിവരങ്ങൾ എയർപോർട്ട് അതോറിറ്റിയിൽനിന്ന് ആരോഗ്യവകുപ്പ് ശേഖരിച്ചിട്ടുണ്ട്.

മറ്റ് രാജ്യങ്ങളിൽനിന്ന് എത്തുന്നവർ ഉൾപ്പെടെ രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ ചികിത്സ തേടണമെന്നും ആരോഗ്യവകുപ്പിനെ വിവരം അറിയിക്കണമെന്നും മന്ത്രി വീണാ ജോർജ് അറിയിച്ചു. എല്ലാ മെഡിക്കൽ കോളജുകളിലും പ്രധാന ആശുപത്രികളിലും ചികിത്സയും ഐസൊലേഷൻ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

ജില്ല തോറും രണ്ട് നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആഫ്രിക്കൻ രാജ്യങ്ങളിൽ എംപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ മാർഗനിർദേശങ്ങളനുസരിച്ച് കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളിലും നിരീക്ഷണം ശക്തമാക്കിയിരുന്നു.

# രാഹുലിനെതിരെ ഭീഷണി: കോൺഗ്രസ് പ്രതിഷേധിക്കുന്നു

ന്യൂഡൽഹി: ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ഭീഷണിയും വിദ്വേഷ പരാമർശങ്ങളും നടത്തിയ ബിജെപി, എൻഡിഎ നേതാക്കൾക്കെതിരെ രാഷ്ട്രീയ, നിയമ പോരാട്ടം കോൺഗ്രസ് കടുപ്പിച്ചു. കേന്ദ്രമന്ത്രി രവ്നീത് സിങ് ബിട്ടു ഉൾപ്പെടെ നാലു പേർക്കെതിരെ കോൺഗ്രസ് തുഗ്ലഗ് റോഡ് പോലീസിൽ പരാതി നൽകി. എല്ലാ സംസ്ഥാനങ്ങളിലും പ്രതിഷേധം സംഘടിപ്പിക്കാൻ എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പിസിസികൾക്കു കത്തു നൽകി. ബിജെപി നേതാക്കളുടേതു നാക്കുപിഴയല്ലെന്നും ആസൂത്രിത നീക്കത്തിന്റെ ഭാഗമാണെന്നും വേണുഗോപാൽ ആരോപിച്ചു.

ജമ്മു കാശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ പശ്ചാത്തലത്തിൽ ബിജെപിയെ പ്രതിരോധത്തിലാക്കുന്നതാണു നേതാക്കളുടെ രാഹുൽ വിരുദ്ധ പരാമർശം.

മറ്റു സംസ്ഥാനങ്ങളിലും ബിജെപി നേതാക്കൾക്കെതിരെ പോലീസിൽ പരാതിയെത്തി. ബിട്ടുവിനെതിരെ ഡൽഹി ഹൈക്കോടതിയിൽ ഹിന്ദു സേന (എസ്) അധ്യക്ഷൻ സുർജീത് യാദവ് പൊതു താൽപര്യ ഹർജി നൽകി. പരാമർശത്തിനെതിരെ യൂത്ത് കോൺഗ്രസ് ദേശീയ കമ്മിറ്റി ഡൽഹിയിൽ പ്രതിഷേധം സംഘടിപ്പിച്ചു. ഡൽഹിയിലും വിജയവാഡയിലും ചണ്ഡിഗഢിലും കോൺഗ്രസ് പിസിസികൾ പ്രതിഷേധിച്ചു.

രാഹുലിന്റെ ജനപിന്തുണ വർധിക്കുന്നതിൽ അസൂയപൂണ്ടവർ ഭീഷണിപ്പെടുത്തുകയാണെന്നും അദ്ദേഹത്തിന്റെ സുരക്ഷ വർധിപ്പിക്കണമെന്നും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

ഇതിനിടെ, രാഹുൽ ഗാന്ധിയുടെ നാവു മുറിക്കുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ച ശിവസേന ഷിൻഡെ വിഭാഗം എംഎൽഎ സഞ്ജയ് ഗായ്ക്‌വാഡിനെതിരെ മുംബൈ പോലീസ് കേസെടുത്തു. രാഹുലിന്റെ നാവ് കരിച്ചുകളയണമെന്ന് ബിജെപി രാജ്യസഭാംഗം അതുൽ ബോണ്ടെ ആവശ്യപ്പെട്ടു.






# ലാഭവിഹിതത്തിൽ നിന്ന് 25 ലക്ഷം രൂപ തൊഴിലാളികൾക്ക് നല്കി മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ്

തൊടുപുഴ: മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ് എല്ലാക്കാലത്തും അത് സമൂഹത്തിനായാലും തങ്ങളുടെ തൊഴിലാളികൾക്കായാലും എല്ലാത്തരത്തിലുമുള്ള ആനുകൂല്യങ്ങളും സേവനങ്ങളും അതത് കാലങ്ങളിൽതന്നെ കൃത്യമായി നല്കിവരുന്ന ഒരു സ്ഥാപനമാണ്.

2024 ഓണത്തോടനുബന്ധിച്ചുള്ള ഓണം ബോണസ് നല്കിയതു കൂടാതെ ഓണസെയിലിന്റെ ഒരു ലാഭവിഹിതം തങ്ങളുടെ തൊഴിലാളികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിൽ നല്കി മഹാറാണി വെഡ്ഡിംഗ് കളക്ഷൻസ് മാതൃക കാണിച്ചിരിക്കുന്നു. ഏകദേശം 25 ലക്ഷത്തിനു മുകളിലുള്ള തുകയാണ് തൊഴിലാളികൾക്ക് പ്രോത്സാഹനം എന്ന നിലയ്ക്ക് വിതരണം ചെയ്തിരിക്കുന്നത്. തുടർന്നും തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും നിരവധി സേവനപ്രവർത്തനങ്ങൾ കമ്പനി നടപ്പിലാക്കുമെന്ന് അറ്റ്ലസ് - മഹാറാണി ഗ്രൂപ്പ് ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ വി.എ. റിയാസ് അറിയിച്ചു.




# 1.3 കോടിയുടെ മേരി ക്യൂറി ഫെലോഷിപ്പ് നമിത നായർക്ക്

അയ്മനം: ശാസ്ത്ര ഗവേഷണത്തിന് യൂറോപ്യൻ യൂണിയൻ നൽകുന്ന മേരി സ്കൊഡോവ്സ്ക ക്യൂറി ആക്ഷൻ ഫെലോഷിപ്പ് (ഏകദേശം 1.3 കോടി രൂപ) കോട്ടയം അയ്മനം സ്വദേശിനി നമിത നായർക്ക് ലഭിച്ചു.

ഊർജസംഭരണത്തിനായി ജലത്തിൽനിന്നു ഹൈഡ്രജൻ വിഘടിപ്പിക്കാൻ ഇലക്ട്രോ കാറ്റലിസ്റ്റ് ആയി ഉപയോഗിക്കുന്ന കാർബൺ നാനോ മെറ്റീരിയലുകളെക്കുറിച്ചുള്ള ഗവേഷണത്തിനാണ് ഫെലോഷിപ്പോടുകൂടി മൂന്നുവർഷത്തെ അവസരം ലഭിച്ചിരിക്കുന്നത്. ആദ്യവർഷം പോളണ്ടിലെ വാർസോ യൂണിവേഴ്സിറ്റിയിലും തുടർന്നുള്ള രണ്ടും മൂന്നും വർഷങ്ങളിൽ ജർമനിയിലെ ഡാംസ്റ്റാർട്ട് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലുമാണ് ഗവേഷണം.

ഒക്ടോബർ ആദ്യവാരം പോളണ്ടിന് പുറപ്പെടും. തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് എഡ്യുക്കേഷൻ ആൻഡ് റിസർച്ചിൽ നിന്നും ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടിയ നമിത കോട്ടയം ചിന്മയ വിദ്യാലയത്തിലെ പൂർവവിദ്യാർത്ഥിനിയാണ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഇൻസ്പെയർ ഫെലോഷിപ്പും ജർമൻ അക്കാഡമിക് എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഡാഡ്-വൈസ് സ്കോളർഷിപ്പും നമിത നേടിയിട്ടുണ്ട്.

മസ്കറ്റിൽ ഉദ്യോഗസ്ഥനായ അയ്മനം കല്ലുമട ഇലഞ്ഞിക്കൽ അനിൽകുമാറിന്റെയും കോട്ടയം ചിന്മയ വിദ്യാലയത്തിലെ അധ്യാപികയായ മായ അനിലിന്റെയും മകളാണ് നമിത. സഹോദരി നന്ദനാ നായർ.



# ശശി തരൂർ വിദേശകാര്യ സ്ഥിരം സമിതി അധ്യക്ഷൻ

ന്യൂഡൽഹി: വിദേശകാര്യ മന്ത്രാലയത്തിനായുള്ള പാർലമെന്ററി സ്ഥിരം സമിതിയുടെ അധ്യക്ഷ പദവി ശശി തരൂരിന് നൽകാൻ കോൺഗ്രസ് തീരുമാനിച്ചു. മധ്യപ്രദേശ് മുൻ മുഖ്യമന്ത്രി ദിഗ്‌വിജയ് സിങ് വിദ്യാഭ്യാസ മന്ത്രാലയത്തിനായുള്ള സമിതിയെ നയിക്കും. പഞ്ചാബ് മുൻ മുഖ്യമന്ത്രി ചരൺജിത് സിങ് ഛന്നിയെ കൃഷി മന്ത്രാലയത്തിനു വേണ്ടിയുള്ള സ്ഥിരം സമിതിയുടെയും സപ്തഗിരിശങ്കർ ഉലകയെ ഗ്രാമവികസന മന്ത്രാലയത്തിനായുള്ള സ്ഥിരം സമിതിയുടെയും അധ്യക്ഷരാക്കും.



ലോക്സഭയിലെ അംഗബലം വർധിപ്പിച്ച കോൺഗ്രസിന് നാല് സ്ഥിരം സമിതി അധ്യക്ഷ പദവി നൽകാൻ കേന്ദ്ര സർക്കാരുമായുള്ള ചർച്ചയിൽ തീരുമാനമായിരുന്നു. രാജ്യസഭയിൽ നിന്നാണ് വിദ്യാഭ്യാസ സ്ഥിരം സമിതിക്ക് അധ്യക്ഷനെ കണ്ടെത്തേണ്ടിയിരുന്നത്. അതൊഴികെ മൂന്ന് സമിതികളുടെയും അധ്യക്ഷ സ്ഥാനം ലോക്സഭയിൽ നിന്നാണ്.

ആഭ്യന്തര മന്ത്രാലയത്തിനുള്ള സമിതി കോൺഗ്രസ് ആവശ്യപ്പെട്ടെങ്കിലും സർക്കാർ താൽപര്യപ്പെട്ടില്ല. വനം, പരിസ്ഥിതി മന്ത്രാലയമോ മറ്റോ നൽകാമെന്നായിരുന്നു പ്രതികരണം. അതിനോടു യോജിക്കാതിരുന്ന കോൺഗ്രസ് വിദ്യാഭ്യാസ സമിതിക്കായി വാദിച്ചു.

കഴിഞ്ഞ തവണ വനം, പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലെ സ്ഥിരം സമിതി അധ്യക്ഷനായിരുന്ന ജയറാം രമേശിന് ഇക്കുറി പദവി ലഭിച്ചില്ല. സർക്കാരുമായി സമിതി പങ്കുവെക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് നേതൃത്വം നൽകിയിരുന്നത് ജയറാം രമേശായിരുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷനായി കെ.സി. വേണുഗോപാലിനെ നിയോഗിച്ചതിനാൽ ദക്ഷിണേന്ത്യയിൽ നിന്ന് മറ്റൊരാളെകൂടി പരിഗണിക്കാൻ നേതൃത്വം താൽപര്യപ്പെട്ടില്ലെന്നാണ് സൂചന.

# ബുൾഡോസർ പ്രയോഗത്തിന് തടയിട്ടു സുപ്രീംകോടതി

ന്യൂഡൽഹി: നീതി നടപ്പാക്കാനെന്ന പേരിലുള്ള ബുൾഡോസർ പ്രയോഗം സുപ്രീം കോടതി ഒക്ടോബർ ഒന്ന് വരെ ഇന്ത്യയിലെങ്ങും മരവിപ്പിച്ചു. പൊതുസ്ഥലങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കാൻ ഒഴികെ സംസ്ഥാന സർക്കാരുകൾ നടത്തുന്ന എല്ലാത്തരം ഇടിച്ചുനിരത്തലുകൾക്കും മുൻകൂർ അനുമതി വേണമെന്നാണ് ഇടക്കാല ഉത്തരവ്.

ക്രിമിനൽ കുറ്റം ചുമത്തി പിടികൂടുന്നവരുടെ കെട്ടിടങ്ങൾ ഇടിച്ചുനിരത്തുന്നതിലൂടെ ഏറെ വിമർശനം നേരിടുന്ന യുപി സർക്കാരിനു കനത്ത തിരിച്ചടിയാണ് ജഡ്ജിമാരായ ബി.ആർ. ഗവായ്, കെ.വി. വിശ്വനാഥൻ എന്നിവരുടെ ബെഞ്ചിന്റെ നടപടി. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള സമാന പരാതികൾ ഒരുമിച്ചാണ് കോടതി പരിഗണിക്കുന്നത്.

യുപി സർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത ശക്തമായ എതിർപ്പുന്നയിച്ചപ്പോൾ കോടതി പ്രതികരിച്ചതിങ്ങനെ: “ഇടിച്ചുനിരത്തൽ ഒരാഴ്ച നിർത്തിവെച്ചെന്നു കരുതി ആകാശം ഇടിഞ്ഞുവീഴില്ല.”

സർക്കാർ റോഡുകൾ, നടപ്പാതകൾ, റെയിൽവേ ഭൂമി, പൊതുജലസ്രോതസ്സുകൾ എന്നിവയിലെ കയ്യേറ്റമൊഴികെ എല്ലാ ഒഴിപ്പിക്കൽ നടപടികൾക്കും നിയന്ത്രണം ബാധകമാണ്.

ബുൾഡോസർ പ്രയോഗത്തിനെതിരെ ഇന്ത്യയാകെ ബാധകമാകുന്ന മാർഗരേഖ പുറത്തിറക്കുമെന്നു കോടതി നേരത്തേ വ്യക്തമാക്കിയിരുന്നു. ജംഇയ്യത്തുൽ ഉലമ ഹിന്ദ് സംഘടന ഉൾപ്പെടെയാണ് ഹർജി നൽകിയത്. കേസ് ഇനി പരിഗണിക്കുന്നത് ഒക്ടോബർ ഒന്നിനാണ്.

നടപടികളെ ദുർവ്യാഖ്യാനം ചെയ്യുന്നതായും പ്രത്യേക മതവിഭാഗത്തെ ഉന്നമിട്ടാണു നടപടിയെന്നു പ്രചാരണം നടത്തുന്നതായും സോളിസിറ്റർ ജനറൽ വാദിച്ചു.

നിയമവിരുദ്ധമായ ഒറ്റ കേസെങ്കിലും കോടതി മുൻപാകെ കൊണ്ടുവരാൻ നിർദേശിക്കണം. ബന്ധപ്പെട്ട കക്ഷികളല്ല ഹർജി നൽകിയത്. അധികൃതരുടെ കൈകൾ കെട്ടിയിടാൻ കഴിയില്ലെന്നും വാദിച്ചു.

എന്നാൽ, പുറത്തെ ബഹളം കോടതിയെ സ്വാധീനിക്കില്ലെന്നും സവിശേഷ അംഗീകാരം ഉപയോഗിച്ചാണു നടപടിയെന്നും ബെഞ്ച് വിശദീകരിച്ചു. അനധികൃത നിർമാണത്തിനെതിരായ സർക്കാർ നടപടികൾ തടയുന്നതല്ല ഉത്തരവെന്നും പറഞ്ഞു.

# ചന്ദ്രയാൻ 4: 2104 കോടി രൂപയുടെ ദൗത്യം

ന്യൂഡൽഹി: ഇന്ത്യയുടെ അടുത്ത ചാന്ദ്രദൗത്യമായ ‘ചന്ദ്രയാൻ 4’ കേന്ദ്ര മന്ത്രിസഭായോഗം അംഗീകരിച്ചു. 36 മാസത്തെ ദൗത്യത്തിന് 2104 കോടി രൂപയാണു ചെലവു കണക്കാക്കിയിരിക്കുന്നത്. ചന്ദ്രനിലിറങ്ങുക മാത്രമല്ല, സാംപിൾ ശേഖരിച്ച് ഭൂമിയിലേക്കു മടങ്ങുകകൂടി ദൗത്യത്തിന്റെ ഭാഗമാണ്. 2040–ൽ മനുഷ്യനെ ചന്ദ്രനിലിറക്കിയ ശേഷം സുരക്ഷിതമായി തിരികെയെത്തിക്കാനുള്ള സാങ്കേതികവിദ്യ കുറഞ്ഞ ചെലവിൽ ആർജിക്കുന്നതിന്റെ ഭാഗമാണ് ഈ ദൗത്യമെന്ന് ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് പറഞ്ഞു. ചന്ദ്രന്റെ ഭ്രമണപഥത്തിൽ ദൗത്യത്തെ എത്തിക്കാനുള്ള പ്രൊപ്പൽഷൻ മൊഡ്യൂളിനു പുറമേ ചാന്ദ്രപ്രതലത്തിൽ ഇറങ്ങി സാംപിൾ ശേഖരിക്കാനും തുടർന്ന് പറന്നുയരാനും ഭൂമിയുടെ ഭ്രമണപഥത്തിൽ പുനഃപ്രവേശിക്കാനും ഭൂമിയിൽ സുരക്ഷിതമായി തിരിച്ചിറങ്ങാനുമുള്ള മൊഡ്യൂളുകളും ചന്ദ്രയാൻ 4–ന്റെ ഭാഗമായിരിക്കും.

പുനരുപയോഗിക്കാവുന്ന പുതുതലമുറ റോക്കറ്റുകൾ വികസിപ്പിക്കാനും മന്ത്രിസഭായോഗം അംഗീകാരം നൽകി. 8,239 കോടി രൂപ ചെലവു വരും. ഇന്ത്യൻ ബഹിരാകാശ നിലയത്തിന്റെ മൊഡ്യൂളുകൾ ബഹിരാകാശത്ത് എത്തിക്കാനും മനുഷ്യനെ ചന്ദ്രനിലിറക്കാനുള്ള ദൗത്യത്തിലും ഇതുപയോഗിക്കും. ശുക്രനിലേക്കുള്ള ഓർബിറ്റർ ദൗത്യം 2028 മാർച്ചിൽ നടക്കും. 1,236 കോടി രൂപയുടെ പദ്ധതിയിൽ 824 കോടി രൂപ ബഹിരാകാശപേടകം നിർമിക്കാൻ നീക്കിവെക്കും. സൗരയൂഥത്തിലെ ഏറ്റവും ഉയർന്ന താപനിലയുള്ള ഗ്രഹമായ ശുക്രന്റെ ഉപരിതല പഠനം, ഗ്രഹാന്തരീക്ഷത്തിലെ സൾഫ്യൂറിക് ആസിഡ് മേഘങ്ങളെക്കുറിച്ചുള്ള ഗവേഷണം എന്നിവ ദൗത്യത്തിന്റെ പരിഗണനയിലുണ്ട്.

# കാശ്മീരിൽ മറ്റു പാർട്ടികളുടേത് പാക്ക് അജൻഡ: മോദി

ശ്രീനഗർ: ജമ്മു കാശ്മീരിലെ യുവാക്കൾ ജീവിതത്തിൽ പ്രതീക്ഷ തിരിച്ചുപിടിച്ചതിന്റെ തെളിവാണ് ആദ്യഘട്ട വോട്ടെടുപ്പിലെ വൻ ജനപങ്കാളിത്തമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തെരഞ്ഞെടുപ്പു പ്രചാരണ യോഗങ്ങളിൽ പറഞ്ഞു. ജമ്മു കാശ്മീരിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കുമെന്നും 370–ാം വകുപ്പ് ആരു വിചാരിച്ചാലും തിരികെ കൊണ്ടുവരാൻ കഴിയില്ലെന്നും മോദി പറഞ്ഞു. ജമ്മു കാശ്മീരിന്റെ ഭാവി നിർണയിക്കുന്ന തെരഞ്ഞെടുപ്പ് ആയതിനാൽ ബുദ്ധിപൂർവം വോട്ടവകാശം വിനിയോഗിക്കണമെന്ന് കട്രയിലും ശ്രീനഗറിലും ഉൾപ്പെടെ പ്രചാരണ യോഗങ്ങളിൽ മോദി പറഞ്ഞു.

കോൺഗ്രസും നാഷണൽ കോൺഫറൻസും പാക്കിസ്ഥാന്റെ അജൻഡയാണ് നടപ്പാക്കുന്നതെന്ന് പ്രധാനമന്ത്രി ആരോപിച്ചു. 370–ാം വകുപ്പ് തിരിച്ചുകൊണ്ടുവരുന്ന കാര്യത്തിൽ ഇരുപാർട്ടികളുമായി ധാരണയുണ്ടാക്കിയെന്ന് പാക്ക് പ്രതിരോധമന്ത്രി ഖ്വാജ ആസിഫ് പറഞ്ഞത് ഇതിന്റെ സൂചനയാണ്. അവർ പാക്കിസ്ഥാനിലേക്കു നദികൾ തുറന്നുവിട്ടപ്പോൾ, ഞങ്ങൾ അവയിൽ അണകെട്ടി സംസ്ഥാനത്തിനുവേണ്ടി ഉപയോഗിക്കുകയാണു ചെയ്തത്– പ്രധാനമന്ത്രി പറഞ്ഞു. കോൺഗ്രസും നാഷണൽ കോൺഫറൻസും പിഡിപിയും ഭരണം കുടുംബസ്വത്താക്കിയെന്നും മറ്റു നേതാക്കൾ വളർന്നുവരുന്നത് അവർ തടഞ്ഞെന്നും മോദി ആരോപിച്ചു. കർഷകർക്ക് 10,000 രൂപയുടെയും വീട്ടമ്മമാർക്ക് 18,000 വാർഷിക സഹായം, ഏഴ് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് തുടങ്ങി ബിജെപി പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ അദ്ദേഹം ആവർത്തിച്ചു.



ജമ്മു കാശ്മീരിലെ റിയാസിയിൽ റോഡ് ഷോ നടത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി.







BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago,
Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

### കൊൽക്കത്ത സംഭവം:

# വനിതകൾക്ക് തുല്യ അവസരം നൽകണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: വനിതാ ഡോക്ടർമാർക്കു രാത്രി ഡ്യൂട്ടി നൽകുന്നത് ഒഴിവാക്കണമെന്ന വിജ്ഞാപനം സുപ്രീം കോടതി നിർദേശിച്ചതിനു പിന്നാലെ ബംഗാൾ സർക്കാർ തിരുത്തി.

കൊൽക്കത്ത ആർ.ജി.കർ ആശുപത്രിയിൽ പിജി ഡോക്ടർ പീഡനത്തിന് ഇരയായി കൊല്ലപ്പെട്ട പശ്ചാത്തലത്തിൽ ബംഗാൾ സർക്കാർ കൈക്കൊണ്ട നടപടിക്കെതിരെ ഹർജിക്കാരും കോടതിയും അതിരൂക്ഷ പ്രതികരണം നടത്തി.

വനിതകൾക്കു തുല്യ അവസരമാണ് വേണ്ടതെന്നും രാത്രി ജോലിയിൽ അവർക്കു സുരക്ഷ ഒരുക്കുകയാണു സർക്കാരിന്റെ കടമയെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഓർമിപ്പിച്ചു.

സ്ത്രീകൾ രാത്രി ജോലി ചെയ്യരുതെന്ന് സർക്കാരിനു പറയാൻ കഴിയില്ല. പൈലറ്റും സൈന്യവുമെല്ലാം രാത്രിയിൽ ജോലി ചെയ്യുന്നു, വനിതാ ഡോക്ടർമാരുടെ കരിയറിനെ തന്നെ ഇല്ലാതാക്കുന്ന സമീപനമാണ് ബംഗാൾ സർക്കാരിന്റേത്. എല്ലാ ഡോക്ടർമാർക്കും ന്യായമായ ജോലി സമയം മാത്രമേ അനുവദിക്കാൻ പാടുള്ളൂവെന്നും കോടതി ഓർമിപ്പിച്ചു.

സംഭവം നടന്ന കൊൽക്കത്തയിലെ ആർ.ജി. കർ ആശുപത്രിയിൽ സമരം തുടരുന്ന ഡോക്ടർമാർ തിരികെ ജോലിയിൽ പ്രവേശിക്കണമെന്നു കോടതി ആവർത്തിച്ചു. അവർക്കെതിരെ നടപടിയെടുക്കില്ലെന്നു ബംഗാൾ സർക്കാർ അറിയിച്ചു. പിന്നാലെ, തിരികെ ജോലിയിൽ പ്രവേശിക്കാമെന്ന് ജൂനിയർ ഡോക്ടർമാർ കോടതിയിൽ ഉറപ്പു നൽകി.

കൊൽക്കത്ത സംഭവത്തിൽ അസ്വസ്ഥതപ്പെടുത്തുന്ന പല കണ്ടെത്തലുകളും ഉണ്ടെന്നു സുപ്രീം കോടതി പറഞ്ഞു. അന്വേഷണത്തെ ബാധിക്കുമെന്നു ചൂണ്ടിക്കാട്ടി അതിന്റെ വിശദാംശങ്ങൾ ചീഫ് ജസ്റ്റിസ് പരാമർശിച്ചില്ല.

കുറ്റകൃത്യം നടന്ന സ്ഥലത്തിന്റെ ചിത്രീകരണവും അവിടെനിന്നു കണ്ടെടുത്തവയുടെ പട്ടികയും തമ്മിൽ പൊരുത്തക്കേടുണ്ടെന്ന് അഭിഭാഷകരിൽ ഒരാൾ ചൂണ്ടിക്കാട്ടിയപ്പോഴാണ് കോടതിയുടെ പരാമർശം.



കൊൽക്കത്ത ആർ.ജി. കർ മെഡിക്കൽ കോളജിൽ പിജി ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ചു സമരം ചെയ്യുന്ന ജൂനിയർ ഡോക്ടർമാർ മുഖ്യമന്ത്രി മമത ബാനർജിയുമായി നടത്തിയ ചർച്ചയ്ക്കുശേഷം ആഹ്ലാദം പങ്കിടുന്നു.

# അന്നയുടെ ജീവനെടുത്തത് ജോലിഭാരം

ന്യൂഡൽഹി: പൂനെയിലെ ഏണസ്റ്റ് ആൻഡ് യംഗ് ഇന്ത്യ കമ്പനി (ഇവൈ ഇന്ത്യ)യിലെ അമിത ജോലിഭാരമാണ് തങ്ങളുടെ മകളുടെ ജീവനെടുത്തതെന്ന പരാതിയുമായി അന്തരിച്ച മലയാളി ജീവനക്കാരിയുടെ മാതാപിതാക്കൾ. കഴിഞ്ഞ ജൂലൈ 21-നാണ് എറണാകുളം കങ്ങരപ്പടി സ്വദേശിനിയും ചാർട്ടേഡ് അക്കൗണ്ടന്റുമായ അന്ന സെബാസ്റ്റ്യൻ (26) താമസസ്ഥലത്ത് കുഴഞ്ഞുവീണു മരിച്ചത്. കമ്പനിയുടെ ജീവനക്കാരോടുള്ള നയമാണ് മകളുടെ മരണത്തിനു കാരണമെന്നു കുറ്റപ്പെടുത്തി, സംഭവശേഷം നാലു മാസത്തോളമായി കമ്പനി തുടരുന്ന മനോഭാവവും ചൂണ്ടിക്കാട്ടി അന്നയുടെ അമ്മ അനിത അഗസ്റ്റിൻ കമ്പനി മേധാവി രാജീവ് മേമാനിക്ക് അയച്ച കത്ത് ഇപ്പോൾ വലിയ ചർച്ചയായിരിക്കുകയാണ്.

2023 നവംബറിലാണ് അന്ന ഡിസ്റ്റിംഗ്ഷനോടെ സിഎ പാസായത്. 2024 മാർച്ച് 19-ന് ഇവൈ ഇന്ത്യ കമ്പനിയിൽ ജോലിക്കു ചേർന്നു. സ്കൂളിലും കോളജിലും എല്ലാ പരീക്ഷകളിലും ഉന്നത വിജയം നേടിയ അന്ന ഇവൈയിലും കഠിനമായി ജോലി ചെയ്തു. അമിത ജോലിഭാരവും പുതിയ അന്തരീക്ഷവും മകളെ ശാരീരികമായും മാനസികമായും തളർത്തിയെന്നാണ് അമ്മയുടെ കത്തിലുള്ളത്.

ജൂലൈ ആറിന് പൂനയിൽ നടന്ന അന്നയുടെ സിഎ കോൺവൊക്കേഷനിൽ മാതാപിതാക്കൾ പങ്കെടുത്തിരുന്നു. അന്ന് നെഞ്ചുവേദന ഉണ്ടെന്നു പറഞ്ഞതിനെത്തുടർന്ന് ആശുപത്രിയിൽ പോയി ഇസിജിയെടുത്തു. കാർഡിയോളജിസ്റ്റിനെ കണ്ടപ്പോൾ ഹാർട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊന്നുമില്ലെന്ന് പറഞ്ഞു.

ഉറക്കമില്ലായ്മയും സമയം തെറ്റിയുള്ള ഭക്ഷണക്രമവുമാണ് നെഞ്ചുവേദനയ്ക്കു കാരണമെന്നാണ് ഡോക്ടർമാർ പറഞ്ഞത്. ജോലിത്തിരക്കു കാരണം മാതാപിതാക്കൾക്കൊപ്പം അധികനേരം ചെലവഴിക്കാൻ അന്നയ്ക്ക് അന്നു കഴിഞ്ഞില്ലെന്നും കത്തിൽ പറയുന്നു.



ഷെഡ്യൂൾ ചെയ്ത ജോലികൾക്കു പുറമെ മാനേജർമാർ അധിക ജോലി നൽകിയിരുന്നു. അതൊന്നും ഔദ്യോഗിക രേഖകളിൽ ഉണ്ടാകാറില്ല. മാനേജർക്കു ക്രിക്കറ്റ് കളി കാണാൻവേണ്ടി മീറ്റിംഗുകൾ മാറ്റിവെക്കുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. ഇതോടെ അന്നയുടെ ജോലികൾ നീളാൻ തുടങ്ങി.

പക്ഷേ, എത്രതന്നെ ജോലിയുണ്ടെങ്കിലും അതു തീർക്കാതെ അവൾക്കു സ്ഥാപനത്തിൽനിന്ന് ഇറങ്ങാൻ കഴിഞ്ഞിരുന്നില്ലെന്ന് അമ്മ പറയുന്നു.

കമ്പനി മനുഷ്യാവകാശത്തെക്കുറിച്ച് പറയുന്നത് ജീവനക്കാരോടു കാണിക്കുന്നില്ലെന്നും അതിനാൽ ഇത് നിങ്ങൾക്ക് കണ്ണു തുറക്കാനുള്ള സമയമായി കാണണമെന്നും അനിതയുടെ കത്തിലുണ്ട്. ജീവനക്കാരുടെ ആരോഗ്യവും മാനസികനിലയും തുലനം ചെയ്തു കൊണ്ടുപോകുന്ന തൊഴിൽ സംസ്കാരത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു തുടങ്ങണം. അന്നയുടെ മരണാനന്തര ചടങ്ങുകളിൽ കമ്പനിയിലെ ജീവനക്കാർ പങ്കെടുത്തില്ല എന്നതു വേദനിപ്പിക്കുന്നതാണ്. അന്ന നിങ്ങളുടെ കമ്പനിക്കു വേണ്ടിയാണ് അവസാന ശ്വാസം വരെ നൽകിയതെന്നും മകൾക്കു നീതി വേണമെന്നും കമ്പനിമേധാവിക്ക് അയച്ച കത്തിലുണ്ട്.

കമ്പനിയിൽ ചേർന്ന് നാലു മാസത്തിനുള്ളിൽ തന്റെ മകൾ അന്ന സെബാസ്റ്റ്യൻ അമിത ജോലിഭാരം കാരണം മരിച്ചുവെന്ന അമ്മയുടെ വെളിപ്പെടുത്തലിൽ അന്വേഷണം പ്രഖ്യാപിച്ചു കേന്ദ്രസർക്കാർ. അന്നയുടെ മരണത്തിലേക്കു നയിച്ച സാഹചര്യങ്ങളെ കുറിച്ച് അന്വേഷിക്കുമെന്ന് തൊഴിൽമന്ത്രാലയം അറിയിച്ചു.

# ഫാക്ട് ചെക്ക് യൂണിറ്റ് ഭരണഘടനാ വിരുദ്ധം: ബോംബെ ഹൈക്കോടതി

മുംബൈ: സർക്കാരിനെതിരെ സാമൂഹികമാധ്യമങ്ങളിൽ വരുന്ന വ്യാജവാർത്തകൾ കണ്ടെത്താൻ വിവര സാങ്കേതിക നിയമത്തിൽ വരുത്തിയ ഭേദഗതി (ഫാക്ട് ചെക്ക് യൂണിറ്റ്) ഭരണഘടനാവിരുദ്ധമാണെന്ന് ബോംബെ ഹൈക്കോടതി. ഐ.ടി. ചട്ടങ്ങളിൽ കൊണ്ടുവന്ന ഭേദഗതി റദ്ദാക്കുകയും ചെയ്തു. ഭേദഗതി ചോദ്യം ചെയ്ത് നൽകിയ ഹർജിയിൽ, ജഡ്ജിമാരായ ജി.എസ്. പട്ടേൽ, നീല ഗോഖലെ എന്നിവർ ജനുവരിയിൽ ഭിന്നവിധിയാണ് പുറപ്പെടുവിച്ചിരുന്നത്. ഇതേത്തുടർന്ന് ജസ്റ്റിസ് അതുൽ എസ്. ചന്ദുർക്കറിനെ കേസിലെ ‘ടൈ ബ്രേക്കർ ജഡ്ജി’യായി നിയമിക്കുകയായിരുന്നു.

ഐ.ടി. ചട്ടങ്ങളിൽ 2023-ൽ കൊണ്ടുവന്ന ഭേദഗതി ഭരണഘടനയുടെ 14, 19 അനുച്ഛേദങ്ങളിലായി പറയുന്ന സമത്വത്തിനുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യം, സ്വതന്ത്രവും തൊഴിലിന്റെ അവകാശവും എന്നിവയുടെ ലംഘനമാണെന്ന് ജസ്റ്റിസ് അതുൽ എസ്. ചന്ദുർക്കർ വിധിയിൽ ചൂണ്ടിക്കാട്ടി. കേന്ദ്രവുമായി ബന്ധപ്പെട്ട വാർത്തകളോ ഉള്ളടക്കമോ സർക്കാരിന്റെ കീഴിലുള്ള പ്രസ് ഇൻഫർമേഷൻ ബ്യൂറോ വ്യാജമെന്നു മുദ്രകുത്തിയാൽ ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകൾ അവ നീക്കംചെയ്യേണ്ടിവരുന്ന തരത്തിലായിരുന്നു ഫാക്ട് ചെക്ക് യൂണിറ്റിന്റെ (എഫ്സിയു) പ്രവർത്തനം. ഫാക്ട് ചെക്ക് യൂണിറ്റ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ പുറത്തിറക്കിയ വിജ്ഞാപനം നേരത്തേ സുപ്രീം കോടതി സ്റ്റേ ചെയ്തിരുന്നു. ഐടി നിയമങ്ങൾ പ്രകാരം വ്യാജവും തെറ്റായതും സർക്കാരിന്റെ പ്രവർത്തനത്തെക്കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്ന വസ്തുതകൾ അടങ്ങിയതുമായ ഏതെങ്കിലും പോസ്റ്റുകൾ എഫ്സിയു കണ്ടെത്തിയാൽ, അത് സാമൂഹികമാധ്യമങ്ങൾക്ക് ഫ്ളാഗ് ചെയ്യും. അത്തരമൊരു പോസ്റ്റ് ഫ്ളാഗ് ചെയ്താൽ, പോസ്റ്റിട്ടയാൾ അതു നീക്കം ചെയ്യുകയോ നിരാകരിക്കുകയോ ചെയ്യാനാണ് വ്യവസ്ഥയുണ്ടായിരുന്നത്. രണ്ടാമത്തെ വഴി സ്വീകരിച്ചാൽ അയാൾ നിയമനടപടികൾക്ക് വിധേയനാകേണ്ടി വരുമായിരുന്നു. എഫ്സിയു രൂപവത്കരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടെ പുതിയ നിയമങ്ങളെ ചോദ്യംചെയ്ത് സ്റ്റാൻഡ്അപ്പ് കൊമേഡിയൻ കുനാൽ കമ്രയും മറ്റുള്ളവരും സമർപ്പിച്ച ഹർജികളിലാണ് ഹൈക്കോടതി വിധി.



# ചിക്കാഗോയിൽ സീതാറാം യെച്ചൂരി അനുസ്മരണവും സെമിനാറും നടത്തി

ചിക്കാഗോയിലെ പുരോഗമന രാഷ്ട്രീയ സാംസ്കാരിക സംഘടന, കേരള കൾച്ചറൽ സെന്റർ, സഖാവ് സീതാറാം യെച്ചൂരി അനുസ്മരണവും, നവകേരള സൃഷ്ടിയിൽ പ്രവാസികളുടെ പങ്ക് എന്ന വിഷയത്തിൽ സെമിനാറും



നടത്തി. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്മശക്തികളായ മതേതരത്വവും ബഹുസ്വരതയും കാത്തുസൂക്ഷിക്കുവാൻ തന്റെ വിദ്യാർഥികാലം തൊട്ട് ജീവിതാവസാനം വരെ പോരാടിയ ഇന്ത്യയുടെ വിപ്ലവ നായകൻ അന്തരിച്ച സീതാറാം യെച്ചൂരിയുടെ ജീവിത പോരാട്ട സമരങ്ങൾ ചിക്കാഗോയിൽ കേരള കൾച്ചറൽ സെന്റർ ഓഫ് ചിക്കാഗോ അനുസ്മരിച്ചു.

സെപ്റ്റംബർ 17-ാം തീയതി വൈകിട്ട് എട്ടുമണിക്ക് ക്നാനായ പാരിഷ് ഹാളിൽവെച്ചു കൂടിയ അനുസ്മരണ സമ്മേളനം കേരള കൾച്ചറൽ സെന്റർ പ്രസിഡന്റ് ബിജോയ് കാപ്പൻ അധ്യക്ഷത വഹിച്ചു.

**റോയി മുളകുന്നം**

റോയി മുളകുന്നം മുഖ്യാതിഥിയെ സമ്മേളനത്തിന് പരിചയപ്പെടുത്തി. സിപിഐയുടെ സംസ്ഥാന സെക്രട്ടറിയും, ചിന്തകനും വാഗ്മിയും ആയ ബിനോയ് വിശ്വം, നമ്മെ വിട്ടുപിരിഞ്ഞ സീതാറാം യെച്ചൂരിയും ആയി ചേർന്നുള്ള പ്രവർത്തന അനുഭവങ്ങൾ സമ്മേളനത്തിൽ പങ്കുവെച്ചു. ഇന്ത്യയുടെ മതേതരത്വവും, ജനാധിപത്യവും മനുഷ്യത്വവും മാനവികതയും അട്ടിമറിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഒക്കെ സീതാറാം ഒരു പോരാട്ടമായി മുന്നിൽ നിന്നിട്ടുണ്ട്, അത്തരത്തിൽ കാലഘട്ടത്തിന് ആവശ്യമായ മതേതരത്വ മൂല്യങ്ങളെ ചേർത്തുപിടിച്ചുകൊണ്ട് മറ്റ് മതേതര പാർട്ടികളുമായി കൈകൊടുത്ത് മുന്നോട്ടു പോകുവാൻ സീതാറാം യെച്ചൂരി നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമായിരുന്നു, അത്തരം ചിന്തകൾ നമ്മൾ ഉള്ളിലേക്ക് ആവാഹിച്ചു കൊണ്ട് അതുൾക്കൊണ്ടുകൊണ്ട് നമ്മൾ ആയിരിക്കുന്ന ഇടങ്ങളിൽ പ്രവർത്തിക്കുവാൻ ബിനോയി വിശ്വം അനുസ്മരണ പ്രസംഗത്തിൽ ആഹ്വാനം ചെയ്തു. തന്റെ ഏറ്റവും പ്രിയപ്പെട്ട ഒരു സഖാവിനെയാണ് തനിക്ക് നഷ്ടമായതെന്നും ബിനോയ് വിശ്വം പറഞ്ഞു.

ചിക്കാഗോയിലെ വിവിധ രാഷ്ട്രീയ കൂട്ടായ്മകളെ പ്രതിനിധീകരിച്ചുകൊണ്ട്, പീറ്റർ കുളങ്ങര, രതീദേവി, സാം ജോർജ്, ജയ്ബു കുളങ്ങര, സതീശൻ നായർ, സണ്ണി വള്ളിക്കളം എന്നിവർ അനുസ്മരണ പ്രസംഗങ്ങൾ നടത്തി. ബിൻസി തോമസ് സ്വാഗതവും, ലെജി പട്ടരുമഠത്തിൽ നന്ദിയും പ്രകാശിപ്പിച്ച സമ്മേളനത്തിൽ എംസിയായി ഐപ്പ് വർഗീസ് യോഗം നിയന്ത്രിച്ചു.

കേരള കൾച്ചറൽ സെന്റർ സെക്രട്ടറി ജോൺ പാട്ടപ്പതി, സിബി കദളിമറ്റം എന്നിവർ അനുസ്മരണ സമ്മേളനത്തിന് നേതൃത്വം നൽകി.

അനുസ്മരണ സമ്മേളനത്തിനോട് ചേർന്ന് 'നവകേരള സൃഷ്ടിയിൽ പ്രവാസികളുടെ പങ്ക്' എന്ന വിഷയത്തെ ആസ്പദമാക്കി നടത്തപ്പെട്ട സെമിനാറിൽ ബിനോയി വിശ്വം മുഖ്യപ്രഭാഷണം നടത്തി. എബി സുരേഷ് മോഡറേറ്ററായി നടത്തിയ പൊതു ചർച്ചയിൽ കേരളത്തിന്റെ വികസനത്തെ പറ്റിയുള്ള ആശങ്കകളും നേട്ടങ്ങളും പങ്കെടുത്തവർ പങ്കുവെച്ചു. വ്യവസായ മേഖലയിൽ ഉൾപ്പെടെ കേരളം മുന്നോട്ടു കുതിക്കുകയാണെന്നും, അതിദരിദ്രരെ കണ്ടെത്തി അത് നിർമാർജനം ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും, അങ്ങനെ സമസ്ത മേഖലകളിലും ബഹുജനങ്ങളെ ചേർത്തുപിടിച്ചു കൊണ്ട് ഇടതുപക്ഷ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു എന്നും മറുപടി പ്രസംഗത്തിൽ ബിനോയി വിശ്വം ഓർമ്മിപ്പിച്ചു.

എല്ലാ പ്രവാസികളുടെയും, കുടുംബത്തിന്റെയും ആത്മാർത്ഥമായ സഹകരണം കേരളത്തിന്റെ സമസ്ത മേഖലയുടെയും വികസനത്തിന് അദ്ദേഹം അഭ്യർത്ഥിച്ചു.



# ഭക്ഷ്യവസ്തുക്കളിൽ മായമില്ലെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സർക്കാരുകൾക്ക്

കൊച്ചി: വിപണിയിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളിൽ മായം ചേർന്നിട്ടില്ലെന്ന് ഉറപ്പാക്കാനുള്ള ബാധ്യത കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കുണ്ടെന്നു ഹൈക്കോടതി. മായം കലരാത്ത ഭക്ഷണം ലഭിക്കുക എന്നതു പൗരന്റെ മൗലികാവകാശമാണ്. ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തി വിൽക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉറപ്പാക്കാൻ തക്കവിധം ഭക്ഷ്യ സുരക്ഷാ നിലവാരച്ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്നു ജസ്റ്റിസ് പി.വി. കുഞ്ഞിക്കൃഷ്ണൻ നിർദേശിച്ചു.

2015-ൽ കണ്ണൂർ ധർമടം ഫുഡ് സേഫ്റ്റി ഓഫീസർ സമാഹരിച്ച 'ഗ്രീൻ ഐസ് ടീ' സാംപിൾ ഭക്ഷ്യയോഗ്യമല്ലെന്ന് ആരോപിച്ചുള്ള കേസ് നടപടി ചോദ്യം ചെയ്ത് പെപ്സികോ ഇന്ത്യ ഹോൾഡിങ്സ് നൽകിയ ഹർജിയിലാണു കോടതി വിധി. വ്യത്യസ്ത ലാബ് റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ പ്രോസിക്യൂഷൻ നിലനിൽക്കില്ലെന്നു വ്യക്തമാക്കിയ കോടതി, കേസ് റദ്ദാക്കി. വിവിധ പരിശോധനകളിൽ മായം കണ്ടെത്തിയാൽ പോലും കണ്ടെത്തൽ സമാനമല്ലെങ്കിൽ ഭക്ഷ്യസുരക്ഷാ നിലവാര നിയമ, ചട്ടങ്ങളിലെ പഴുതു മൂലം നടപടി സാധിക്കാത്ത സ്ഥിതിയുണ്ടെന്നു കോടതി പറഞ്ഞു.

ഫുഡ് അനലിസ്റ്റിന്റെ കണ്ടെത്തൽ ചോദ്യം ചെയ്യുന്ന അപ്പീലിൽ റഫറൽ ലബോറട്ടറി പരിശോധന നടത്തി റിപ്പോർട്ട് അതേപടി ശരിവെച്ചാൽ മാത്രമേ നടപടി സാധിക്കൂ. ഈ അപാകത പരിഹരിക്കാൻ നിയമഭേദഗതിക്കു നിർദേശിച്ച കോടതി, വിധിന്യായത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിന് അയച്ചു നൽകാനും നിർദേശിച്ചു.

# ചരിത്രകാരൻ വേലായുധൻ പണിക്കശേരി അന്തരിച്ചു

തൃശൂർ: പ്രമുഖ ചരിത്രകാരനും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമായ വേലായുധൻ പണിക്കശേരി (90) അന്തരിച്ചു. ഏങ്ങണ്ടിയൂർ പണിക്കശേരി മാമുവിന്റെയും പനയ്ക്കൽ കാളിക്കുട്ടിയുടെയും മകനാണ്. ഭാര്യ: വി.കെ. ലീല (റിട്ട. അധ്യാപിക). മക്കൾ: ചിന്ത, ഡോ. ഷാജി, വീണ. മരുമക്കൾ: രാധാറാം, മുരളി, ബിനുരാജ്. ചരിത്രഗവേഷണം, ജീവചരിത്രം, ബാലസാഹിത്യം, ഫോക്‌ലോർ തുടങ്ങിയ വിഭാഗങ്ങളിലായി നിരവധി ഗ്രന്ഥങ്ങൾ വേലായുധൻ പണിക്കശേരി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1956-ൽ മലബാർ ലോക്കൽ ലൈബ്രറി അതോറിറ്റിയുടെ ഏങ്ങണ്ടിയൂർ ബ്രാഞ്ച് ലൈബ്രറിയിൽ ലൈബ്രേറിയനായി ജോലിയിൽ പ്രവേശിച്ച വേലായുധൻ പണിക്കശേരി 1991-ൽ അവിടെനിന്നുതന്നെ റിട്ടയർ ചെയ്തു. പണിക്കശേരിയുടെ പല ചരിത്രഗ്രന്ഥങ്ങളും കേരളത്തിലെ വിവിധ സർവകലാശാലകളിൽ പാഠപുസ്തകങ്ങളായി അംഗീകരിച്ചിട്ടുണ്ട്.

ചില കൃതികൾ തമിഴിലേക്കും ഹിന്ദിയിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്. പോർച്ചുഗീസ്-ഡച്ച് ആധിപത്യം കേരളത്തിൽ, സഞ്ചാരികൾ കണ്ട കേരളം, ചരിത്രത്തിന്റെ പ്രഭാതകിരണങ്ങൾ, കേരള ചരിത്ര പഠനങ്ങൾ, അൽ ഇദ്രീസിയുടെ ഇന്ത്യ, മാർക്കോപോളോ ഇന്ത്യയിൽ, ഇബ്നുബത്തൂത്ത കണ്ട ഇന്ത്യ, കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ, കേരളം പെരുമാക്കന്മാരുടെ കാലത്ത്, കേരളോല്പത്തി, കേരളചരിത്രം, സഞ്ചാരികളും ചരിത്രകാരന്മാരും (മൂന്നു ഭാഗങ്ങൾ), അന്വേഷണം ആസ്വാദനം, വിക്രമോർവശീയം (വ്യാഖ്യാനം), കാരൂർ മുതൽ കോവിലൻവരെ, ഡോക്ടർ പല്പു, അയ്യങ്കാളി മുതൽ വി.ടി. വരെ, വൈദ്യരുടെ കഥ, ആയിരം കടങ്കഥകൾ, പതിനായിരം പഴഞ്ചൊല്ലുകൾ, കുട്ടികളുടെ പര്യായനിഘണ്ടു, കുട്ടികളുടെ ശൈലീനിഘണ്ടു എന്നിവയാണ് പ്രധാന കൃതികൾ.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ടോറോണ്ടോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പ്രധാന തിരുനാൾ നടത്തപ്പെട്ടു

**നിതിൻ നെല്ലികാട്ടിൽ**

ടോറോണ്ടോ: കാനഡയിലെ ആദ്യത്തെ ക്നാനായ കത്തോലിക്കാ ഇടവകയായ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ പ്രധാന തിരുനാൾ സെപ്റ്റംബർ 7, 8 തീയതികളിൽ ഭക്തിപൂർവം നടത്തപ്പെടുകയുണ്ടായി.

മിസ്സിസ്സാഗായിലുള്ള സെ. ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ വെച്ച് നടത്തപ്പെട്ട തിരുക്കർമ്മങ്ങളിൽ ഇടവക അംഗങ്ങളുടെയും ഭക്തജനങ്ങളുടെയും സാന്നിദ്ധ്യംകൊണ്ട് ഏറെ ശ്രദ്ധേയമായി. 2024 സെപ്റ്റംബർ 7-ന് വൈകുന്നേരം 6.45-ന് ഇടവക വികാരി റവ.ഫാ. പത്രോസ് ചമ്പക്കര കൊടി ഉയർത്തിയതോടെ തിരുക്കർമ്മങ്ങൾക്ക് ആരംഭം കുറിച്ചു. തുടർന്ന് ലണ്ടൻ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ പള്ളി വികാരി റവ.ഫാ. സജി ചാഴിശ്ശേരിയുടെ കാർമ്മികത്വത്തിൽ പാട്ടുകുർബാനയും തുടർന്ന് ജപമാല പ്രദക്ഷിണവും നടത്തപ്പെടുകയുണ്ടായി. തുടർന്ന് ലഘുഭക്ഷണവും നടത്തി.

പ്രധാന തിരുനാൾ ദിവസമായ സെപ്. 8-ന് പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാൾ ദിനത്തിലെ തിരുക്കർമ്മങ്ങൾ രാവിലെ 10.15-ന് ലദീഞ്ഞോടുകൂടി ആരംഭിച്ചു. തുടർന്ന് ആഘോഷമായ തിരുനാൾ പാട്ടുകുർബാന എഡ്മണ്ട്ടൻ രൂപതയിൽ സെ. ആന്റണീസ് പള്ളിയുടെ വികാരിയായി സേവനമനുഷ്ഠിക്കുന്ന അലക്സ് ഓലിക്കര അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. അച്ചൻ തിരുനാൾ സന്ദേശം നല്കുകയും ചെയ്തു. തുടർന്ന് ചെണ്ടമേളത്തിന്റെയും മുത്തുക്കുടകളുടെയും അകമ്പടിയോടെ വിശുദ്ധരുടെ സ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള തിരുനാൾ പ്രദക്ഷിണം നടത്തി. നാട്ടിലെ തിരുനാളിൽ പങ്കെടുക്കുന്ന ഓർമ്മ പുതുക്കി കാനഡയിലെ ക്നാനായ പ്രവാസി കത്തോലിക്കാ വിശ്വാസികൾ മറ്റു ഭക്തജനങ്ങളോടൊപ്പം തിരുനാളിൽ പങ്കെടുത്തത് അനുഗ്രഹമായി. തുടർന്ന് തിരുനാളിൽ പങ്കെടുത്ത എല്ലാവർക്കും സ്നേഹവിരുന്നും നല്കപ്പെട്ടു. തുടർന്ന് ഏലക്കാമാല ലേലവും ഉണ്ടായിരുന്നു. ഈ വർഷത്തെ തിരുനാൾ പ്രസുദേന്തി ജോയി ആൻഡ് എൽസമ്മ പുളിക്കൽ കുടുംബം ആയിരുന്നു. കൈക്കാരന്മാരായ ബിജു തടത്തിൽ, സിജു മുടക്കിച്ചാലിൽ, അക്കൗണ്ടന്റ് ജോബി തളിച്ചിറയിൽ, സെക്രട്ടറി നിതിൻ നെല്ലികാട്ടിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ വിവിധ കമ്മിറ്റി അംഗങ്ങൾ എന്നിവർ തിരുനാൾ ക്രമീകരണങ്ങൾ ഭംഗിയാക്കാൻ നേതൃത്വം കൊടുത്തു.

ഭക്തിസാന്ദ്രമായ തിരുക്കർമ്മങ്ങളിൽ പങ്കെടുത്ത ഏവർക്കും പ്രസുദേന്തിക്കും വികാരി നന്ദി അറിയിച്ചു.







# ഫൊക്കാനയുടെ ന്യൂസ് ടീം രൂപീകരിച്ചു

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ 2024-2026-ലെ ന്യൂസ് ടീം അംഗങ്ങളായി അനിൽകുമാർ ആറന്മുള, പി.ഡി. ജോർജ് നടവയൽ, സന്തോഷ് ഏബ്രഹാം, സരൂപ അനിൽ എന്നിവരെ നിയമിച്ചതായി പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.

ഈ രണ്ട് വർഷക്കാലം ഫൊക്കാനയുടെ പ്രവർത്തനങ്ങൾ എങ്ങനെ ജനങ്ങളിൽ എത്തിക്കാം എന്ന ലക്ഷ്യബോധത്തോടെയും കാഴ്ചപ്പാടോടും കൂടിയാണ് ഈ ടീം രംഗത്തേക്ക് വരുന്നത്. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുക എന്ന കർത്തവ്യമാണ് ന്യൂസ് ടീമിന്റേത്. അത് കണ്ടറിഞ്ഞു മാധ്യമരംഗത്ത് പരിചയവും കഴിവുമുള്ളവരാണ് ഈ ടീമിന്റെ ഭാഗമായി മുന്നോട്ടുവരുന്നത്.



ഫൊക്കാനയ്ക്ക് സമൂഹത്തിൽ വളരെയധികം സ്വാധീനം ചെലുത്തുവാൻ കഴിയുന്ന 22-ഓളം പദ്ധതികളും അതിന്റെ ഉപപദ്ധതികളും മറ്റ് പ്രോജക്ടുകളുമായി ഈ രണ്ട് വർഷക്കാലം ഫൊക്കാനയുടെ മുഖമുദ്ര തന്നെ മാറ്റുന്ന പ്രവർത്തനങ്ങളാണ് ഫൊക്കാന കമ്മിറ്റി പ്ലാൻചെയ്തു മുന്നോട്ടു പോകുന്നത്. അതുകൊണ്ടുതന്നെ ഫൊക്കാന ന്യൂസ്ടീമിന് വളരെയധികം പ്രാധാന്യമാണുള്ളത്. കാലാകാലങ്ങളിൽ സമൂഹത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് ഫൊക്കാനയുടെ പ്രവർത്തനവും വിപുലീകരിക്കേണ്ടുന്നത് അനിവാര്യമാണ്. അത് കണ്ടറിഞ്ഞുള്ള ഒരു പ്രവർത്തനമാണ് ഫൊക്കാനയുടെ ഈ കമ്മിറ്റി മുന്നോട്ടുവെക്കുന്നത്.

അനിൽ ആറന്മുള പ്രമുഖ അമേരിക്കൻ മലയാളി മാധ്യമപ്രവർത്തകനും എഴുത്തുകാരനും ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് പ്രസിഡണ്ടുമാണ്. വളരെയധികം സാഹിത്യ സൃഷ്ടികളുടെ രചയിതാവ് കൂടിയായ അദ്ദേഹം അമേരിക്കൻ മലയാളികൾക്കിടയിൽ സർവ്വസമ്മതനും ഏറെ ജനപ്രീതിയുള്ള സാംസ്കാരിക പ്രവർത്തകനുമാണ്. മികച്ച സംഘാടകനും മലയാളികൾക്കിടയിലെ അറിയപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയുമായ അനിൽ ആറന്മുള മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (മാഗ്) പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുള്ള അനിൽ കുടുംബസമേതം ഹൂസ്റ്റണിലാണ് താമസം.

2004-ലെ ഫൊക്കാന മീഡിയ എക്സലൻസ് അവാർഡ് ജേതാവാണ് ജോർജ് നടവയൽ. 2008-ൽ ഫൊക്കാന സ്പോക്സ് പേഴ്സൺ ആയിരുന്നു. മുട്ടത്തു വർക്കി സെന്റിനറി കമ്മിറ്റിയുടെ 2014-ലെ ഗ്ലോബൽ ലിറ്ററി അവാർഡ്, ഫോമായുടെ 2012-ലെ ലിറ്ററി അവാർഡ് ഉൾപ്പെടെ വിവിധ പുരസ്കാരങ്ങൾ അലങ്കരിക്കുന്നു. പമ്പാ മലയാളി അസോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി, മാപ് മലയാളി അസോസിയേഷന്റെ മുൻ ജോ. സെക്രട്ടറി, ഇന്ത്യാ പ്രസ്ക്ലബ് ഫിലാഡൽഫിയ ചാപ്റ്ററിന്റെ മുൻ പ്രസിഡണ്ട്, ലാന ലിറ്ററി അസോസിയേഷന്റെ മുൻ വൈസ് പ്രസിഡണ്ട്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, പിയാനോ നേഴ്സസ് അസോസിയേഷന്റെ മുൻ പ്രസിഡണ്ട്, ഓർമാ ഇന്റർനാഷണൽ പ്രസിഡണ്ട്, മുൻ കേരളാ പി.എസ്സി സെക്ഷൻ ഓഫീസർ, ഇന്ത്യൻ എംബസ്സി സ്കൂൾ മുൻ അദ്ധ്യാപകൻ, മുൻ ഗ്രാമീൺ ബാങ്ക് ഉദ്യോഗസ്ഥൻ, ഇന്ത്യൻ എയർഫോഴ്സിൽ മുൻ എജ്യൂക്കേഷണൽ ഇൻസ്ട്രക്ടർ (യുടി), മുൻ വയനാട് ലൈബ്രറി ആൻഡ് ലിറ്ററി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഡയറക്ടർ, മുൻ വയനാട് എജ്യൂക്കേഷണൽ സൊസൈറ്റി ഡയറക്ടർ എന്നിങ്ങനെ വിവിധ സാമൂഹിക സേവനമുദ്രകൾക്കുടമയാണ്. പെൻസിൽവേനിയാ കോമൺവെൽത്തിൽ ഉദ്യോഗം.

പ്രമുഖ എഴുത്തുകാരനായ സന്തോഷ് ഏബ്രഹാം അറിയപ്പെടുന്ന മാധ്യമപ്രവർത്തകൻ കൂടിയാണ്. വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ പ്രോവിൻസിന്റെ പ്രധാന പ്രവർത്തകൻ ആയിരുന്ന അദ്ദേഹം വേൾഡ് മലയാളി കൗൺസിലിന്റെ പിആർഒ ആയും പ്രവർത്തിച്ചിരുന്നു. ഫിലാഡൽഫിയായിലെ പ്രമുഖ മലയാളി സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായുടെ (മാപ്പ്)ന്റെ പ്രധാന പ്രവർത്തകൻ കൂടിയായ അദ്ദേഹം ഓവർസീസ് കോൺഗ്രസിന്റെ ഭാരവാഹിയുമാണ്. സാമൂഹിക സംഘടനകളിൽ എന്നതുപോലെ മതസംഘടനകളിലും ഉജ്വലപ്രവർത്തനം കാഴ്ചവെക്കുന്ന വ്യക്തി കൂടിയാണ്. കുടുംബസമേതം ഫിലാഡൽഫിയയിലാണ് താമസം.

സരൂപ അനിൽ അറിയപ്പെടുന്ന നർത്തകി, എഴുത്തുകാരി, അവതാരക, സംഘടനാപ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, കംപ്യൂട്ടർ പ്രഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയാണ്. വാഷിങ്ടൺ ഡിസിക്കാരുടെ അഭിമാനമായ സരൂപ അനിൽ നോർത്ത് അമേരിക്കയിലെ വിവിധ സാമൂഹിക സന്നദ്ധ സംഘടനകളിൽ സജീവസാന്നിദ്ധ്യമാണ്. മന്ത്രയുടെ ഭാഗമായ സുവനീറിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിലും (ശേഷം 30-ാം പേജിൽ)

# ക്നാനായ റീജിയൻ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ് സെപ്. 28-ന്

അനൂപ് മുകളേൽ

ന്യൂയോർക്ക്: ലോങ്ഐലൻഡിലെ സെ. സ്റ്റീഫൻസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിലെ മെൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ നോർത്ത് അമേരിക്കൻ ക്നാനായ റീജിയൻ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു. സെപ്. 28-ന് ശനിയാഴ്ച ദേവാലയത്തിന്




അടുത്തുള്ള ബ്രിയേർലി പാർക്കിലാണ് മത്സരങ്ങൾ നടക്കുന്നത്. നോർത്ത് അമേരിക്കയിലെ വിവിധ ഇടവകകളിൽ നിന്നുള്ള ഏഴ് ടീമുകളാണ് ഈ ടൂർണമെന്റിൽ മാറ്റുരയ്ക്കാൻ തയ്യാറെടുക്കുന്നത്.

മത്സരത്തിൽ വിജയികളാകുന്നവർക്ക് ഒന്നാം സമ്മാനമായി ഒരപ്പാങ്കൽ ഫാമിലി സ്പോൺസർ ചെയ്യുന്ന 2500 ഡോളറും ഒ.സി. ജോസഫ് ഒരപ്പാങ്കൽ മെമ്മോറിയൽ ട്രോഫിയും ലഭിക്കുന്നതാണ്. രണ്ടാം സമ്മാനമായി ബേബി ആൻഡ് സലോമി ഊരാളിൽ സ്പോൺസർ ചെയ്യുന്ന 1000 ഡോളറും മൂന്നാം സമ്മാനമായി ന്യൂയോർക്ക് സോഷ്യൽ ക്ലബ് സ്പോൺസർ ചെയ്യുന്ന 750 ഡോളറും നാലാം സമ്മാനമായി സൻജോയ് അഗസ്റ്റിൻ സിപിഎ സ്പോൺസർ ചെയ്യുന്ന 500 ഡോളറും ലഭിക്കുന്നതാണ്. പ്രഥമ ക്നാനായ റീജിയൻ ഇന്റർ ചർച്ച് ക്രിക്കറ്റ് ടൂർണമെന്റ് ഒരു വൻ വിജയമാക്കുന്നതിന് എല്ലാവരുടെയും സഹകരണവും സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നതായി മെൻസ് മിനിസ്ട്രി ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു.

# വചനാധിഷ്ഠിത ജീവിതശൈലിയും കൂട്ടായ പ്രവൃത്തികളും വിശ്വാസവ്യാപനത്തിന് അനിവാര്യം: മോൺ. തോമസ് കളാരത്തിൽ

ലിൻസ് മാത്യു മരങ്ങാട്ടിൽ

മിസ്സിസ്സാഗ: തിരുവചനാധിഷ്ഠിതമായ ജീവിതവും കൂട്ടായ പ്രവൃത്തികളും ത്യാഗപൂർണ്ണമായ സമർപ്പണവും ഒരുമിക്കുന്ന വേദികളിലൂടെ മാത്രമേ വിശ്വാസവ്യാപനം സാദ്ധ്യമാവുകയുള്ളൂവെന്ന് മോൺ. തോമസ് കളാരത്തിൽ. കാനഡയിലെ ടൊറന്റോ മിസ്സിസ്സാഗ സെ. മേരീസ് ക്നാനായ കത്തോലിക്ക ഇടവകയിലെ 2024-2025 അദ്ധ്യയനവർഷത്തെ വിശ്വാസ പരിശീലനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കവേയാണ് ടൊറന്റോ ലത്തീൻ അതിരൂപതയുടെ ക്ലർജി പേഴ്സണലും ക്നാനായ കത്തോലിക്കാ സമൂഹത്തിന്റെ കാനഡയിലെ തുടക്കക്കാരനും അഭ്യുദയകാംക്ഷിയുമായ മോൺ. തോമസ് കളാരത്തിൽ തന്റെ അഭിപ്രായം പ്രകടിപ്പിച്ചത്. സെപ്റ്റംബർ 15-ന് ഞായറാഴ്ചത്തെ ആഘോഷമായ വി. കുർബാനയ്ക്ക് വികാരി പത്രോസ് ചമ്പക്കരയും മോൺ. തോമസ് കളാരത്തിലും കാർമ്മികരായിരുന്നു. തുടർന്ന് വിശ്വാസപരിശീലനത്തിന്റെ ഉദ്ഘാടനവും തിരുവോണാഘോഷങ്ങളും സംയുക്തമായി നടത്തപ്പെട്ടു. വിശ്വാസപരിശീലന അദ്ധ്യയനവർഷ ഉദ്ഘാടന സമ്മേളനത്തിന് വികാരി സ്വാഗതം ആശംസിക്കുകയും പുതിയ പ്രിൻസിപ്പാൾ ലിൻസ് മാത്യു മരങ്ങാട്ടിൽ കൃതജ്ഞത അറിയിക്കുകയും ചെയ്തു. ഇടവക ട്രസ്റ്റി സിജു മുടക്കിചാലിൽ, മുൻപ്രിൻസിപ്പൽ ജോൺ അരയത്ത്, പിടിഎ പ്രതിനിധി ജാസ്മിൻ റെനി കിഴക്കേപ്പുറമ്പിൽ, മാസ്റ്റർ ഡാനിയേൽ അനീഷ് തെക്കേടത്ത് എന്നിവർ സന്നിഹിതരായിരുന്നു. കഴിഞ്ഞ അദ്ധ്യയനവർഷം മികവാർന്ന പ്രവർത്തനങ്ങൾ നടത്തിയ വിദ്യാർത്ഥികളെ ചടങ്ങിൽ സമ്മാനങ്ങൾ നല്കി



അനുമോദിക്കുകയും കഴിഞ്ഞ ഏഴു വർഷക്കാലം പ്രിൻസിപ്പലായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ജോൺ അരയത്തിനെ മൊമന്റോ നല്കി ആദരിക്കുകയും ചെയ്തു. 116 വിദ്യാർത്ഥികൾ വിശ്വാസ പരിശീലനത്തിലൂടെ കടന്നുപോകുന്ന ഈ അദ്ധ്യയനവർഷാരംഭ സമ്മേളനത്തിന് ഓണസദ്യയോടെ പരിസമാപ്തിയായി. മതാദ്ധ്യാപകരും മാതാപിതാക്കളും വിദ്യാർത്ഥികളും പരിപാടിക്ക് നേതൃത്വം നല്കി.

# ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ആലോചനായോഗം നടത്തി

ന്യൂജേഴ്സി: ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് 2025-ന്റെ ഒരുക്കങ്ങൾക്ക് ആവേശകരമായ തുടക്കമായി. ന്യൂജേഴ്സി നോർത്ത് പ്ലെയിൻ ഫീൽഡ് സെന്റ് ബസേലിയോസ് ഗ്രീഗോറിയോസ് ഇടവകയിൽ സെപ്റ്റംബർ 15-ന് ഞായറാഴ്ച നടന്ന കോൺഫറൻസിന്റെ ആദ്യത്തെ ആലോചനായോഗത്തിൽ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കളാവോസ് അദ്ധ്യക്ഷ

**ഉമ്മൻ കാപ്പിൽ**

നായിരുന്നു. ഭദ്രാസന സെക്രട്ടറി ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ, ഫാമിലി കോൺഫറൻസിന്റെ മുൻ ഭാരവാഹികൾ, ഭദ്രാസനത്തിലെ വൈദികർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മലങ്കര സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസന അസംബ്ലി അംഗങ്ങൾ, മലങ്കര അസോസിയേഷൻ അംഗങ്ങൾ, ആത്മീയ സംഘടനാ ഭാരവാഹികൾ തുടങ്ങി യോഗത്തിൽ സന്നിഹിതരായിരുന്നവരെ ഇടവക വികാരി ഫാ. വിജയ് തോമസ് സ്വാഗതം ചെയ്തു.

2024-ലെ കോൺഫറൻസിന്റെ റിപ്പോർട്ട് ചെറിയാൻ പെരുമാൾ (സെക്രട്ടറി) അവതരിപ്പിച്ചു. മികച്ച പ്രസംഗകർ, ആകർഷണീയമായ വിഷയങ്ങൾ, ആത്മീയ അന്തരീക്ഷം, ജനപങ്കാളിത്തം, പ്ലാനിങ് എന്നിവയാൽ മികച്ച നിലവാരം പുലർത്തിയ കോൺഫറൻസ് സംഘടിപ്പിച്ചതിന് 2024-ലെ ഭാരവാഹികളെ മെത്രാപ്പോലീത്ത അഭിനന്ദിച്ചു. 2024-ലെ കോൺഫറൻസിന്റെ വരവ്-ചെലവ് കണക്കുകൾ ട്രസ്റ്റി മാ



ത്യു ജോഷ്വ അവതരിപ്പിച്ചു.

കോൺഫറൻസ് കോ-ഓർഡിനേറ്റർ ഫാ. അബു പീറ്റർ 2025-ലെ മുഖ്യ ഭാരവാഹികളെ പരിചയപ്പെടുത്തി. ജെയ്സൺ തോമസ്-സെക്രട്ടറി (സെ. മേരീസ് ഓർത്തഡോക്സ് ചർച്ച്, ബ്രോങ്ക്സ് ന്യൂയോർക്ക്), ഡോ. ഷെറിൻ ഏബ്രഹാം-ജോ. സെക്രട്ടറി (സെ. ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, എൽമോണ്ട് ന്യൂയോർക്ക്), ജോൺ താമരവേലിൽ-ട്രഷറർ (സെ. മേരീസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, ജാക്സൺ ഹൈറ്റ്സ് ന്യൂയോർക്ക്), ലിസ് പോത്തൻ-അസി. ട്രഷറർ (സെ. തോമസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്, ഫിലാഡൽഫിയ), ജെയ്സി ജോൺ-സുവനീർ എഡിറ്റർ (സെ. തോമസ് മലങ്കര ഓർത്തഡോക്സ് ചർച്ച്, ഫിലാഡൽഫിയ), ഫിലിപ്പ് തങ്കച്ചൻ-ഫൈനാൻസ് കോ-ഓർഡിനേറ്റർ (സെ. തോമസ് ഓർത്തഡോക്സ് ചർച്ച്, മൗണ്ട് ഒലിവ് ന്യൂജേഴ്സി) എന്നിവരാണ് കോൺഫറൻസ് കമ്മിറ്റിയിലെ കോർ ടീം അംഗങ്ങൾ.

കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിന് വരുന്ന ആഴ്ചകളിൽ വിവിധ കമ്മിറ്റികൾ രൂപപ്പെടുത്തുന്നതാണെന്ന് ഫാ. അബു പീറ്റർ അറിയിച്ചു. അടുത്ത വർഷത്തെ കോൺഫറൻസിനായി സ്ഥലം കണ്ടെത്തുന്നതിന്റെ പുരോഗതിയെക്കുറിച്ച് കോൺഫറൻസ് സെക്രട്ടറി ജെയ്സൺ തോമസ് ഹ്രസ്വ വിവരണം നല്കി. യുവജനങ്ങളുടെ ആത്മിക പരിപോഷണത്തോടൊപ്പം പ്രൊഫഷണൽ കരിയറിനു സഹായകമാകുന്ന ആകർഷണീയമായ പരിപാടികളും ആസൂത്രണം ചെയ്യുമെന്ന് ജെയ്സൺ തോമസ് അറിയിച്ചു.

യുവജനങ്ങൾക്കും മുതിർന്നവർക്കും അവരുടെ അഭിരുചികൾക്ക് അനുയോജ്യമായ രീതിയിൽ ഫലപ്രദമായ ഒരു കോൺഫറൻസ് നടത്തുവാൻ ഏവരും ഒരുമിച്ച് പ്രവർത്തിക്കണമെന്ന് മാർ നിക്കളാവോസ് ഉദ്ബോധിപ്പിച്ചു. ഡോ. ഷെറിൻ ഏബ്രഹാം, ലിസ് പോത്തൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരോടുമുള്ള നിസ്സീമമായ കടപ്പാട് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ-കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595), അല്ലെങ്കിൽ ജെയ്സൺ തോമസ്-കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917 612 8832) എന്നിവരുമായി ബന്ധപ്പെടുക.

# നായർ അസ്സോസിയേഷൻ ഓണാഘോഷം അവിസ്മരണീയമായി

**സതീശൻ നായർ**

ചിക്കാഗോ: നായർ അസ്സോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ ഡെസ്പ്ലെയിൻസിലുള്ള കെ



സിഎസ് സെന്ററിൽവെച്ച് നടന്നു. ശ്രേയ മഹേഷിന്റെ ഈശ്വര പ്രാർത്ഥനയോടു കൂടി ആരംഭിച്ച ചടങ്ങിൽ എം. ആർ.സി. പിള്ളയും മറ്റ് ബോർഡ് അംഗങ്ങളും കൂടി ഭദ്രദീപം കൊളുത്തി. പ്രസിഡണ്ട് അരവിന്ദ് പിള്ള സദസ്സിനെ സ്വാഗതം ചെയ്തു. കൂടാതെ ഏവർക്കും ഓണാശംസകൾ നേരുകയും ചെയ്തു. ഓണാഘോഷ പരിപാടികൾ സ്പോൺസർ ചെയ്തവരെയും അതുപോലെതന്നെ ഓണാഘോഷത്തിന്റെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തവരെയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

ധന്യ നായർ, ആശ, ദീപക്, ഉമ മഹേഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരുക്കിയ അത്തപ്പൂക്കളം ചടങ്ങിനെ ധന്യമാക്കി. കലാപരിപാടികൾക്ക് ദീപു നായരും ബിന്ധ്യ നായരും നേതൃത്വം നല്കി. അഞ്ജു നവീനും ടീമും അവതരിപ്പിച്ച തിരുവാതിര ടീം ഗുംഗുരു, സൗപർണിക കലാക്ഷേത്ര, ഗോപിക ഡാൻസ് അക്കാഡമി, ചിക്കാഗോ മണവാളൻസ്, തേജോ ലക്ഷ്മി, ബിമൽ നായർ, സെറാഫിൻ ബിനോയി, ശ്രുതി മഹേഷ്, മജു പിള്ള, അഞ്ജു മനീഷ്, മനീഷ് നായർ, ദീപു നായർ, ധന്യ നായർ എന്നിവർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും ഓംകാരം ചിക്കാഗോയുടെ ചെണ്ടമേളവും സദസ്സിന് നവ്യാനുഭൂതി നല്കി. ദീപക് നായർ, അജി പിള്ള, ജിതേന്ദ്ര കൈമൾ, പ്രസാദ് ബാലചന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ സദ്യ അതിഥികളുടെ മനവും വയറും നിറച്ചു. അസ്സോസിയേഷൻ ബോർഡ് അംഗങ്ങളായ രാജഗോപാലൻ നായർ, രഘുനാഥൻ നായർ, വിജി നായർ, ചന്ദ്രൻ പിള്ള, സുരേഷ് ബാലചന്ദ്രൻ തുടങ്ങിയവർ ആഘോഷപരിപാടികൾക്ക് നേതൃത്വം നല്കി. ജനറൽ സെക്രട്ടറി മഹേഷ് കൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.






# സഭകൾ മാനവ ഹൃദയങ്ങൾക്ക് ആശ്വാസകേന്ദ്രമാകണം: റവ. കെ.സി. ജോൺ





അറ്റ്ലാന്റ്: ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ 24-ാമത് വാർഷിക കൺവൻഷൻ സംയുക്ത സഭായോഗത്തോടും തിരുവത്താഴ ശുശ്രൂഷയോടും കൂടി അറ്റ്ലാന്റയിൽ സമാപിച്ചു. റീജിയൻ പ്രസിഡണ്ട് പാസ്റ്റർ കെ.സി. ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. സഭകൾ മാനവ ഹൃദയങ്ങൾക്ക് ആശ്വാസകേന്ദ്രമാകണമെന്നും സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കുള്ള സങ്കേതമായിത്തീരണമെന്നും അദ്ദേഹം വിശ്വാസിസമൂഹത്തെ ഉദ്ബോധിപ്പിച്ചു.

ഓഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെട്ട കൺവൻഷനിൽ പാസ്റ്റർ കെ.ജെ. തോമസ് മുഖ്യപ്രസംഗകനായിരുന്നു. സംയുക്ത യുവജന-സഹോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൻ തോമസ് (ബഹറിൻ) വചനം പ്രസംഗിച്ചു.

പാസ്റ്റർമാരായ ചെറിയാൻ സി. ഡാനിയേൽ, റോയി വാകത്താനം, ഏബ്രഹാം സി. തോമസ് എന്നിവർ വിവിധ ദിവസങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഡോ. ജോയി ഏബ്രഹാം കർത്തൃമേശയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിച്ചു.

ഇംഗ്ലീഷ് സെഷനിൽ സിബി ഏബ്രഹാം, ഡാനി ചെറിയാൻ എന്നിവരും പ്രസംഗിച്ചു.

പ്രെയ്സ് ആൻഡ് വർഷിപ്പിന് റീജിയൻ ക്വയർ നേതൃത്വം നല്കി. ജോ. സെക്രട്ടറി നിബു വെള്ളവന്താനം സ്വാഗതവും ട്രഷറർ ഏബ്രഹാം തോമസ് നന്ദിയും പ്രകാശിപ്പിച്ചു. വിമൻസ് മിനിസ്ട്രി ഫെലോഷിപ്പിന് സഹോദരിമാരായ ബീന മത്തായി, സാലി ഏബ്രഹാം, റേച്ചൽ രാജു എന്നിവരും യുവ

**നിബു വെള്ളവന്താനം**

ജന സമ്മേളനത്തിന് സുവിശേഷകൻ സിബി ഏബ്രഹാം, റിജോ രാജു എന്നിവരും നേതൃത്വം നല്കി.

പാസ്റ്റർമാരായ ഷിബു തോമസ്, സി.വി. ആൻഡ്രൂസ്, ജോൺ ചെറിയാൻ, എബി മാമ്മൻ, ജോർജ് മാത്യു, കെ.വി. ജോസഫ്, മനു ഫിലിപ്പ്, രാജൻ ആര്യപ്പള്ളിൽ, ജെയിംസ് ടി. സാമുവൽ, അലക്സാണ്ടർ ജോർജ്, സ്റ്റീഫൻ ചാക്കോ, രാജു പൊന്നോലിൽ, പ്രഫ. ജെയിംസ് കുളങ്ങര, അലക്സാണ്ടർ തോമസ്, സജിമോൻ മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. ഫ്ളോറിഡ, ജോർജിയ, ടെന്നസ്സി, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളും ശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിച്ചു.

# അമേരിക്കയിൽ മാവേലിയുടെ വരവ് വലിയ കൗതുകമായി







ടെക്സസ്: ലീഗ്സിറ്റി മലയാളി സമാജത്തിന്റെ ഓണാഘോഷം വളരെ വ്യത്യസ്തവും കൗതുകവും ഉണർത്തി. അമേരിക്കൻ മലയാളി സമൂഹത്തിൽ വേറിട്ടുനിന്ന് എന്നും വ്യത്യസ്തമായതും കൗതുകമുണർത്തുന്നതുമായ രീതിയിലാണ് ലീഗ്സിറ്റി മലയാളികൾ പരിപാടികൾ അവതരിപ്പിക്കുന്നത്.

ഡിക്കിൻസൺ ബേയിൽനിന്നും ജലമാർഗ്ഗം ചെണ്ടമേളവും താലപ്പൊലിയുമേന്തിയ ബോട്ടുകളുടെയും വള്ളങ്ങളുടെയും അകമ്പടിയോടെ എത്തിയ മാവേലിയെ വൻ ജനാവലിയാണ് വരവേറ്റത്. തുടർന്ന് നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ഘോഷയാത്രയിൽ പഞ്ചാരിമേളത്തിന്റെയും പുലികളിയുടെയും അകമ്പടിയോടെ താലപ്പൊലിയേന്തിയ മലയാളി മങ്കമാരുടെ മധ്യത്തിൽ വിശിഷ്ടാതിഥികളെയും മഹാബലിത്തമ്പുരാനേയും ഓണഅരങ്ങിലേക്ക് എഴുന്നള്ളിക്കുകയുണ്ടായി. തുടർന്ന് മഹാബലിയും ലീഗ്സിറ്റി മലയാളി സമാജം ഭാരവാഹികളും ഒന്നിച്ചുചേർന്ന് നിലവിളക്കു കൊളുത്തി. ആനകളും കഥകളിയും കേരളത്തിന്റെ മറ്റു കലാരൂപങ്ങളുമെല്ലാം ഒരുക്കിക്കൊണ്ടുള്ള ഓഡിറ്റോറിയം തന്നെ വളരെ കൗതുകമുണർത്തുന്നതായിരുന്നു.

സെപ്റ്റംബർ 7-ന് വാൾട്ടർഹാൾ പാർക്കിലെ ഓഡിറ്റോറിയത്തിൽ നടന്ന ഈ ആഘോഷം സമാജത്തിലെ അംഗങ്ങളും ഗാൽവസ്റ്റൻ കൗണ്ടി ഒഫീഷ്യൽസും ഒരുപോലെ ആസ്വദിച്ചു. ആദ്യകാല അമേരിക്കൻ മലയാളികളിൽ പലർക്കും ഇത് അവരുടെ ജീവിതത്തിലെ മറക്കാനാവാത്തതും സന്തോഷം നല്കുന്നതുമായ ഒരു അനുഭവമായിരുന്നു എന്ന് അവർ സാക്ഷ്യപ്പെടുത്തി.

എമി ജെയ്സന്റെയും എലേന ടെൽസന്റെയും നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഓണപ്പൂക്കളം ഏവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. ഉച്ചയോടെ നാടൻ വാഴയിലയിൽ വിളമ്പിയ വളരെ രുചികരമായ ഓണസദ്യയും എല്ലാവരും ആസ്വദിച്ചു. ഈ ഓണാഘോഷം വഴി സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും സന്ദേശം പരത്തി സമാജത്തിലെ അംഗങ്ങളുടെ ഇടയിൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യം സാധിച്ചെടുത്തു.

സംഘാടകരുമായ ബന്ധപ്പെടേണ്ട നമ്പരുകൾ: പ്രസിഡണ്ട് ബിനീഷ് ജോസഫ് 409 256 0873, വൈസ് പ്രസിഡണ്ട് ലിഷ ടെൽസൺ 973 477 7775, വൈസ് പ്രസിഡണ്ട് സോജൻ ജോർജ് 409 256 9840, സെക്രട്ടറി ഡോ. രാജ്കുമാർ മേനോൻ 262 744 0452, ജോ. സെക്രട്ടറി സിഞ്ചു ജേക്കബ് 240 426 1845, ജോ. സെക്രട്ടറി ബിജോ സെബാസ്റ്റ്യൻ 409 256 6427, ട്രഷറർ രാജൻകുഞ്ഞ് ഗീവർഗീസ് 507 822 0051, ജോ. ട്രഷറർ മാത്യു പോൾ 409 454 3472.

# കേരള സമാജം ഓഫ് ന്യൂജേഴ്സിയുടെ ഓണാഘോഷം ശ്രദ്ധേയമായി





ന്യൂജേഴ്സി: കേരള സമാജം ഓഫ് ന്യൂജേഴ്സി (കെഎസ്എൻജെ) പാറ്റേഴ്സണിലെ സെന്റ് ജോർജ് കാതോലിക്കേറ്റ് ചർച്ചിൽ വേദിയൊരുക്കി പ്രൗഢഗംഭീരമായി ഓണം ആഘോഷിച്ചു. ചെണ്ടമേളത്തിന്റെ അകമ്പടിയോടെ കേരളത്തിന്റെ തനതായ ഓണക്കോടിയുടുത്ത് മലയാളിപ്പെൺകുട്ടികൾ മാവേലിമന്നനെ ഭദ്രദീപം തെളിച്ചു ചടങ്ങിലേക്ക് ആനയിച്ച് ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു.

ചടങ്ങിന്റെ പ്രധാന ആകർഷണമായിരുന്ന വാഴയിലയിൽ വിളമ്പിയ സ്വാദിഷ്ടമായ ഓണസദ്യയ്ക്ക് ശേഷം ഓണാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച തിരുവാതിര ഉൾപ്പെടെയുള്ള കലാസൃഷ്ടികളും ഓണപ്പാട്ടും നൃത്തരൂപങ്ങളും പരിപാടിയുടെ മാറ്റുകൂട്ടി.

അക്കാദമി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ആൻഡ് ആർട്സിലെ വിദ്യാർത്ഥികൾക്ക് സ്തുത്യർഹമായ നേട്ടങ്ങൾക്ക് സെ. ജോർജ് കാത്തലിക് ചർച്ച് വികാരി റവ. സിമ്മി തോമസ് കാഷ് അവാർഡുകൾ സമ്മാനിച്ചു.

അക്കാദമി പ്രിൻസിപ്പൽ ഡോ. എബി തര്യൻ മലയാളം സ്കൂളിന്റെയും സംഗീത പ്രോഗ്രാമിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു സംസാരിക്കുകയും മാതൃഭാഷയായ മലയാളത്തിനും നമ്മുടെ പരമ്പരാഗത സംഗീതത്തിനും നല്കിവരുന്ന ഉത്സാഹത്തിനും പിന്തുണയ്ക്കും കുട്ടികളെയും രക്ഷിതാക്കളെയും അഭിനന്ദിച്ചു. അക്കാദമി വിദ്യാർത്ഥികൾ മലയാളത്തിൽ കവിതയും പ്രസംഗങ്ങളും അവതരിപ്പിച്ചു.


ബെർഗൻഫീൽഡ് മേയർ ആർവിൻ അമറ്റോറിയോ ആയിരുന്നു ഓണാഘോഷ പരിപാടിയുടെ മുഖ്യാതിഥി. ഫാ. സിമ്മി തോമസ് (സെ. ജോർജ് കാത്തലിക് ചർച്ച് വികാരി), ബൈജു വർഗീസ് (ഫോമ ജന. സെക്രട്ടറി), ഡോ. ജെയ്മോൾ ശ്രീധർ (ഫോമ ജോ. സെക്രട്ടറി), ഷിനു ജോസഫ് (ഫോമ ഉപദേഷ്ടാവ് കമ്മിറ്റി ചെയർമാൻ) ജോഫ്രിൻ ജോസ് (ഫോമ ജുഡീഷ്യൽ കൗൺസിൽ അംഗം), ജിനേഷ് തമ്പി (വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡണ്ട്) പ്രദീപ് നായർ (യോങ്കേഴ്സ് മലയാളി അസോസിയേഷൻ പ്രസിഡണ്ട്), സുരേഷ് നായർ (ഫോമ നാഷണൽ കമ്മിറ്റി-ന്യൂയോർക്ക്), സുജിത് ശ്രീധർ (സെക്രട്ടറി കലാ), ഫോമാ പിആർഒ ജോസഫ് ഇടിക്കുള എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

പരിപാടിയുടെ തുടക്കത്തിൽ കെഎസ്എൻജെ പ്രസിഡണ്ട് ജിയോ ജോസഫ് ഏവർക്കും സ്വാഗതമാശംസിച്ചു. ബോബി തോമസ് വോട്ട് ഓഫ് താങ്ക്സ് അറിയിച്ചു.

കെഎസ്എൻജെ സെക്രട്ടറി നിധീഷ് തോമസ്, ജോ. സെക്രട്ടറി ജിമ്മി മാണി, ട്രഷറർ ആൽവിൻ ജോർജ്, ജോ. ട്രഷറർ അലൻ വർഗീസ് ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രസിഡണ്ട് ജിയോ ജോസഫിന്റെ നേതൃത്വത്തിൽ മികവാർന്ന പ്രവർത്തനത്തിലൂടെ കേരള സമാജം ഓഫ് ന്യൂജേഴ്സി ഓണാഘോഷം ശ്രദ്ധേയമാക്കി.

# മർത്തമറിയം വനിതാസമാജം വാർഷിക കോൺഫറൻസ് രജിസ്ട്രേഷൻ പൂർത്തീകരിച്ചു



ഏലിയാമ്മ പുന്നൂസ്

ചിക്കാഗോ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസന മർത്തമറിയം വനിതാസമാജം വാർഷിക കോൺഫറൻസ് 2024-ന്റെ രജിസ്ട്രേഷൻ സെപ്റ്റംബർ 15-ന് പൂർത്തീകരിച്ചു. ഭദ്രാസനത്തിലുള്ള എല്ലാ റീജിയനുകളിൽ നിന്നും സമാജ അംഗങ്ങൾ ഈ കോൺഫറൻസിൽ സംബന്ധിക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഒക്ടോബർ 3 വ്യാഴാഴ്ച മുതൽ 5-ന് ശനിയാഴ്ച വരെ ചിക്കാഗോയിലെ എൽമസ്റ്ററിലുള്ള സെ. ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടക്കുന്ന കോൺഫറൻസിൽ ചിക്കാഗോ റീജിയണിലെ വിവിധ ഇടവകകളിൽ നിന്നും ഭദ്രാസനത്തിന്റെ മറ്റു റീജിയനുകളിലുള്ള ദേവാലയങ്ങളിൽ നിന്നുമായി നാനൂറോളം വനിതകൾ പങ്കെടുക്കും.

'ഗ്ലോറിഫിക്കേഷൻ-ത്രൂ വിറ്റ്നെസിംഗ്' 1 കോറിന്തോസ് 9:16 (ദൈവമഹത്വം സുവിശേഷത്തിന്റെ സാക്ഷ്യത്തിലൂടെ) എന്ന ഈ വർഷത്തെ കോൺഫറൻസ് ആപ്തവാക്യത്തെ അടിസ്ഥാനമാക്കി സുവിശേഷപ്രസംഗകനും വേദപുസ്തക പണ്ഡിതനുമായ മെഡിക്കൽ ഡയറക്ടർ ഡോ. വിനോ ജോൺ ഡാനിയേൽ മുഖ്യസന്ദേശം നല്കും.

കൂടാതെ അഭിവന്ദ്യ ഡോ. തോമസ് മാർ ഇവാനിയോസ്, അഹമ്മദാബാദ് ഭദ്രാസനാധിപനായ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയോഫിലോസ് എന്നീ പിതാക്കന്മാരും ഈ കോൺഫറൻസിൽ പങ്കുചേരും.

ആത്മീയ ജീവിതത്തിനു പ്രചോദനമേകുന്ന വിവിധ സെഷനുകളും ഈ കോൺഫറൻസിൽ ക്രമീകരിച്ചിട്ടുണ്ട്. കോൺഫറൻസിന്റെ വിജയകരമായ നടത്തിപ്പിനായി റവ.ഫാ. ഹാം ജോസഫ് (കോൺഫറൻസ് ഡയറക്ടർ), ജിജി കെ. സൈമൺ (കൺവീനർ), റവ. ഫാ. ഡോ. ഐസക് ബി. പ്രകാശ് (വൈസ് പ്രസിഡണ്ട് എംഎംവിഎസ്) , സുനു ജോയി (ജനറൽ സെക്രട്ടറി), ലിനി ശങ്കരത്തിൽ (ട്രഷറർ) എന്നിവരുടെ നേതൃത്വത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

കൂടാതെ ചിക്കാഗോയിലുള്ള എല്ലാ വൈദികരുടെയും നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ ഇതിന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

റവ.ഫാ. തോമസ് മാത്യുവിന്റെ നേതൃത്വത്തിൽ ചിക്കാഗോ ഓർത്തഡോക്സ് ക്വയർ ഗാനശുശ്രൂഷകൾ നിർവഹിക്കും.

ഈ കോൺഫറൻസിൽ വളരെ ആകർഷണീയങ്ങളായ സമ്മാനങ്ങൾ നല്കിക്കൊണ്ട് റാഫിൾ ഡ്രോ നടത്തുന്നതിനായി ക്രമീകരിച്ചിട്ടുണ്ട്.

# ചിക്കാഗോയിലെ മലയാളി ക്രിക്കറ്റ് ടീം ശ്രദ്ധ നേടുന്നു

**ബിനു സക്കറിയ**







ചിക്കാഗോ: ചിക്കാഗോയിലെ മലയാളികൾ മാത്രമുള്ള ഒരു ക്രിക്കറ്റ് ടീം ശ്രദ്ധ നേടുന്നു. 2023 ജൂലൈയിൽ ചിക്കാഗോ ടസ്കെഴ്സ് എന്ന പേരിൽ രജിസ്റ്റർ ചെയ്ത ടീം മലയാളി കളിക്കാർ മാത്രമുള്ള ടീം എന്ന നിലയിലും കൂടാതെ നേരത്തെ നടത്തിയ ടൂർണമെന്റുകളിലെ അവിസ്മരണീയ പ്രകടനങ്ങൾ കൊണ്ടും ശ്രദ്ധനേടുകയാണ്. നിരവധി ടൂർണമെന്റുകളിൽ ഇതിനോടകം പങ്കെടുത്ത ടീം ഇക്കഴിഞ്ഞ ടെന്നീസ് മാസ്റ്റർ കപ്പ് ടൂർണമെന്റിൽ ഉടനീളം വളരെ മികച്ചപ്രകടനം കാഴ്ചവെച്ച് ഫൈനലിൽ എത്തുകയുണ്ടായി.

സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാർ ഒത്തൊരുമയോടെ ടീം ക്യാപ്റ്റൻ ബിനു സക്കറിയയുടെയും വൈസ് ക്യാപ്റ്റൻ ജോയപ്പൻ ചെറിയാന്റെയും നേതൃത്വത്തിൽ വലിയ വിജയങ്ങൾ കീഴടക്കാനുള്ള പരിശ്രമങ്ങളിലാണ്. ചിട്ടയായ പരിശീലനം വിജയത്തിന് ആധാരമാണെന്ന് തിരിച്ചറിയുന്ന ടീം, പരിശീലനത്തോടൊപ്പം കളിക്കാരുടെ ആരോഗ്യ പരിപാലനത്തിനും ശ്രദ്ധ നല്കുന്നു. ഷാംബർഗിൽ നിന്നുള്ള മെൽബിൻ തോമസിന്റെ വീട്ടിൽ നടന്ന ഒരു ചർച്ചയിൽ നിന്നാണ് ടീം രൂപീകരണത്തിലേക്ക് എത്തിയത്. ദീപു നായർ ടീം ലോഗോ രൂപകല്പനചെയ്തു.

ജസ്റ്റിൻ സെബാസ്റ്റ്യൻ നേതൃത്വം നല്കുന്ന മീഡിയ ടീം ടീമിനെ സംബന്ധിച്ച വാർത്തകൾ കായികപ്രേമികളിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ക്രിക്കറ്റിനു പുറമെ മറ്റ് കായിക ഇനങ്ങളിലും മികവ് തെളിയിച്ച ടീം ഇല്ലിനോയ്സിന്റെ നോർത്ത് വെസ്റ്റ് സബെർബിൽനിന്നും വലിയൊരു സ്പോർട്സ് ക്ലബായി മാറുവാനുള്ള പരിശ്രമത്തിലാണ്.

ടീം അംഗങ്ങൾ: ബിനു സക്കറിയ (ക്യാപ്റ്റൻ), ജോയപ്പൻ ചെറിയാൻ (വൈസ് ക്യാപ്റ്റൻ), അജീഷ് സോമൻ, അഭിലാഷ് നായർ, അനുരാജ് രാജേ, അരുൺ ജി.സി, ബിജു ചാക്കോ, ദീപു നായർ, എബിൻ ജോർജ്, ഗോകുൽ നായർ, ഹിജിൽ ജോൺ, ജെയ്സ് ജോസ്, ജെസ്റ്റിൻ സെബാസ്റ്റ്യൻ, ജോൺ വിൻസെന്റ്, ജ്യോതിഷ് പി., മനോജ് മൂർത്തി, മാത്യു തോമസ്, മെൽബിൻ തോമസ്, മെൽവിൻ മാത്യു, നെൽസൺ പോൾ, നിഖിൻ നാഗപ്പൻ പിള്ളൈ, രൺദീർ കിണറ്റിൻകര, രഞ്ജിത് രവീന്ദ്രൻ നായർ, റോയ് മിഖായേൽ, സന്തോഷ് രാജു, ടെന്നി ജോസഫ്, വിനീത് ഗോപിനാഥൻ, വിപിൻ ഈശോ.

# മുതിർന്നവർക്ക് നവ്യാനുഭവത്തിന്റെ ഒത്തുചേരൽ ഒരുക്കി ബെൻസൻവിൽ ഇടവക



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിൽ മുതിർന്നവർക്കായുള്ള 'ജോയ് മിനിസ്ട്രി' ഗ്രൂപ്പ് അംഗങ്ങളുടെ കൂട്ടായ്മ നടത്തപ്പെട്ടു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തപ്പെടുന്ന ഈ കൂട്ടായ്മയിൽ ജോയ് മിനിസ്ട്രി ഗ്രൂപ്പ് അംഗങ്ങളായ മുതിർന്നവർക്കായി ഫാ. ബെൻസസ് 'മുതിർന്നവരുടെ ആത്മീയത' എന്ന വിഷയത്തെ അധികരിച്ച് മനോഹരമായി ക്ലാസ് നയിക്കുകയും മുതിർന്നവരുടെ സംശയങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു. ജോയ് മിനിസ്ട്രി ഗ്രൂപ്പ് സെക്രട്ടറി അൽഫോൻസ അബ്രാഹം റിപ്പോർട്ട് അവതരിപ്പിച്ചു.

തുടർന്ന് ഗ്രൂപ്പ് അംഗങ്ങൾക്കായുള്ള വിവിധ കർമ്മപരിപാടികൾ ചർച്ച ചെയ്യുകയും ആവിഷ്കരിക്കുകയും ചെയ്തു. അതേത്തുടർന്ന് ജോയ് മിനിസ്ട്രി ഗ്രൂപ്പ് അംഗങ്ങൾക്ക് ഓണസദ്യയും നടത്തപ്പെട്ടു.

# ബ്ലസിക്ക് ഡാളസിൽ ഊഷ്മള വരവേല്പ്

**നവീൻ മാത്യു**

ഡാളസ്: കേരള സംസ്ഥാന മികച്ച സിനിമാ സംവിധായകനുള്ള ചലച്ചിത്ര അവാർഡ് ലഭിച്ച ബ്ലസിക്കും സഹധർമ്മിണി മിനി ബ്ലസിക്കും ഡാളസ് ഫോർട്ട് വർത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഊഷ്മള വരവേല്പ് നല്കി.

ഇന്ത്യാ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ ഡാളസ് പ്രസിഡണ്ട് ഷിജു ഏബ്രഹാം, ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക ഡാളസ് ചാപ്റ്റർ പ്രസിഡണ്ട് ഷാജി രാമപുരം, ഡാളസിലെ വിവിധ സാമൂഹിക സാംസ്കാരിക രംഗത്തുള്ള തമ്പി ജോർജ് കുമ്പനാട്, അനിൽ മാത്യു, കൊച്ചുമോൻ പുലിയൂർ, ജെമിനി, ജെസ്ലിൻ എന്നിവർ എയർപോർട്ടിൽ ബ്ലസിയെ സ്വീകരിക്കാൻ എത്തിയിരുന്നു.

തിരുവല്ല സ്വദേശിയായ ബ്ലസി ഐപ്പ് തോമസ് ഇന്ത്യയിലെ മികച്ച സംവിധായകനും തിരക്കഥാകൃത്തുമാണ്.

ദേശീയ ചലച്ചിത്ര അവാർഡും ആറ് കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളും അദ്ദേഹം നേടിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ ഡോക്യുമെന്ററി ഫിലിം 100 ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം 48 മണിക്കൂറും 10 മിനിറ്റും ദൈർഘ്യമുള്ള ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഡോക്യുമെന്ററി എന്ന ഗിന്നസ് വേൾഡ് റെക്കോർഡ് നേടി.

അദ്ദേഹത്തിന്റെ സ്വപ്ന പദ്ധതിയായ ആടുജീവിതം (2024) ആയിരുന്നു ഏറ്റവും പുതിയ ചലച്ചിത്രം.




# യുഎഇയിൽ എല്ലാ മേഖലകളിലും ലിംഗസമത്വം

ദുബായ്: എല്ലാമേഖലകളിലും ലിംഗസമത്വത്തിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുമെന്ന് യുഎഇ. ഇതിന്റെ ഭാഗമായി സ്വകാര്യ കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കണമെന്ന് യുഎഇ സാമ്പത്തികമന്ത്രാലയം ആവശ്യപ്പെട്ടു. തീരുമാനങ്ങളെടുക്കുന്നവർ എന്ന നിലയിൽ സ്ത്രീകളുടെ സ്ഥാനം ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണിത്.

വനിതാപ്രതിനിധികളില്ലാത്ത സ്ഥാപനങ്ങൾ അടുത്തവർഷം ജനുവരിമുതൽ നിയമനമുറപ്പാക്കണം. പ്രധാനമായും സ്വകാര്യ ജോയിന്റ്-സ്റ്റോക്ക് കമ്പനികളിൽ സ്ത്രീപ്രാതിനിധ്യമുണ്ടായിരിക്കണമെന്നാണ് ദുബായ് മീഡിയാ ഓഫീസ് 'എക്സി'ലൂടെ അറിയിച്ചത്. അബുദാബിയിലും ദുബായിലും പൊതു ജോയിന്റ് സ്റ്റോക്ക് കമ്പനികളിലെ ഡയറക്ടർബോർഡിൽ ഒരു വനിതാ അംഗമെങ്കിലും ഉണ്ടായിരിക്കണമെന്ന് യുഎഇ സെക്യൂരിറ്റീസ് ആൻഡ് കമ്മോഡിറ്റീസ് അതോറിറ്റി ബോർഡ് (എസ്സിഎ) 2021-ൽ നിർദേശിച്ചിരുന്നു. സ്വകാര്യ ജോയിന്റ്-സ്റ്റോക്ക് സ്ഥാപനങ്ങളിലേക്കും ഈ തീരുമാനം വ്യാപിപ്പിക്കാനാണ് മന്ത്രാലയം ഉദ്ദേശിക്കുന്നത്.

# പി.സി. മാത്യുവിന്റെ തെരഞ്ഞെടുപ്പ് പ്രചാരണം പാസ്റ്റർ ഷാജി കെ. ഡാനിയേൽ ഉദ്ഘാടനം ചെയ്തു

സ്വന്തം ലേഖകൻ

ഡാളസ്: 2025-ൽ നടക്കുന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഒഴിവുവരുന്ന മേയർ സ്ഥാനത്തേക്ക് ഗാർലണ്ടിൽ മത്സരിക്കുന്ന പി.സി. മാത്യുവിന്റെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ലളിതമായ ഉദ്ഘാടനം സമർപ്പണ പ്രാർത്ഥനയോടെ സീനിയർ പാസ്റ്ററും അഗപ്പേ ഹോം ഹെൽത്ത് പ്രസിഡണ്ടുമായ ഷാജി കെ. ഡാനിയേൽ നിർവഹിച്ചു. പി.സി. മാത്യു അഗപ്പേ ചർച്ചിന്റെ സന്തത സഹചാരിയും സപ്പോർട്ടറുമാണെന്നും എല്ലാ പിന്തുണയും നല്കി വിജയിപ്പിക്കണമെന്നും തന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു. മുനിസിപ്പൽ ഇലക്ഷൻ രാഷ്ട്രീയത്തിന് അതീതമാണെന്നും അദ്ദേഹം എടുത്തു പറയുകയുണ്ടായി.





സ്പാനിഷ് ചർച്ച് പാസ്റ്റർ ഹോസെ, സീനിയർ പാസ്റ്റർ കോശി, യൂത്ത് പാസ്റ്റർ ജെഫ്റി എന്നിവരും പങ്കെടുത്ത യോഗത്തിൽ പി.സി. മാത്യു താൻ ഗാർലൻഡിനു വേണ്ടി വിഭാവനം ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞു.

പൗരന്മാരുടെ സുരക്ഷ, സാമ്പത്തിക വളർച്ച, സിറ്റിയുടെ ജിയോഗ്രഫിക്കൽ ഇൻഫ്രാസ്ട്രക്ചർ പുനരുദ്ധീകരണം എന്നിവയ്ക്ക് പ്രാധാന്യം നല്കുന്നതോടൊപ്പം വളർന്നുവരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി വേണ്ട സഹായങ്ങൾ നല്കുക, നോൺ പ്രോഫിറ്റ് ഓർഗനൈസേഷനുകളുടെ കൂട്ടത്തിൽപ്പെടുത്തുവാൻ കഴിയുന്ന സംഘടനകൾക്കും റിലിജിയസ് സ്ഥാപനങ്ങൾക്കും ആവശ്യാടിസ്ഥാനത്തിൽ മുൻഗണന നല്കുക മുതലായവ തന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നുവെന്ന് പി.സി. മാത്യു പറഞ്ഞു. ഗാർലണ്ടിലെ മാത്രമല്ല ഡാളസിലെയും അമേരിക്കയിലെ തന്നെ മലയാളികൾക്ക് അഭിമാനമായി ആദ്യമായി 2021-ൽ താൻ സിറ്റി കൗസിലിൽ മത്സരിക്കാൻ കാട്ടിയ പ്രചോദനത്തിന്റെ പിന്നിൽ മലയാളികൾ തന്നെ ആയിരുന്നുവെന്ന് പി.സി. പറഞ്ഞു. കഴിഞ്ഞ നാലുവർഷം ഗാർലണ്ടിൽ നിരന്തരമായി പ്രവർത്തിച്ചുവരുന്നതിനാൽ താൻ വളരെ ആത്മവിശ്വാസത്തോടെയാണ് തെരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




ഡാളസ്, ന്യൂ ടെസ്റ്റ്മെന്റ് ചർച്ചിൽ 2005 മുതൽ അംഗമായിട്ടുള്ള പി.സി. മാത്യുവിന് പാസ്റ്റർ കാർലാൻഡ് റൈറ്റിന്റെയും പ്രാർത്ഥനയും അനുഗ്രഹവും ഉണ്ടെന്ന് പി.സി. മാത്യു പറഞ്ഞു. ഒപ്പം എല്ലാവരുടെയും പിന്തുണയും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നതായും പി.സി. മാത്യു പറഞ്ഞു.

## 20-ാം സരസ്വതി അവാർഡ്സ് ഡിസംബർ 7-ന് ന്യൂയോർക്കിലെ ടൈസൺ സെന്ററിൽ

ജോജോ തോമസ് പാലത്ര

ന്യൂയോർക്ക്: അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരിലെ കുട്ടികളിലെ സംഗീതവും നൃത്തവും പ്രോത്സാഹിപ്പിക്കുന്ന സരസ്വതി അവാർഡ്സിന്റെ 20-ാം സരസ്വതി അവാർഡ്സിനുള്ള മത്സരങ്ങൾ ഡിസംബർ 7-ന് ശനിയാഴ്ച ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലുള്ള ടൈസൺ സെന്ററിൽ (Tyson Center, 26 North Tyson Ave, NY 11001) വെച്ച് നടത്തുന്നു.



ജോജോ തോമസ്

അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരുടെ 5 വയസ്സ് മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

ഫ്ളോറൽ പാർക്കിലെ ടൈസൺ സെന്ററിൽ വെച്ച് ഡിസംബർ 7-ന് രാവിലെ 9 മണിക്ക് തുടങ്ങുന്ന മത്സരങ്ങളിൽ ശാസ്ത്രീയ സംഗീതം, നാടോടിനൃത്തം, ഭരതനാട്യം, കുച്ചിപ്പുടി എന്നിവ ഉൾപ്പെടുന്നു. പ്രീ ജൂണിയർ, സബ് ജൂണിയർ, ജൂണിയർ, സീനിയർ എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുക.

വൈകുന്നേരം 6 മണിക്ക് വിശിഷ്ടാതിഥികളും നൃത്ത-സംഗീത ഗുരുക്കളും സാംസ്കാരിക പ്രമുഖരും പങ്കെടുക്കുന്ന വേദിയിൽ വെച്ച് സരസ്വതി അവാർഡുകൾ സമ്മാനിക്കുന്നു. സംഗീത-നൃത്ത കലാവിരുന്ന് അവാർഡ്ദാന ചടങ്ങിന് മാറ്റുകൂട്ടുന്നു.

മത്സരങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള സംഗീത-നൃത്ത വിദ്യാർത്ഥികൾ ഒക്ടോബർ 31-ന് മുമ്പായി രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും ബന്ധപ്പെടുക: ജോജോ തോമസ് 516 455 9739, മാത്യു സിറിയക് 516 754 1311, ഡോ. അശോക് കുമാർ 516 243 8640, സെബാസ്റ്റ്യൻ തോമസ് 516 476 1697, ബി. അരവിന്ദാക്ഷൻ 516 616 0233, മറിയ ഉണ്ണി 516 424 1853,

E-mail:SARASWATHIAWARDS@GMAIL.COM

## കാരുണ്യത്തിന്റെ കരുതലായി ബെൻസൻവിൽ ക്യാറ്റിക്കിസം കുട്ടികൾ

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവകയിലെ മതബോധന വിദ്യാർത്ഥികൾ കാരുണ്യത്തിന്റെ കരുതൽ ഒരുക്കി 'ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ' പ്രോഗ്രാമിൽ പങ്കെടുത്തു. ക്യാറ്റിക്കിസം ഡേ ആഘോഷത്തിന്റെ ഭാഗമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ നല്കിയ തീം 'നിങ്ങൾ എന്നെ വിശക്കുന്നവനായി എപ്പോൾ കണ്ടു' (മത്തായി 25:37) തിരുവചന ചോദ്യത്തിന് ഉത്തരമായാണ് കുട്ടികൾ ഈ പ്രോഗ്രാമിൽ പങ്കെടുത്തതെന്ന് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ അറിയിച്ചു.




മാതാപിതാക്കളും കുട്ടികളും ഉൾപ്പെടെ നൂറ്റിഇരുപതോളം പേർ ഇതിൽ ഉടനീളം പങ്കെടുത്തു.

കുട്ടികൾ തങ്ങളുടെ ജീവിതത്തിലെ നവ്യാനുഭവമായി ഇത് പങ്കുവെച്ചു. മതബോധന അദ്ധ്യാപക പ്രതിനിധി സിറിയക് കീഴങ്ങാട്ട് ഈ പ്രോഗ്രാമിന് നേതൃത്വം നല്കി.

# ടെലി ഹെൽത്ത് പുനരധിവാസ സേവനങ്ങൾ പ്രധാനപ്പെട്ടത്: ഡോ. ജോസഫ് സണ്ണി

കൊച്ചി: വൈകല്യമുള്ളവരെ ഉൾപ്പെടുത്തും വിധമുള്ള ടെലിഹെൽത്ത് പുനരധിവാസ സേവനങ്ങൾ ആവശ്യമാണെന്ന് ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ (എഐഒടിഎ) ഓണററി സെക്രട്ടറിയും പ്രയത്ന ഡയറക്ടറുമായ ഡോ. ജോസഫ് സണ്ണി ന്യൂഡൽഹിയിലെ വെർച്യുകെയർ ഫോറത്തിൽ ആവശ്യപ്പെട്ടു.

വെർചൽ ഹെൽത്ത് കെയറിൽ വൈകല്യമുള്ളവരെ ഉൾക്കൊള്ളാൻ സ്വീകരിക്കേണ്ട സമീപനങ്ങൾ എന്ന വിഷയത്തിൽ വെർച്യുകെയർ നെറ്റ്‌വർക്ക് ആതിഥേയത്വം വഹിച്ച് ന്യൂഡൽഹിയിലെ മെൽബൺ ഗ്ലോബൽ സെന്ററിൽ നടന്ന പോളിസി ആൻഡ് പ്രാക്ടീസ് ഫോറത്തിൽ വിശിഷ്ട പാനലിസ്റ്റായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.




ഏഷ്യ, പസഫിക് ഔട്ട്‌ലുക്ക് സീരീസിന്റെ ഭാഗമായി ഇന്ത്യയിലെ വെർചൽ ഹെൽത്ത്കെയറിന്റെ ഉന്നമനം ലക്ഷ്യമിട്ട് സംഘടിപ്പിച്ച പരിപാടിയായിരുന്നു ഇത്.

ഇന്ത്യയിലെ ഓസ്‌ട്രേലിയൻ ഹൈക്കമ്മീഷനിലെ മിനിസ്റ്റർ കൗൺസിലർ കാർലി പാർട്രിഡ്ജ്, ഓസ്‌ട്രേലിയ-ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ റിസർച്ച് അഡ്വൈസറും പബ്ലിക് ഹെൽത്ത് ഫിസിഷ്യനുമായ പ്രൊഫസർ നഥാൻ ഗ്രിൽസ്, സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം ഭിന്നശേഷി ശാക്തീകരണ വകുപ്പ് സെക്രട്ടറി രാജേഷ് അഗർവാൾ ഐഎഎസ്, ന്യൂഡൽഹിയിലെ ഡബ്ല്യുഎച്ച്ഒയിലെ ദേശീയ പ്രൊഫഷണൽ ഓഫീസർ ഡോ. മുഹമ്മദ് ആഷിൽ, അഡ്‌ലെയ്ഡ് സർവകലാശാലയിലെ ഒക്യുപേഷണൽ തെറാപ്പി പ്രോഗ്രാം ഡയറക്ടർ അസോസിയേറ്റ് പ്രഫസർ എമ്മ ജോർജ് ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കളുമായി ഇടപഴകാനുള്ള അവസരം ഡോ.



ജോസഫ് സണ്ണിക്ക് ലഭിച്ചു.

ഇന്ത്യയിലെ ലക്ഷക്കണക്കിന് ആളുകളുടെ പരിചരണത്തിൽ തുടർച്ച നിലനിർത്താൻ ടെലിഹെൽത്ത് അത്യാവശ്യമാണ്. വൈകല്യമുള്ളവരെ പിന്തുണയ്ക്കാൻ ഈ സേവനങ്ങളിൽ പുനരധിവാസ പ്രൊഫഷണലുകളുടെ സാന്നിധ്യം ഉറപ്പാക്കിക്കൊണ്ട് ടെലി-റിഹാബിലിറ്റേഷനും സംയോജിപ്പിക്കണം.

വെർചൽ ഹെൽത്ത് കെയറിൽ പരമാവധിയാളുകളെ ഉൾപ്പെടുത്തുന്നതിലൂടെയും സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിലൂടെയും പുനരധിവാസവും വികലാംഗ സേവനങ്ങളും മെച്ചപ്പെടുത്താൻ നമുക്കു കഴിയും: ഡോ. ജോസഫ് സണ്ണി പറഞ്ഞു.

കോവിഡ്-19 മഹാമാരിയിൽ നിന്നുള്ള പാഠങ്ങൾ ഉൾക്കൊണ്ട് വികലാംഗർക്ക് വെർചൽ ഹെൽത്ത് കെയർ മെച്ചപ്പെടുത്താൻ ലക്ഷ്യമിടുന്ന വെർച്യു കെയർ പദ്ധതി ഫോറം പ്രദർശിപ്പിച്ചു.

ഈ പദ്ധതിയിൽ ഇൻക്ലൂസീവ് വെർചൽ ഹെൽത്ത് കെയർ പരിഹാരങ്ങൾ വികസിപ്പിക്കാൻ മെൽബൺ യൂണിവേഴ്സിറ്റി, ഇ-സഞ്ജീവനി, ദി ജോർജ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഗ്ലോബൽ ഹെൽത്ത്, മറ്റ് പ്രധാന പങ്കാളികളും സഹകരിക്കുന്നു.

വികലാംഗരെയും ഉൾക്കൊള്ളുന്ന ആരോഗ്യ സംരക്ഷണത്തിൽ ഈ ചർച്ചകൾ ഭാവിയിൽ ഉണ്ടാക്കുന്ന സ്വാധീനത്തെക്കുറിച്ച് ഡോ. ജോസഫ് സണ്ണി ആവേശഭരിതനാണ്.

## തീരത്തെ തരൂർ

യു.എൻ. അണ്ടർ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞശേഷം 2006-ൽ സെക്രട്ടറി ജനറൽ സ്ഥാനത്തേക്ക് മത്സരിച്ച വിശ്വപൗരൻ ശശി തരൂർ സെക്രട്ടറി ജനറലായി തെരഞ്ഞെടുക്കപ്പെട്ട കൊറിയയുടെ ബാൻകി മൂണിനോട് കടുത്ത പോരാട്ടമാണ് കാഴ്ചവെച്ചത്.

തുടർന്ന് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ പ്രത്യേക ക്ഷണം സ്വീകരിച്ച് ഇന്ത്യയിൽ എത്തി 2008-ൽ കോൺഗ്രസിൽ അംഗത്വം എടുത്ത തരൂർ 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ സ്ഥാനാർത്ഥിയാവുകയും ഇടതുപക്ഷ സ്ഥാനാർത്ഥി ആയിരുന്ന സിപിഐയുടെ പി. രാമചന്ദ്രൻ നായരെ വലിയ മാർജിനിൽ



ശശി തരൂർ

പരാജയപ്പെടുത്തി ആദ്യമായി ഇന്ത്യൻ പാർലമെന്റിൽ എത്തുകയും ചെയ്തു.

രണ്ടാം മൻമോഹൻ സിംഗ് മന്ത്രിസഭയിൽ രണ്ടു തവണയായി ഏതാണ്ട് മൂന്നര വർഷത്തോളം സഹമന്ത്രി ആയിരുന്ന തരൂരിന് എന്തുകൊണ്ട് ക്യാബിനറ്റ് പദവി കൊടുത്തില്ല എന്ന ചോദ്യം ഇപ്പോഴും കാരണം കിട്ടാതെ അവശേഷിക്കുന്നു.

ഈ കാലയളവിൽ അദ്ദേഹത്തിന്റെ ഭാര്യ സുനന്ദ പുഷ്കരുടെ ആകസ്മിക മരണം അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ കരിയറിലും വ്യക്തിജീവിതത്തിലും സാരമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. രാഷ്ട്രീയ എതിരാളികൾ ഈ മരണം അദ്ദേഹത്തിനെതിരെയുള്ള ആയുധമാക്കി. ആരോപണങ്ങൾ നിലനിൽക്കുമ്പോൾ തന്നെ നടന്ന 2014-ലെ ഇലക്ഷനിൽ ബിജെപി കൂടുതൽ ശക്തമായ തിരുവനന്തപുരം മണ്ഡലത്തിൽ വാജ്പേയി സർക്കാരിൽ റെയിൽവേ സഹമന്ത്രിയായിരുന്ന ഒ. രാജഗോപാൽ കടുത്ത മത്സരം കാഴ്ചവെച്ചെങ്കിലും അവസാന റൗണ്ടിൽ തീരദേശത്തെ വോട്ടെണ്ണിയപ്പോൾ തരൂർ 15000-ൽ അധികം വോട്ടുകളുടെ വ്യത്യാസത്തിൽ ജയിച്ചു.



സുനിൽ വല്ലാത്തറ, ഫ്ളോറിഡ

2019-ൽ മൂന്നാം അങ്കത്തിന് ഇറങ്ങിയ തരൂർ രാഹുൽ തരംഗവും ശബരിമല വിഷയത്തിന്റെ ആനുകൂല്യവും പറ്റി താരതമ്യേന ദുർബല സ്ഥാനാർത്ഥിയായിരുന്ന കുമ്മനം രാജശേഖരനെ ഒരു ലക്ഷത്തോളം വോട്ടുകൾക്ക് പരാജയപ്പെടുത്തി. ഇതിനിടയിൽ കഴിഞ്ഞവർഷം നടന്ന എഐസിസി പ്രസിഡണ്ട് സ്ഥാനത്തേക്കുള്ള മത്സരത്തിൽ ഗാന്ധി കുടുംബത്തിന്റെ ഔദ്യോഗിക സ്ഥാനാർത്ഥി മല്ലികാർജുൻ ഖാർഗെക്കെതിരെ മത്സരിച്ചും തരൂർ വാർത്തകളിൽ ഇടംപിടിച്ചു. ആ മത്സരത്തിൽ നേടിയ ആയിരത്തിൽ അധികം വോട്ട് അദ്ദേഹത്തിന് വർക്കിങ് കമ്മിറ്റി മെംബർ സ്ഥാനവും നേടിക്കൊടുത്തു.

ഈ വർഷം ഏപ്രിലിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നാലാം പ്രാവശ്യവും തിരുവനന്തപുരത്തു മത്സരിക്കാൻ ഇറങ്ങിയ തരൂരിനു നേരിടേണ്ടി വന്നത് ബിജെപിക്ക് ഇറക്കുവാൻ പറ്റിയ ഏറ്റവും നല്ല സ്ഥാനാർത്ഥിയെ ആണ്. ഐടി വിദഗ്ദ്ധനും ധനാഢ്യനും അന്ന് കേന്ദ്ര മന്ത്രിയുമായിരുന്ന രാജീവ് ചന്ദ്രശേഖർ. വലിയ മത്സരം രാജീവ് കാഴ്ചവെച്ചെങ്കിലും അവസാന റൗണ്ടിൽ തീരദേശം എണ്ണിയപ്പോൾ തരൂർ 16000-ൽ അധികം വോട്ടുകൾക്ക് ജയിച്ച് വീണ്ടും അജയ്യൻ ആണെന്ന് തെളിയിച്ചു.

കഴിഞ്ഞ കുറെ ദിവസങ്ങളായി ദേശീയ ചാനലുകൾ ഉൾപ്പെടെ എല്ലാ മാധ്യമങ്ങളിലും വന്ന വാർത്ത കേരളത്തിലെ ഒരു കോൺഗ്രസ് എംപി ബിജെപിയിൽ ചേരുമെന്നാണ്. ചില മാധ്യമങ്ങൾ ഡോ. ശശി തരൂർ തന്നെയാണ് ആ കോൺഗ്രസ് എംപി എന്ന് ഉറപ്പിച്ചു പറഞ്ഞു.

ഇതിനൊന്നും ചെവി കൊടുക്കാതെ നടന്ന തരൂർ ഒടുവിൽ തിരുവോണദിവസം തന്റെ തറവാട് വീടായ പാലക്കാട് കൊല്ലങ്കോട് സദ്യ കഴിച്ചശേഷം ചുറ്റും കൂടിയ മാധ്യമങ്ങളോട് അസന്നിഗ്ധമായി പറഞ്ഞു: എന്ത് പ്രലോഭനമുണ്ടായാലും താൻ കോൺഗ്രസിൽ അടിയുറച്ചു നിൽക്കും.

ഇനി അറിയേണ്ടത് 2029-ലെ തെരഞ്ഞെടുപ്പിലും തരൂർ ജയിച്ചു കയറുന്നത് അവസാന റൗണ്ടിൽ എണ്ണുന്ന തീരത്തെ വോട്ടിന്റെ മാജിക്ക് കൊണ്ടാണോ എന്നാണ്?

## കെപിസിസി സെക്രട്ടറി കറ്റാനം ഷാജിക്ക് ചിക്കാഗോയിൽ സ്വീകരണം നല്കുന്നു



ചിക്കാഗോ: കെപിസിസി സെക്രട്ടറിയും ഓണാട്ടുകര കോക്കനട്ട് കോർപ്പറേഷൻ ചെയർമാനുമായ കറ്റാനം ഷാജിക്ക് ചിക്കാഗോയിലെ കോൺഗ്രസ് അനുഭാവികളുടെയും ഒഐസിസിയുടെ നേതൃത്വത്തിലും മൗണ്ട് പ്രോസ്പെക്ടസിലുള്ള തിലക് റെസ്റ്റോറന്റിൽ വെച്ച് ഒക്ടോബർ 5-ന് 12.30-ന് വമ്പിച്ച സ്വീകരണം നല്കുന്നു.

ഈ സമ്മേളനത്തിലേക്ക് ചിക്കാഗോയിലുള്ള എല്ലാ മലയാളികളേയും ക്ഷണിക്കുന്നതായി ഒഐസിസി നാഷണൽ വൈസ് പ്രസിഡണ്ട് ഗ്ലാഡ്സൺ വർഗീസ്, ഒഐസിസിയുടെ ചിക്കാഗോ പ്രസിഡണ്ട് ലൂയി ചിക്കാഗോ, ഒഐസിസി മിഡ്‌വെസ്റ്റ് ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത്, ഒഐസിസി ചിക്കാഗോ ട്രഷറർ രാജൻ തോമസ്, സെക്രട്ടറി സിനു പാലയ്ക്കത്തടം എന്നിവരും മറ്റു കമ്മിറ്റി അംഗങ്ങളും അറിയിച്ചു.

സെപ്റ്റംബർ 23-ന് ന്യൂയോർക്കിൽ എത്തുന്ന കറ്റാനം ഷാജിക്ക് ഒഐസിസി വൈസ് പ്രസിഡണ്ട് ചാരുമൂട് ജോസിന്റെ നേതൃത്വത്തിൽ സ്വീകരണം നല്കുന്നുണ്ട്. അതിനുശേഷം ഫിലാഡൽഫിയ, ഫ്ളോറിഡ, ഡാളസ്, ഹൂസ്റ്റൺ എന്നീ സ്ഥലങ്ങളിലും വിവിധ കോൺഗ്രസ് അനുഭാവികളുടെ നേതൃത്വത്തിൽ സ്വീകരണം നല്കും.

# മലയാള സിനിമയുടെ അമ്മമുഖം



മലയാള സിനിമയിലെ ബ്ലാക്ക് ആൻഡ് വൈറ്റ് – കളർ യുഗങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണികൂടി അറ്റു. മലയാളത്തിന്റെ എക്കാലത്തെയും അമ്മ മനസായിരുന്ന കവിയൂർ പൊന്നമ്മയും ഓർമകളുടെ ഓരത്തേക്ക് മായുകയാണ്.

ശരാശരി മലയാളികളുടെ അമ്മബോധത്തെ ഇത്രയധികം സ്വാധീനിച്ച ഒരു അഭിനേത്രി വേറെയുണ്ടാകില്ല. വേദനകൾ ഉള്ളിലൊതുക്കി സദാ പുഞ്ചിരിച്ച് മക്കളോട് മറുത്ത് ഒരക്ഷരം പറയാത്ത അമ്മ. അങ്ങനെയൊരു അമ്മ ഇമേജ് മലയാളിയുടെ മനസിലേക്ക് കൊണ്ടുവന്നത് കവിയൂർ പൊന്നമ്മയായിരുന്നു. മുണ്ടും നേര്യതുമായിരുന്നു സിനിമകളിലെ അവരുടെ വേഷം. പക്ഷേ ഒരേ വേഷം മാത്രമിട്ട് ഏറെക്കുറെ ഒരേ ഭാവങ്ങളോടെ അരനൂറ്റാണ്ട് മലയാളസിനിമയിൽ നിറഞ്ഞു നിൽക്കാൻ കഴിഞ്ഞതാണ് പൊന്നമ്മയെ മറ്റ് അഭിനേത്രികളിൽനിന്ന് വ്യത്യസ്തയാക്കുന്നത്.

1964–ൽ കുടുംബിനി എന്ന സിനിമയിൽ തുടങ്ങി 2021–ലെ അവസാന ചിത്രംവരെ പൊന്നമ്മ പകർന്നു നല്കിയത് നല്ല അമ്മയുടെ ഭാവം മാത്രം. അതിനപ്പുറമുള്ള അവരുടെ വേഷപ്പകർച്ച പ്രേക്ഷകർ ഇഷ്ടപ്പെട്ടില്ല. ഒന്നോ രണ്ടോ സിനിമകളിൽ അവർ അല്പം വില്ലത്തി സ്വഭാവമുള്ള അമ്മ വേഷങ്ങളിൽ എത്തിയതിനോട് ഏറെ പ്രതികൂലമായാണ് പ്രേക്ഷകർ പ്രതികരിച്ചത്. ന്യൂജൻ സിനിമകളിൽ അമ്മമാരും അച്ഛൻമാരുമൊക്കെ പടിക്ക് പുറത്താകുന്നതുവരെ നല്ല അമ്മ ഇമേജിൽ അവർ ജീവൻ നല്കിയത് ആയിരത്തിലധികം കഥാപാത്രങ്ങൾക്ക്.



കവിയൂർ പൊന്നമ്മ എന്നാൽ അഭിനേത്രി മാത്രമാണ് സാധാരണ പ്രേക്ഷകർക്ക്. അച്ഛന് സംഗീതത്തിൽ ഏറെ കമ്പമുണ്ടായിരുന്നതിനാൽ നന്നേ ചെറുപ്പത്തിലെ പൊന്നമ്മ സംഗീതമഭ്യസിച്ചു. അങ്ങനെ 12 വയസുള്ളപ്പോൾ കെപിഎസിയുടെ മൂലധനം എന്ന നാടകത്തിൽ തോപ്പിൽ ഭാസി പാടാൻ ക്ഷണിച്ചു. സാമൂഹിക ചുറ്റുപാടിൽ നാടകം സ്ത്രീകൾക്ക് നിഷിദ്ധമായിരുന്ന അന്നത്തെ കാലത്ത് കുടുംബത്തിൽനിന്നുതന്നെ ഒട്ടേറെ എതിർപ്പു നേരിട്ടാണ് പൊന്നമ്മ നാടകത്തിൽ എത്തിയത്.

അച്ഛനായിരുന്നു എല്ലാറ്റിനും പ്രോൽസാഹനം നല്കിയത്. മൂലധനം നാടകത്തിൽ നായികയെ കിട്ടാതെ വന്നപ്പോൾ തോപ്പിൽഭാസിയുടെ നിർബന്ധത്തിനുവഴങ്ങി ആദ്യമായി മുഖത്ത് ചായം തേച്ചു. അവിടെ കവിയൂർ പൊന്നമ്മ എന്ന അഭിനേത്രി ജനിക്കുകയായിരുന്നു. തുടർന്നങ്ങോട്ട് പൊന്നമ്മയുടെ തട്ടകം നാടകവും പിന്നെ സിനിമയുമായി.

പ്രമുഖ നാടക ട്രൂപ്പുകളിലെ മികച്ച അഭിനേത്രിയായി തിളങ്ങുമ്പോഴാണ് സിനിമയിലേക്ക് വഴിതുറന്നത്. മൂലധനം എന്ന ചിത്രത്തിലെ അമ്മ വേഷത്തിലൂടെയുള്ള തുടക്കം ദീർഘകാല കരിയറിന്റെ തുടക്കമായി. സത്യനേക്കാൾ പത്തു വയസ് കുറവുള്ളപ്പോൾ സത്യന്റെ അമ്മയായി അഭിനയിച്ചതിന്റെ അനുഭവങ്ങൾ പിന്നീട് അവർ പല അഭിമുഖങ്ങളിലും പങ്കുവെച്ചിട്ടുണ്ട്. തൊമ്മന്റെ മക്കൾ എന്ന ചിത്രത്തിൽ നസീർ, മധു എന്നിവരുടെ അമ്മയായി അഭിനയിച്ചപ്പോഴും അവരേക്കാൾ പൊന്നമ്മക്ക് പ്രായം നന്നേ കുറവായിരുന്നു.

തന്റെ സമകാലീനരായ നടിമാരിൽ പലരും വൈവിധ്യമാർന്ന വേഷങ്ങളിലൂടെ പ്രേക്ഷകരെ വിസ്മയിപ്പിച്ചപ്പോൾ കവിയൂർ പൊന്നമ്മ വ്യത്യസ്ത വേഷം ചെയ്തിട്ടില്ല. ഒരുപക്ഷേ സ്റ്റീരിയോടൈപ്പ് എന്ന് വിമർശകർക്ക് പറയാമെങ്കിലും പൊന്നമ്മയുടെ ശക്തി അതായിരുന്നു. ആ ഇമേജിൽ നിന്ന് പുറത്തുകടക്കാൻ അവർ ശ്രമിച്ചപ്പോഴെല്ലാം പ്രേക്ഷകരും സംവിധായകരും അത് പ്രോൽസാഹിപ്പിച്ചില്ല.

അറുപതുകളിലും എഴുപതുകളിലുമുണ്ടായ കുടുംബസിനിമകളിൽ കവിയൂർ പൊന്നമ്മയുടെ അമ്മവേഷം ഒഴിച്ചുകൂടാനാകാത്തതായിരുന്നു. തുടർന്ന് സിനിമകളുടെ ട്രെൻഡ് മാറിയപ്പോഴും പൊന്നമ്മയുടെ അമ്മമനസ് മാറിയില്ല. തൊണ്ണൂറുകളുടെ മധ്യത്തിൽ മലയാള സിനിമയുടെ വലിയൊരു ട്രെൻഡ് മാറ്റത്തിനു തുടക്കംകുറിച്ച റാംജിറാവ് സ്പീക്കിംഗിലും പ്രിയപ്പെട്ട അമ്മച്ചിയായി പൊന്നമ്മ മാറി. ആക്ഷൻ, കോമഡി, ഫാമിലി സിനിമകളിലെല്ലാം നല്ല അമ്മയുടെ മുഖത്തിന് ഒരേയൊരു ഭാവമേയുണ്ടായിരുന്നുള്ളൂ. അത് കവിയൂർ പൊന്നമ്മയായിരുന്നു.

തൊമ്മന്റെ മക്കൾ, ഓടയിൽനിന്ന്, അന്വേഷിച്ചു കണ്ടെത്തിയില്ല, അസുരവിത്ത്, വെളുത്ത കത്രീന, നദി, ഒതേനന്റെ മകൻ, നെല്ല്, കൊടിയേറ്റം, ഇതാ ഇവിടെ വരെ, ഈറ്റ, ചാമരം, സുകൃതം, കരിമ്പന, ഓപ്പോൾ, ഇളക്കങ്ങൾ, നക്ഷത്രങ്ങൾ, അച്ചുവേട്ടന്റെ വീട്, തനിയാവർത്തനം, കിരീടം, കാട്ടുകുതിര, സന്ദേശം, ഭരതം, കുടുംബസമേതം, ചെങ്കോൽ, വാത്സല്യം, ഹിസ് ഹൈനസ് അബ്ദുള്ള, തേൻമാവിൻ കൊമ്പത്ത്, അരയന്നങ്ങളുടെ വീട്, കാക്കക്കുയിൽ തുടങ്ങിയവയാണ് ശ്രദ്ധേയമായ മലയാള ചിത്രങ്ങൾ. സത്യാ എന്ന തമിഴ് ചിത്രത്തിലും പ്രിയുരാലു എന്ന തെലുങ്ക് ചിത്രത്തിലും വേഷമിട്ടിട്ടുണ്ട്.



മോഹൻലാലിന്റെ സിനിമകളിലെ അമ്മവേഷങ്ങളാണ് തൊണ്ണൂറുകളിൽ കവിയൂർപൊന്നമ്മയെ പ്രേക്ഷകർക്ക് പ്രിയങ്കരിയാക്കിയത്. ഇരുവരും അമ്മയും മകനുമായി അഭിനയിച്ച ചിത്രങ്ങൾ അത്രമേൽ സ്വാധീനം ചെലുത്തി. കിരീടം, ചെങ്കോൽ, ഹിസ് ഹൈനസ് അബ്ദുള്ള, തേന്മാവിൻകൊമ്പത്ത് തുടങ്ങി ഒട്ടേറെ ചിത്രങ്ങളിൽ ഈ കൂട്ട്കെട്ട് ഹിറ്റായി. മമ്മൂട്ടിയോടൊപ്പം മികച്ച പ്രകടനം കാഴ്ചവെച്ച പൊന്നമ്മ ചിത്രങ്ങളും ഏറെയാണ്. മമ്മൂട്ടി അവതരിപ്പിച്ച മകന്റെ കഥാപാത്രത്തിന് വിഷം പുരട്ടി ചോറു നല്കുന്ന തനിയാവർത്തനത്തിലെ അമ്മയെ ചലച്ചിത്ര പ്രേമികൾക്ക് മറക്കാനാകില്ല.

അച്ഛന്റെ മരണത്തോടെ കുടുംബഭാരം ഏറ്റെടുത്ത പൊന്നമ്മയ്ക്ക് അഭിനയം തൊഴിലും ജീവിതമാർഗവുമായിരുന്നു. കുടുംബത്തിനുവേണ്ടിയായിരുന്നു പൊന്നമ്മയുടെ ജീവിതം. സിനിമാനിർമാതാവ് മണിസ്വാമിയെ പ്രണയിച്ച് വിവാഹം കഴിച്ച അവർക്ക് പക്ഷേ ഏറെനാൾ സന്തോഷകരമായ ദാമ്പത്യജീവിതം നയിക്കാൻ കഴിഞ്ഞില്ല. മകൾ ബിന്ദുവിന്റെ ജനനത്തിനു ശേഷം അധികം താമസിയാതെ മണിസ്വാമിയും പൊന്നമ്മയും വേർപിരിഞ്ഞു.

സെറ്റുകളിൽനിന്ന് സെറ്റുകളിലേക്കുള്ള ഓട്ടത്തിൽ മകളെ വേണ്ടവിധം പരിചരിക്കാനോ വളർത്താനോ തനിക്ക് സാധിച്ചിട്ടില്ലെന്ന് പിൽക്കാലത്ത് അവർ പല അഭിമുഖങ്ങളിലും പറഞ്ഞിട്ടുണ്ട്. മകളെ സിനിമയുടെ വെള്ളിവെളിച്ചത്തിൽ നിന്നെല്ലാം മാറ്റി ഡോക്ടറാക്കി.

ഭർത്താവ് മണിസ്വാമിയുമായി പിരിഞ്ഞെങ്കിലും വർഷങ്ങൾക്കുശേഷം മണിസ്വാമി രോഗാതുരനായി മാറിയപ്പോൾ അദ്ദേഹത്തെ പൊന്നമ്മ തന്റെ വസതിയിലേക്ക് കൊണ്ടുവരികയും ശുശ്രൂഷിക്കുകയും ചെയ്തു. പൊന്നമ്മയുടെ വീട്ടിൽവെച്ചു തന്നെയാണ് മണിസ്വാമി മരിച്ചതും.

# മക്കൾ യഹോവ നല്കുന്ന അവകാശം

**ഏലിയാമ്മ ലൂക്കോസ്**

പൂർവ്വപിതാക്കന്മാരിൽ നിന്നു ലഭിക്കുന്ന അവകാശങ്ങളുണ്ട്. എന്നാൽ, ദൈവം നമുക്കു നല്കുന്ന അവകാശങ്ങളാണ് നമ്മുടെ മക്കൾ. ആ ബോധ്യം മനുഷ്യർക്കില്ലെങ്കിൽ അവർ എന്തു ക്രൂരതയും ചെയ്യും.

ട്രംപും കമലയും തമ്മിൽ നടന്ന വിവാദത്തിൽ ഒരു സ്ത്രീ അബോർഷനു വേണ്ടി വാദിച്ചപ്പോൾ എന്റെ തല താണുപോയി. കമല ഒരു സ്ത്രീയോ? സ്ത്രീക്ക് ഒരു ഹൃദയമില്ലേ? അയ്യോ, അരുതേ, കുഞ്ഞുങ്ങളെ കൊല്ലരുതെ. അവരില്ലെങ്കിൽ എങ്ങനെ നാട് അനുഗ്രഹിക്കപ്പെടും. ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കാൻ മാന്യരായ മനുഷ്യർ വേണം. രാജാവ് ദുഷ്ടത പ്രവർത്തിച്ചാൽ ജനങ്ങളെല്ലാം അതു പിന്തുടരും. നീതിമാനായ ഒരു രാജാവുള്ളിടത്തു ജനം സന്തോഷം അനുഭവിക്കും.

ഒരു സ്ത്രീ ആദ്യം മകളായും പിന്നീട് ഭാര്യയായും മാതാവായും ശോഭിക്കേണം. അതാണ് ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥ. ഒരു മാതാവാകുന്നത് മഹാഭാഗ്യമാണ്. എന്നാൽ, അവിടെ ചില ത്യാഗങ്ങൾ അനുഭവിക്കേണ്ടതുണ്ട്. വീട്ടുകാര്യങ്ങൾ നന്നായി നോക്കുന്ന ഉദ്യോഗസ്ഥകൾ ധാരാളമില്ലയോ? സ്ത്രീകളുടെ കടമകൾ ബുദ്ധിയോടെ, വിവേകത്തോടെ മാന്യവനിതകൾ ചെയ്യുന്നു. ഡോക്ടർമാരും നേഴ്സുമാരും ഈ ലോകത്ത് വനിതകളായി ധാരാളമുണ്ട്. അവരൊക്കെ ഗർഭംധരിച്ച് മക്കളെ പ്രസവിക്കുന്നു. പൊന്നുപോലെ അവരെ വളർത്തുന്നു. സ്ത്രീകൾക്ക് അതൊരു അഭിമാനമാണ്. കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന സ്ത്രീകൾ ഓർക്കണം, നിങ്ങൾ ജീവിക്കാൻ കാരണം നിങ്ങളുടെ മാതാവ് നിങ്ങളെ ജീവിക്കാൻ അനുവദിച്ചതുകൊണ്ടല്ലയോ? കൊല ചെയ്യുന്നവർ ശിക്ഷ അനുഭവിച്ചേ മതിയാകൂ. ഒരു കുഞ്ഞിക്കാല് കാണുവാൻ കൊതിക്കുന്ന എത്രയോ മനുഷ്യർ ഈ ലോകത്തുണ്ട്.

ലോകത്ത് ജനസംഖ്യ വർദ്ധിക്കുന്നുണ്ടോ? പണ്ടൊക്കെ ഒരു വീട്ടിൽ പ



ലേഖിക

ത്തും പന്ത്രണ്ടും മക്കളുണ്ടായിരുന്നു. മുസ്ലിം ഭവനങ്ങളിൽ മക്കൾ ധാരാളമുണ്ട്. ക്രിസ്ത്യൻ കുടുംബങ്ങളിൽ ഒന്നോ രണ്ടോ കൂടിയാൽ മൂന്ന് മക്കൾ മാത്രം. ധാരാളം പേർക്ക് മക്കളില്ല. ദുഃഖകരമായ അവസ്ഥയാണത്. ദൈവം നമുക്കു നല്കുന്ന അവകാശത്തെ ഒരിക്കലും അലക്ഷ്യമാക്കി കളയരുത്. ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവിനെക്കുറിച്ച് നാം മനസ്സിലാക്കിയിട്ടുണ്ട്. തന്റെ കൊതി തന്റെ വയറു ശ്രേഷ്ഠമേറിയ പദവി നഷ്ടപ്പെടുത്തി. ആ നഷ്ടം ഒരു തീരാനഷ്ടമായിരുന്നു. ആയുഷ്ക്കാലം മുഴുവൻ അവൻ തോൽവി അനുഭവിച്ചു. ഏദോം എന്നു വിളിക്കപ്പെട്ട ഏശാവ് ശാപഗ്രസ്ഥനായി ദൈവത്തിനു വേണ്ടാത്തവനായി മാറി. അമേരിക്ക ഭൂമിയിലെ സ്വർഗ്ഗമെന്നു പലരും വിശേഷിപ്പിക്കുന്നു. എന്നാൽ, അതിനെ തകർക്കുവാൻ ശാപഗ്രസ്ഥമായിത്തീരുവാൻ ദൈവത്തിന്റെ അവകാശങ്ങളായ കുഞ്ഞുങ്ങളെ നശിപ്പിച്ചാൽ ഇടയായിത്തീരും. ദൈവം ഈ രാജ്യത്തെ കൈവിടും. അതു സംഭവിക്കരുതേ!

പാവനമായി കുടുംബബന്ധം കാത്തുസൂക്ഷിക്കായ്കയാൽ ദുർഗതികൾ സംഭവിക്കുന്നു. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകശൂന്യനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യമത്രെ. മൃഗത്തിനു ജീവനുണ്ട്. ആത്മാവില്ല. പ്രാകൃത മനുഷ്യൻ മൃഗത്തിനു തുല്യനാണ്. അവരെ ഒഴിഞ്ഞുപോകാൻ വിവേകമതികളായ സ്ത്രീകൾക്കു കഴിയും. വിവേകമില്ലാത്ത ഒരു സുന്ദരി പന്നിയുടെ മൂക്കിലെ പൊൻമൂക്കുത്തി പോലെ എന്നു ജ്ഞാനിയായ ശലോമോൻ എഴുതി. പ്രാകൃതന്മാരുടെ നാടായി അമേരിക്ക മാറരുത്. ഭരണകൂടം അവർക്ക് വളംവെച്ചു കൊടുക്കരുത്.

ഉന്നതനിലവാരം പുലർത്തേണ്ടവർ തന്നെ പ്രാകൃതന്മാരായി മാറിക്കഴിഞ്ഞു. ലോകം മുഴുവൻ വീക്ഷിച്ചുകൊണ്ടിരുന്ന ഒരു സ്റ്റേജിൽ ഇത്ര ഹീനമായ വിധത്തിൽ അബോർഷനെ ഉയർത്തിയ ആ വ്യക്തി ഒരു സാധാരണക്കാരി ആയിരുന്നെങ്കിൽ സഹിക്കാമായിരുന്നു. നമ്മുടെ നാട് നശിപ്പാൻ ഇടവരുത്തരുതേ. ചിരിച്ചു മയക്കാനോ കൊഞ്ഞനം കാട്ടാനോ അറിയാത്തവരുണ്ട്. ഒരു ബിസിനസുകാരന് തന്റെ നിലയിലിരുന്നുകൊണ്ട് മാത്രമേ ഇടപെടാൻ അറിയൂ. തന്റെ നാടിന്റെ നന്മയ്ക്ക് ആര് പ്രവർത്തിക്കുന്നുവോ അവരാണ് നാട് ഭരിക്കേണ്ടത്. അവകാശങ്ങളെ നശിപ്പിക്കരുതേ. "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയെ അടക്കി വാഴുവിൻ" എന്നു ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ടു പറഞ്ഞുവല്ലോ.

മനുഷ്യർ വളരാൻ ആഗ്രഹിക്കുന്നവരാണ്. വർദ്ധനവിനു പകരം നശിപ്പിക്കൽ ദ്രോഹമാണ്. ഫറവോൻ എബ്രായരായ ആൺകുഞ്ഞുങ്ങളെ നൈൽനദിയിൽ എറിഞ്ഞുകൊല്ലാൻ കല്പന കൊടുത്തു. ഹേറോദാവ് യേശുവിനെ നശിപ്പിക്കാനുള്ള ഇദ്ദേഹത്തിന്റെ രണ്ടു വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങളെ കൊല്ലാൻ ഉത്തരവിട്ടു. ദുഷ്ടന്മാരായ ഭരണാധികാരികളായിരുന്നു അവർ. അമേരിക്കയിൽ കുഞ്ഞുങ്ങളെ ജനിക്കാൻ അനുവദിക്കരുതെന്ന പ്രമാണം ഉയർത്തുന്ന ദുഷ്ടജനങ്ങളെയോർത്ത് കരയുകയല്ലാതെ എന്തു ചെയ്യും? ജനമേ അതരുതേ, നമ്മുടെ അവകാശികളെ നശിപ്പിക്കരുതേ.

നിയമപ്രകാരം അമേരിക്കയിൽ വന്നവർക്ക് ജീവിക്കാൻ മാർഗ്ഗമില്ലാതിരിക്കുമ്പോൾ നുഴഞ്ഞുകയറ്റക്കാരെ പ്രോത്സാഹിപ്പിക്കുന്ന ഒരു ഭരണകൂടം നമുക്കാവശ്യമോ? കൊള്ളക്കാരും മയക്കുമരുന്നിനടിമകളായവരുമൊക്കെ ഇവിടെ കടന്നുവന്ന് ശല്യം ചെയ്യുന്നതിൽ നമുക്കു ഭാരമില്ലയോ? എനിക്ക് ഒരു രാഷ്ട്രീയവും ഇല്ല. എന്നാൽ നാട് നശിക്കരുതെന്ന ആഗ്രഹം എനിക്കുമുണ്ട്. ഉത്തമനായ ഒരു ഭരണാധികാരി ഇവിടെ ഉണ്ടാകണം. മക്കളും കൊച്ചുമക്കളും ഒക്കെ ഉള്ളവർക്ക് ലോകപരിചയമുണ്ടാകും. അവിഹിത ബന്ധത്തിൽ ജീവിക്കുന്നവരെ താങ്ങുന്ന ഒരു ഭരണം ഞാൻ വെറുക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്കു സുരക്ഷിതമായി സ്കൂളിലും കോളജിലും മറ്റും പോകാനുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിലില്ലല്ലോ.

മുന്തിരിത്തോട്ടത്തെ നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ തുരത്താൻ കഴിയുന്നില്ലെങ്കിൽ അവരിൽനിന്നു രക്ഷനേടാൻ വഴികൾ ഒരുക്കണമല്ലോ. സ്കൂൾ കോമ്പൗണ്ടിൽ തോക്കുമായി പ്രവേശിക്കുന്നവരെ കണ്ടുപിടിക്കാനുള്ള സംവിധാനമില്ലാത്തത് എന്തുകൊണ്ടാണ്? എന്തു ധൈര്യത്തിനു കുട്ടികളെ സ്കൂളിൽ വിടും? ഒരു വശത്ത് ഗർഭപാത്രത്തിൽ വെച്ചു നശിപ്പിക്കാൻ ശ്രമിക്കുമ്പോൾ മറുവശത്ത് തോക്കിനാൽ നശിപ്പിക്കുന്നു. നമ്മുടെ തലമുറകൾ ജനിക്കേണ്ടയോ? ജീവിക്കേണ്ടയോ?

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.52 |
| യൂറോ | 93.20 |
| സ്റ്റെർലിംഗ്പൗണ്ട് | 111.22 |
| സ്വിസ് ഫ്രാങ്ക് | 98.15 |
| സിംഗപ്പൂർ ഡോളർ | 64.69 |
| കനേഡിയൻ ഡോളർ | 61.59 |
| ഒമാൻ റിയാൽ | 216.96 |
| ബഹ്റൈൻ ദിനാർ | 221.64 |
| സൗദി റിയാൽ | 22.26 |
| യു.എ.ഇ. ദിർഹം | 22.74 |
| കുവൈത്ത് ദിനാർ | 273.82 |

## പുതിയ രക്തഗ്രൂപ്പ് കണ്ടെത്തി

ബ്രിസ്റ്റോൾ: ബ്രിട്ടനിലെ എൻഎച്ച്എസ് ശാസ്ത്രജ്ഞർ പുതിയ രക്ത ഗ്രൂപ്പ് കണ്ടുപിടിച്ചു. ബ്രിസ്റ്റോൾ സർവകലാശാലയുടെ പിന്തുണയോടെ സൗത്ത് ഗ്ലസ്റ്റർഷറിലെ എൻഎച്ച്എസ് ബ്ലഡ് ആൻഡ് ട്രാൻസ്പ്ലാന്റ് (എൻഎച്ച്എസ്ബിടി) ശാസ്ത്രജ്ഞരാണ് എംഎഎൽ എന്നു പേരിട്ട പുതിയ രക്ത ഗ്രൂപ്പ് കണ്ടെത്തിയത്. 1972-ൽ കണ്ടെത്തിയിരുന്ന എഎൻഡബ്ല്യുജെ ആന്റിജൻ ഗ്രൂപ്പിൽ നടത്തിയ ഗവേഷണമാണ് കണ്ടെത്തലിനു സഹായിച്ചത്. ലോകമെങ്ങുമുള്ള ഒട്ടേറെ അപൂർവരോഗികൾക്കു പ്രയോജനകരമാകുന്ന കണ്ടുപിടിത്തമാണിത്.

മനുഷ്യരിലെ ചുവന്ന രക്തകോശങ്ങൾക്കു വെളിയിൽ ആന്റിജൻ എന്നറിയപ്പെടുന്ന പ്രോട്ടീനുകളുണ്ട്. എന്നാൽ, അപൂർവം ചിലരിൽ ഇതുണ്ടാകില്ല. എൻഎച്ച്എസ്ബിടിയുടെ ഫിൽട്ടനിലെ ഇന്റർനാഷണൽ ബ്ലഡ് ഗ്രൂപ്പ് റഫറൻസ് ലബോറട്ടറിയിൽ നടന്ന ജനിതക പരീക്ഷണത്തിലൂടെ ഇതാദ്യമായി ഈ ആന്റിജൻ ഇല്ലാത്ത രോഗികളെ കണ്ടെത്താനുള്ള പരിശോധന വികസിപ്പിച്ചെടുത്തതായി 20 വർഷമായി പദ്ധതിയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞ ലൂയിസി ടില്ലി പറഞ്ഞു. ഇത്തരം അപൂർവ രക്തഗ്രൂപ്പ് ഉള്ളവരെ കണ്ടെത്താനും രക്തം നൽകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും സാധിക്കുമെന്നും അവർ പറഞ്ഞു. ഈ ലബോറട്ടറിയിൽ പ്രവർത്തിക്കുന്ന ഫിലിപ്പ് ബ്രൗണിന് 20 വർഷം മുൻപ് രക്താർബുദം കണ്ടെത്തിയിരുന്നു. ബ്രൗണിന്റെ ജീവൻരക്ഷയ്ക്കായി മജ്ജ മാറ്റിവെക്കലും രക്തം മാറ്റലും നടത്തുന്നതിനൊപ്പം എഎൻഡബ്ല്യുജെ ജനിതക പരീക്ഷണവും തുടർന്നു. ഇതാണ് പുതിയ രക്തഗ്രൂപ്പ് കണ്ടെത്തലിലേക്കു നയിച്ചത്.

## ജമ്മു കാശ്മീരിൽ 59 ശതമാനം പോളിംഗ്

ജമ്മു: ജമ്മു കാശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ 59 ശതമാനം പോളിംഗ് രേഖപ്പെടുത്തി. അന്തിമകണക്ക് വരുമ്പോൾ പോളിംഗ് ശതമാനം ഉയരും.

ഏഴു ജില്ലകളിലെ 24 മണ്ഡലങ്ങളാണ് സെപ്റ്റംബർ 18-ന് വിധിയെഴുത്ത് നടത്തിയത്. അങ്ങിങ്ങ് ഉണ്ടായ ചില നിസാര സംഭവങ്ങൾ ഒഴിച്ചാൽ പോളിംഗ് പൊതുവേ സമാധാനപരമായിരുന്നു. 77 ശതമാനം പേർ വോട്ട് ചെയ്ത കിഷ്ത്വാർ ജില്ലയാണു പോളിംഗിൽ മുന്നിൽ. പുൽവാമയിലാണ് ഏറ്റവും കുറവ്- 46 ശതമാനം.

കഴിഞ്ഞ ഏഴു തെരഞ്ഞെടുപ്പുകളേക്കാൾ (നാലു ലോക്സഭ, മൂന്നു നിയമസഭ) ഉയർന്ന പോളിംഗ് ശതമാനമാണിത്. ജമ്മു കാശ്മീരിൽ രണ്ടാം ഘട്ടം തെരഞ്ഞെടുപ്പ് 25-നും മൂന്നാം ഘട്ടം ഒക്ടോബർ ഒന്നിനും നടക്കും.



# കേരളാ സെന്റർ പയനീർ ക്ലബ് സംയുക്ത ഓണം–24 വർണ്ണാഭമായി

**ജോസ് കാടാപുറം**

ചിക്കാഗോ: കേരളാ സെന്റർ പയനീർ ക്ലബ് സെപ്റ്റംബർ 14-ന് കേരളാ സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് വിവിധ കലാപരിപാടികളോടെ ഓണം ആഘോഷിച്ചു. പയനീർ ക്ലബ് സെക്രട്ടറി വർഗീസ് അബ്രഹാമിന്റെ അവതരണത്തോടു കൂടി യോഗം ആരംഭിച്ചു. വിശിഷ്ടാതിഥികളും വിവിധ അസോസിയേഷൻ ഭാരവാഹികളും ചേർന്ന് നിലവിളക്ക് കൊളുത്തി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. താലപ്പൊലി, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ വിശിഷ്ടാതിഥികളും ഭാരവാഹികളും ചേർന്ന് മഹാബലിയെ വേദിയിലേക്ക് സ്വീകരിച്ചാനയിച്ചു. മാവേലിമന്നന്റെ ഓണസന്ദേശത്തിനുശേഷം നൂപുര ഡാൻസ് ഗ്രൂപ്പിന്റെ തിരുവാതിരയും ഡാൻസും മനോഹരമായ നവ്യാനുഭവമായി. മേരിക്കുട്ടി മൈക്കിളിന്റെ ഓണഗാനം മാധുര്യമുള്ളതായിരുന്നു.

കേരളാ സെന്റർ പ്രസിഡണ്ട് അലക്സ് എസ്തപ്പാൻ എല്ലാവർക്കും സ്വാഗതം പറഞ്ഞു. പയനീർ ക്ലബ് പ്രസിഡണ്ട് ജോണി സക്കറിയ ഓണത്തിന്റെ കൂട്ടായ്മയെക്കുറിച്ചും പയനീർ രണ്ടു വർഷത്തിനിടയിൽ നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ചും പറയുകയുണ്ടായി. വയനാട് ദുരിതാശ്വാസ നിധിയിലേക്ക് പ്രതീക്ഷിക്കാത്ത വലിയ തുക ലഭിച്ചതിൽ പയനീർ ക്ലബ് അംഗങ്ങളോടുള്ള നന്ദിയും രേഖപ്പെടുത്തി.

സെനറ്റർ കെവിൻ തോമസ്, കേരളാ സെന്റർ സ്ഥാപക പ്രസിഡണ്ട് ഇ. എം. സ്റ്റീഫൻ എന്നിവർ ആശംസകളർപ്പിച്ചു. മുഖ്യാതിഥി ഗുരു പാർത്ഥസാരഥി പിള്ള ഓണസന്ദേശം നല്കി.









തുടർന്ന് പയനീർ ക്ലബ് പ്ലാക്ക് നല്കി അദ്ദേഹത്തെ ആദരിച്ചു. ഡോ. ബെൻസി തോമസായിരുന്നു പരിപാടികളുടെ എംസി, മേരി ഫിലിപ്പ്, അബി തോമസ്, തോമസ് പോൾ എന്നിവർ കലാപരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്തു.

കേരളാ സെന്റർ സെക്രട്ടറി രാജു തോമസ് എല്ലാവർക്കും നന്ദി പറഞ്ഞതിനുശേഷം വിഭവസമൃദ്ധമായ ഓണസദ്യയോടെ പങ്കാളിത്തത്തിലും പരിപാടികളിലും മികവ് പുലർത്തിയ കേരളാ സെന്റർ-പയനീർ ക്ലബ് സംയുക്ത ഓണം-24 സമാപിച്ചു.









# ഈ കപ്പൽ ആടിയുലകയില്ല…സർ

രാജു മൈലപ്ര


കേരളത്തിലുള്ള തന്റെ പ്രജകളെ ആണ്ടിലൊരിക്കൽ മാത്രം സന്ദർശിക്കുവാനുള്ള 'വിസിറ്റിംഗ് വിസ' മാത്രമേ വാമനൻ മഹാബലിക്ക് കൊടുത്തിരുന്നുള്ളു. ഒറ്റദിവസം കൊണ്ട് ഓടി നടന്ന്, തന്റെ പ്രജകൾ പതിനെട്ട് കൂട്ടം കൂട്ടി വയറുനിറയെ സദ്യകഴിച്ച്, ഏമ്പക്കം വിടുന്ന കാഴ്ച കണ്ട്, സന്തോഷത്തോടെ തിരിച്ചു പാതാളത്തിലേക്ക് മടങ്ങിക്കൊള്ളണം. അതാണ് കണ്ടീഷൻ.

ഈ വിസ അനുവദിക്കുന്ന കാലത്ത് കേരളീയർ, കേരളത്തിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ, ഇന്ന് അതു വല്ലതുമാണോ അവസ്ഥ. ലോകത്തിന്റെ മുക്കിലും മൂലയിലുമെല്ലാം മലയാളികളുണ്ടല്ലോ! അമേരിക്കയിൽ വിവിധ സ്ഥലങ്ങളിലായി, വിവിധ സംഘടനകളുടെ വകയായി ഏതാണ്ട് മൂന്നു മാസക്കാലത്തോളം ഓണാഘോഷ പരിപാടികളുണ്ട്.

ഈ ആഘോഷങ്ങൾ കൊഴുപ്പിക്കുവാനായി വിശിഷ്ടാതിഥികളായി പങ്കെടുക്കുവാൻ കേരളത്തിൽ നിന്നുമെത്തിയിട്ടുള്ള രാഷ്ട്രീയ നേതാക്കന്മാരും സിനിമാ താരങ്ങളും ഇവിടെ ചുറ്റിത്തിരിയുന്നുണ്ട്.

അവരോടൊപ്പം നിന്നു ഫോട്ടോയെടുക്കുന്നതും ഫേസ്ബുക്കിൽ പോസ്റ്റു ചെയ്യുന്നതുമൊക്കെ നല്ല കാര്യം തന്നെ. പക്ഷേ, നടികളെയൊന്നും തോണ്ടാനും ചൊറിയാനുമൊന്നും നിൽക്കരുത്. നടിമാർക്ക് കൈകൊടുക്കുമ്പോൾ കൈവെള്ളയിൽ ചൊറിയാനോ കണ്ണിറുക്കി കാണിക്കുവാനോ ശ്രമിക്കരുത്. കഴിവതും അഭിവാദ്യങ്ങൾ 'കൂപ്പുകൈ'യിൽ ഒതുക്കുന്നതാണ് ബുദ്ധി! അല്ലെങ്കിൽ ഒരുപക്ഷേ, 'ഹേമ കമ്മീഷൻ റിപ്പോർട്ട്-ഒരു അമേരിക്കൻ അനുബന്ധം' എന്ന പേരിൽ മറ്റൊരു റിപ്പോർട്ടുകൂടി വന്നേക്കാം. കലികാലമാണ് സൂക്ഷിക്കണം.

നാട്ടിൽനിന്നും വന്ന വിശിഷ്ടാതിഥികൾ ഇവിടെ ജനിച്ചുവളർന്ന, മലയാളി കുട്ടികൾക്കു ചില നല്ല ഉപദേശങ്ങൾ കൊടുക്കുന്നതായുള്ള വാർത്ത വായിച്ചു. പിള്ളേർക്കു മലയാളം അറിയാത്തത് അവരുടെ ഭാഗ്യം. ഇവിടെയുള്ളവർ തന്നെ ഒരു പരുവത്തിലൊക്കെയാണ് പിള്ളേരുടെ മുന്നിൽ പിടിച്ചുനില്ക്കുന്നത്.



ലേഖകൻ

എന്റെ സിനിമാബന്ധം 'ഉദയാ, നീലാ' ചിത്രങ്ങളിലൂടെ തുടങ്ങി, സത്യൻ അന്തിക്കാട്, പ്രിയദർശൻ കാലഘട്ടം വരെ എത്തിയിട്ട് ഫുൾസ്റ്റോപ്പിട്ടിരിക്കുകയാണ്.

അതുകൊണ്ടുതന്നെ 'ആടുജീവിതവും', 'ആവേശ'വുമൊന്നും ആസ്വദിക്കാനുള്ള കഴിവ് എനിക്കില്ലാതെപോയി.

ഇപ്പോൾ എന്റെ വിശ്രമവേളകളിലെ വിനോദമെന്നു പറയുന്നത്, നാട്ടിൽ നിന്നുമുള്ള വാർത്താ ചാനലുകളും യൂട്യൂബ് ചാനലുകളും കാണുകയെന്നുള്ളതാണ്. ഒരു സിനിമയ്ക്കു വേണ്ടുന്നതിലുമധികം ചേരുവകൾ അതിലുണ്ട്.

എന്നാൽ, ഇന്നത്തെ എന്റെ വിഷയം അതൊന്നുമല്ല. ഈ വിഷയത്തിൽ അഭിപ്രായം പറയേണ്ട ഒരു കാര്യവുമെനിക്കില്ല. എന്നാൽ, ചിലതൊക്കെ കാണുമ്പോഴും കേൾക്കുമ്പോഴും അറിയാതെ പ്രതികരിച്ചുപോകും.

'അത്രയ്ക്കായോ, എന്നാൽ ഇന്നു രണ്ടു തല്ലു കൊണ്ടിട്ടേ ഞാൻ പോകൂ' എന്നൊരു മാനസികാവസ്ഥ!

കഴിഞ്ഞ ഒരു മാസത്തിലധികമായി കേരളത്തിലെ ഒരു ജനപ്രതിനിധി, അദ്ദേഹം ഉൾപ്പെടുന്ന ഒരു സർക്കാർ സംവിധാനത്തിനെതിരായി നിരവധി ആരോപണങ്ങൾ 'തെളിവ്' സഹിതം വാർത്താസമ്മേളനം നടത്തി വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സ്വന്തം വ്യക്തി താല്പര്യത്തിനു വേണ്ടിയല്ല, വരുംതലമുറയുടെ ഭാവി ഭാസുരമാക്കുവാൻ വേണ്ടിയാണ് താനിത് ചെയ്യുന്നതെന്ന് അദ്ദേഹം ആവർത്തിച്ചു പറയുന്നുണ്ട്. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ മാനിക്കുന്നു.

കേരളത്തിലെ ക്രമസമാധാന നില ആകെ തകരാറിലാണെന്നും അതു നിയന്ത്രിക്കുവാൻ നിയോഗിക്കപ്പെട്ട ഉത്തരവാദിത്വപ്പെട്ട വ്യക്തികൾ എല്ലാത്തരം കൊള്ളരുതായ്മകൾക്കും കൂട്ടുനിൽക്കുകയാണെന്നുമാണ് അദ്ദേഹം ആരോപിക്കുന്നത്. സ്വർണ്ണക്കടത്ത്, കള്ളക്കടത്ത്, ഹവാല, കൊലപാതകം, ബലാൽസംഗം... അങ്ങനെ എന്തെല്ലാം? കേട്ടിട്ട് കൊതിയാവുന്നു.

ഇതു പലതവണ ആവർത്തിച്ചു കേട്ടപ്പോൾ, അന്തിച്ചർച്ചയിലെ ചൂടുള്ള വിഷയമായപ്പോൾ, 'എവിടെയോ എന്തോ ഒരു പന്തികേട്' എന്ന് പലർക്കും തോന്നിത്തുടങ്ങി. ഇതേക്കുറിച്ച് ഉടനടി അന്വേഷണം വേണമെന്ന് ചില ഘടകകക്ഷികൾ തന്നെ ആവശ്യപ്പെട്ടു. സർക്കാർ ആടിയുലയുകയാണെന്ന് ചിലർ അഭിപ്രായപ്പെട്ടു.

കപ്പിത്താൻ മാത്രം ഒന്നും ഉരിയാടുന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ അഴിമതിയും കൈക്കൂലിയുമൊന്നും ഒരു കുറ്റമല്ല. അഴിമതി നടത്തിയതിന്റെ പേരിൽ ഒരു രാഷ്ട്രീയക്കാരനും തടവറയിൽ കഴിയുന്നില്ല.

പത്തിന്റെ പൈസാ കൈയിൽ ഇല്ലാത്തവൻ ഒരു രാഷ്ട്രീയക്കാരന്റെ കുപ്പായമണിഞ്ഞ് കളത്തിലിറങ്ങിയാൽ, കണ്ണടച്ചു തുറക്കുന്നതിനു മുൻപ് കോടീശ്വരനാകും. ഇത് എങ്ങനെ, എവിടെ നിന്നൊന്നും ആരും അന്വേഷിക്കാറില്ല.

ക്യാപ്റ്റൻ മൗനവ്രതത്തിലാണെന്നു കണ്ടപ്പോൾ, ആരോപണമുന്നയിച്ചുകൊണ്ടിരുന്ന ജനപ്രതിനിധിക്ക് ആരാധകർ കൂടി. ഇദ്ദേഹത്തിന്റെ കൂടെ കൂടുന്നതാണ് തങ്ങളുടെ ഭാവി നിലനില്പിന് നല്ലതെന്നു ചിലർ കണക്കുകൂട്ടി. ഒളിഞ്ഞും തെളിഞ്ഞും അവർ അമ്പെയ്ത്ത് തുടങ്ങി. ആരും നേരെ നിന്ന് ഒന്നും പറയുന്നില്ല. എതിരാളി സൂര്യനാണ്-അടുത്താൽ കരിഞ്ഞുപോകും!

അവസാനം രണ്ടും കല്പിച്ച്, വരുന്നതു വരട്ടെയെന്നു കരുതി, ഒരേ പ്രത്യയശാസ്ത്രത്തോടെ, ഒരമ്മയുടെ വയറ്റിൽ പിറന്ന, സിപിഐ എന്ന പ്രസ്ഥാനത്തിന്റെ സെക്രട്ടറി, ആരോപിതരെ (ശേഷം 30-ാം പേജിൽ)

## പ്രവാസികളെ പുകഴ്ത്തി നരേന്ദ്ര മോദി

(3-ാം പേജിൽനിന്നും)

പ്രവാസികൾ ഇന്ത്യയുടെ ബ്രാൻഡ് അംബാസഡർമാരാണെന്നും അതുകൊണ്ടാണ് അവരെ രാഷ്ട്രദൂതർ എന്ന് വിളിക്കുന്നതെന്നും മോദി കൂട്ടിച്ചേർത്തു.

നിങ്ങളുടെ സ്നേഹമാണ് എന്റെ ഏറ്റവും വലിയ ഭാഗ്യം. നിങ്ങൾ ഇന്ത്യയ്ക്കും അമേരിക്കയ്ക്കും ഇടയിൽ പാലം പണിതു. നിങ്ങളുടെ കഴിവുകളും അർപ്പണബോധവും സമാനതകളില്ലാത്തതാണ്. നിങ്ങളെ ഏഴു കടലുകളാൽ വേർപെടുത്തിയാലും ഇന്ത്യയിൽ നിന്ന് നിങ്ങളെ അകറ്റാനാകില്ല. നമ്മൾ എവിടെ പോയാലും എല്ലാവരെയും കുടുംബമായി കണ്ട് ആശ്ലേഷിക്കും. വൈവിദ്ധ്യത്തെ മനസ്സിലാക്കുകയും അതിൽ ജീവിക്കുകയും ചെയ്യുന്നത് നമ്മുടെ രക്തത്തിലുള്ളതാണ്. വിവിധ ഭാഷകളാൽ സമ്പന്നമായ ഒരു രാജ്യത്തു നിന്നാണ് നമ്മൾ വരുന്നത്. ലോകത്തിലെ എല്ലാ വിശ്വാസങ്ങളുടെയും മതങ്ങളുടെയും ഭവനമാണ് ഭാരതം. നമ്മൾ ഐക്യത്തോടെ മുന്നേറുകയാണ്. നിങ്ങളെല്ലാവരും ദൂരദേശങ്ങളിൽ നിന്ന് ഇവിടെ വന്നവരാണ്. നിങ്ങളിൽ ചിലർ പഴയ മുഖങ്ങളാണ്. ചിലർ പുതിയ മുഖങ്ങളാണ്. ഇവിടെ എനിക്ക് ലഭിക്കുന്ന സ്നേഹത്തിന് ഞാൻ നന്ദിയുള്ളവനാണ്. ഞാൻ പലതവണ ഇവിടെ സന്ദർശിക്കാൻ എത്തിയിട്ടുണ്ട്. പ്രസിഡണ്ട് ജോ ബൈഡൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് എന്നെ കൊണ്ടുപോയി. അദ്ദേഹത്തിന്റെ ഊഷ്മളത ശരിക്കും സ്പർശിക്കുന്നതായിരുന്നു.

ഈ ബഹുമതി 140 കോടി ഇന്ത്യക്കാർക്കും ഇവിടെ താമസിക്കുന്ന എല്ലാ ഇന്ത്യക്കാർക്കും അവകാശപ്പെട്ടതാണ്. ബൈഡനും നിങ്ങൾക്കും ഞാൻ നന്ദി പറയുന്നു.

2024 ലോകത്തിനു പ്രാധാന്യമുള്ള വർഷമാണ്. ചില രാജ്യങ്ങൾ സംഘർഷത്തിലും പോരാട്ടത്തിലും ഏർപ്പെട്ടിരിക്കുമ്പോൾ മറ്റു പലരും ജനാധിപത്യത്തെ ആഘോഷിക്കുന്നു. ജനാധിപത്യത്തിന്റെ ഈ ആഘോഷത്തിൽ ഇന്ത്യയും അമേരിക്കയും ഒരുമിച്ചു നിൽക്കുന്നു: പ്രധാനമന്ത്രി പറഞ്ഞു. ഡെലാവറിലെ ഇന്ത്യൻ സമൂഹവുമായും മോദി കൂടിക്കാഴ്ച നടത്തി.

## അതിഷി അധികാരമേറ്റു

(3-ാം പേജിൽനിന്നും)

ധനം, റവന്യൂ, വിദ്യാഭ്യാസം, പൊതുമരാമത്ത്, ജലം, ഊർജം, നിയമം, വിജിലൻസ്, പ്ലാനിംഗ്, സർവീസസ് അടക്കം നിരവധി പ്രധാന വകുപ്പുകളുടെ കാബിനറ്റ് മന്ത്രിയായി പ്രവർത്തിച്ചുവരുകയായിരുന്നു അതിഷി. എഎപിയുടെ തുടക്കം മുതൽ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. ധനകാര്യം, വിദ്യാഭ്യാസം, പൊതുമരാമത്ത്, വൈദ്യുതി തുടങ്ങിയ പ്രധാന വകുപ്പുകൾ അതിഷിതന്നെ തുടർന്നും കൈകാര്യം ചെയ്യുമെന്നാണു സൂചന.

നാലു മാസത്തിനകം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുവരെ മാത്രമാകും താൻ ഡൽഹിയുടെ ഭരണച്ചുമതല നിർവഹിക്കുകയെന്നും തന്റെ 'ഗുരു' ആയ കെജ്രിവാൾ തന്നെയാണു ഡൽഹിയുടെ ഒരേയൊരു മുഖ്യമന്ത്രിയെന്നും അതിഷി പറഞ്ഞു.

അതിഷി മർലേന സിംഗ് 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പു കാലം മുതലാണു പേരിന്റെ വാൽഭാഗം ഒഴിവാക്കി അതിഷി ആക്കിയത്. ഡൽഹി സർവകലാശാലയിലെ അധ്യാപകരായ പ്രഫ. വിജയ് സിംഗ് തോമറിന്റെയും പ്രഫ. ത്രിപ്ത വഹിയുടെയും മകളായി 1981 ജൂൺ എട്ടിനു ജനിച്ച അതിഷിക്ക് മാർക്സ്, ലെനിൻ എന്നിവരുടെ പേരുകൾ ചേർത്താണ് മർലേന എന്ന മധ്യനാമം നൽകിയത്. പഞ്ചാബി രാജ്പുട്ട് തോമർ സമുദായക്കാരനായിരുന്ന പിതാവ് തികഞ്ഞ മതേതരവാദിയായിരുന്നു. എന്നാൽ, മർലേന എന്നതു ക്രൈസ്തവ നാമം ആണെന്ന വ്യാജപ്രചാരണം ബിജെപി കേന്ദ്രങ്ങൾ നടത്തിയതിനെത്തുടർന്ന് പേര് അതിഷി എന്നാക്കുകയായിരുന്നു.

ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജിൽനിന്നു ചരിത്രത്തിൽ ബിരുദവും ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് സർവകലാശാലയിൽനിന്ന് ഇംഗ്ലീഷിലും ചരിത്രത്തിലും ബിരുദാനന്തര ബിരുദവും അതിഷി സ്വന്തമാക്കിയിട്ടുണ്ട്.

ഓക്സ്ഫഡിൽ അഭിമാനകരമായ റോഡ്സ്, രാധാകൃഷ്ണൻ-ചെവനിംഗ് സ്കോളർഷിപ്പുകളും നേടി. ഹൈദരാബാദിൽ അധ്യാപികയും പിന്നീട് മധ്യപ്രദേശിൽ സാമൂഹ്യപ്രവർത്തകയുമായിരുന്നു.

## കവിയൂർ പൊന്നമ്മ ഓർമയായി

(3-ാം പേജിൽനിന്നും)

ശ്രീപീഠം വീട്ടിലെത്തിച്ച മൃതദേഹത്തിൽ നാട്ടുകാരും ബന്ധുക്കളും അന്ത്യാഞ്ജലി അർപ്പിച്ചു. 21-ന് വൈകുന്നേരം 4.30-ന് വീട്ടുവളപ്പിൽ ഔദ്യോഗിക ബഹുമതികളോടെ മൃതദേഹം സംസ്കരിച്ചു. പത്തനംതിട്ടയിലെ കവിയൂരിൽ ടി.പി. ദാമോദരന്റെയും ഗൗരിയമ്മയുടെയും മകളായി 1944 ജനുവരി ആറിനാണ് പൊന്നമ്മ ജനിച്ചത്. അന്തരിച്ച നടി കവിയൂർ രേണുക അടക്കം ഇളയ ആറു സഹോദരങ്ങൾകൂടിയുണ്ട്. അന്തരിച്ച മണിസ്വാമിയാണ് ഭർത്താവ്. ഏകമകൾ ബിന്ദു അമേരിക്കയിൽ ഡോക്ടറാണ്.

ഗായികയായാണ് കലാരംഗത്തേക്കുള്ള കവിയൂർ പൊന്നമ്മയുടെ പ്രവേശനം. അച്ഛൻ ദാമോദരനിൽനിന്നാണ് പൊന്നമ്മയ്ക്ക് സംഗീതാഭിരുചി പകർന്നുകിട്ടിയത്. പന്ത്രണ്ടാം വയസിൽ സംഗീത സംവിധായകൻ ജി. ദേവരാജന്റെ നാടകത്തിൽ പാടാനായി പൊന്നമ്മയെ ക്ഷണിച്ചതോടെ തോപ്പിൽഭാസിയുടെ 'മൂലധന'ത്തിൽ ആദ്യമായി പാടി. പിന്നീട് അതേ നാടകത്തിൽ നായികയുമായി. ക്രമേണ കെപിഎസിയിലെ പ്രധാന നടിയായി മാറിയ പൊന്നമ്മ പിന്നീട് സിനിമയിലെത്തുകയും ആറു പതിറ്റാണ്ട് നീണ്ട സിനിമാ ജീവിതത്തിൽ എഴുനൂറിലധികം സിനിമകളിൽ വേഷമിടുകയും ചെയ്തു.

1962-ൽ ശ്രീരാമപട്ടാഭിഷേകത്തിലൂടെയാണ് സിനിമാ അരങ്ങേറ്റം. ആദ്യമായി അമ്മവേഷമിട്ടത് 1964-ൽ പുറത്തിറങ്ങിയ കുടുംബിനി എന്ന ചിത്രത്തിലാണ്. 1963-ൽ കാട്ടുമൈന എന്ന ചിത്രത്തിലൂടെ സിനിമാ പിന്നണിഗാനരംഗത്തും അരങ്ങേറ്റം കുറിച്ചു. മികച്ച സഹനടിക്കുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം നാലു തവണ പൊന്നമ്മയെത്തേടിയെത്തി. സത്യൻ, മധു, പ്രേംനസീർ, സോമൻ, സുകുമാരൻ, മമ്മൂട്ടി, മോഹൻലാൽ തുടങ്ങിയ നടന്മാരുടെയടക്കം അമ്മ വേഷങ്ങളിലൂടെയാണ് പൊന്നമ്മ ശ്രദ്ധിക്കപ്പെട്ടത്. നെഗറ്റീവ് റോളുകളും അവതരിപ്പിച്ചിട്ടുണ്ട്. 2021-ൽ പുറത്തിറങ്ങിയ ആണും പെണ്ണും എന്ന ആന്തോളജി സിനിമയിലാണ് അവസാനമായി വേഷമിട്ടത്. മധു അടക്കമുള്ള തന്നേക്കാളും പ്രായമേറിയവരുടെയും അമ്മവേഷങ്ങളിൽ പൊന്നമ്മ തിളങ്ങിയിട്ടുണ്ട്.

## അനുര ദിസനായകെ പുതിയ പ്രസിഡണ്ട്

(3-ാം പേജിൽനിന്നും)

പ്രേമദാസ 32.8 ശതമാനം വോട്ടും നേടി. നിലവിലെ പ്രസിഡണ്ട് റനിൽ വിക്രമസിംഗെയ്ക്ക് 17.27 ശതമാനം വോട്ടു മാത്രമാണു ലഭിച്ചത്. മുൻ പ്രസിഡണ്ട് മഹിന്ദ രാജപക്സെയുടെ മകൻ നമലിനു നാല് ശതമാനം വോട്ടു പോലും ലഭിച്ചില്ല.

ആർക്കും 50 ശതമാനം വോട്ട് ലഭിക്കാതെ വന്നതോടെ ദിസനായകയെയും പ്രേമദാസനെയും മാത്രം ഉൾപ്പെടുത്തി രണ്ടാം റൗണ്ട് വോട്ടെണ്ണൽ നടത്തുകയായിരുന്നു. ഇരുവർക്കും ലഭിച്ച രണ്ടാം മുൻഗണനാ വോട്ടുകളും മൂന്നാം മുൻഗണനാ വോട്ടുകളും എണ്ണിയപ്പോഴും ദിസനായകെ മുന്നിലെത്തി. ജെവിപി ഉൾപ്പെട്ട നാഷണൽ പീപ്പിൾസ് പവർ മുന്നണിയുടെ പ്രതിനിധിയായാണ് ദിസനായകെ മത്സരിച്ചത്.

ശ്രീലങ്കയിൽ 2022-ലെ ജനകീയ പ്രക്ഷോഭത്തിനുശേഷം നടക്കുന്ന ആദ്യ തെരഞ്ഞെടുപ്പിൽ പരമ്പരാഗത കക്ഷികളെ കടപുഴക്കിയായിരുന്നു ജെവിപിയുടെയും ദിസനായകയുടെയും മുന്നേറ്റം.

1971-ലും 1987-89 കാലയളവിലും സായുധകലാപത്തിലൂടെ അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ച പാർട്ടിയാണു ജെവിപി. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മൂന്ന് സീറ്റ് മാത്രമാണു ലഭിച്ചത്.

ശ്രീലങ്കയിലെ അനുരാധപുരയിലുള്ള തംബുട്ടെഗമ ഗ്രാമത്തിൽ തൊഴിലാളിദമ്പതികളുടെ മകനായാണ് ദിസനായക ജനിച്ചത്. കൊളംബോയിലെ കെലനിയ സർവകലാശാലയിലെ പഠനകാലത്ത് വിദ്യാർത്ഥിരാഷ്ട്രീയത്തിലെത്തി. 1987-89-ലെ ജെവിപി സായുധകലാപത്തിൽ പങ്കെടുത്തു. 2000-ൽ എംപിയായി. 2004-ൽ ചന്ദ്രിക കുമാരതുംഗെയുടെ കൂട്ടുകക്ഷി സർക്കാരിൽ കൃഷിമന്ത്രിയായി.

എൽടിടിഇയെ തകർക്കാൻ ലക്ഷ്യമിട്ടു പിൽക്കാലത്ത് മഹിന്ദ രാജപക്സെ നടത്തിയ സൈനിക ദൗത്യത്തെ പിന്തുണച്ചിരുന്നു.

# SEEKING BRIDEGROOM

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to **foreverulove2023@gmail.com** or **469-371-7023**.

# SEEKING BRIDE

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to **hiswillforme01@gmail.com** with recent pictures and details.

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girl*s who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDEGROOM CONTD.....

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

# നിര്യാതരായി

## മാത്യു കെ. ഏബ്രഹാം

**തിരുവല്ല:** കാട്ടൂക്കര കുഴിക്കാല മാവുനിൽക്കുന്നതിൽ മാത്യു കെ. ഏബ്രഹാം (കുഞ്ഞുകുഞ്ഞി-75) അന്തരിച്ചു. ഭാര്യ അന്നമ്മ മാത്യു. മക്കൾ: സുനു എബി മാത്യു (യുഎസ്), സീന റെയ് മാത്യു (ബെംഗ്ളൂരു). മരുമക്കൾ: റിനോഷ് (ബെംഗ്ളൂരു), ലിഡ (യുഎസ്).

**തോട്ടയ്ക്കാട്:** കൊണ്ടോടിക്കൽ കുഴിവയലിൽ ടോം തോമസിന്റെ (റിട്ട. സൂപ്രണ്ട് ജില്ലാ കോടതി, കോട്ടയം) ഭാര്യ തെങ്ങണ ഗുഡ്ഷെപ്പേർഡ് സ്കൂൾ ടീച്ചർ ഷിജിമോൾ ടോം (56) അന്തരിച്ചു.

**തിരുവനന്തപുരം:** മേരിമക്കൾ സന്യാസിനി സമൂഹത്തിലെ വെണ്ണിയൂർ നിർമ്മല പ്രൊവിൻസ് നെല്ലിമൂട് ഭവനാംഗമായ സിസ്റ്റർ മേരി ക്രൂസ് (95) അന്തരിച്ചു.

## മേരി തോമസ്

**ചിറക്കടവ്:** പുതുപ്പറമ്പിൽ പി.ജെ. തോമസിന്റെ ഭാര്യ മേരി തോമസ് (90) അന്തരിച്ചു. അഴങ്ങാട് കുന്നക്കാട്ട് കുടുംബാംഗമാണ്. മക്കൾ: ഫിലോമിന, സിസ്റ്റർ ജെസമ്മ (ഇറ്റലി), പരേതനായ സണ്ണി തോമസ്, ഷേർളി, ബീന, ഷൈനി, റെജി സിജോ, സോണിയ. മരുമക്കൾ: ജോണി പൊട്ടനാനിക്കൽ (അഞ്ചിലിപ്പ), ജോസ് കരിപ്പാക്കുടിയിൽ (പിഴക്), ലാൽ പുതുപ്പറമ്പിൽ (യുഎസ്), ജോയിമോൻ പുതിയാപറമ്പിൽ (വെളിച്ചിയാനി), സുദർശൻ (ദുബായ്), പരേതനായ നോബിൾ അഞ്ചനാട്ട് പനച്ചേപ്പള്ളി, ജിമ്മി വടക്കേമുറിയിൽ (ആലക്കോട്).

**വൈക്കം:** റിട്ട. എസ്ഐ വല്ലകം നങ്ങേലിത്തറയിൽ എൻ.കെ. വിജയൻ (74) അന്തരിച്ചു.

## അന്നമ്മ ജോസഫ്

**കോതനല്ലൂർ:** വെള്ളൂരാറ്റിൽ അന്നമ്മ ജോസഫ് (അമ്മിണിയമ്മ-77) അന്തരിച്ചു. ഭർത്താവ് പരേതനായ വി.സി. ജോസഫ്. മക്കൾ: പരേതനായ സിബി ജോസഫ്, സാജൻ, സന്ധ്യ (കോട്ടയം മെഡിക്കൽ കോളജ്), സ്വപ്ന (യുഎസ്). മരുമക്കൾ: സിൽവസ്റ്റർ പുത്തൻപുര മാറിക (യുഎസ്), ഷൈമ പൂവത്താനികുന്നേൽ പൊൻകുന്നം.


**സംക്രാന്തി:** പള്ളിപ്പുറം മനയിൽ പരേതനായ എം.വി. ജോർജിന്റെ ഭാര്യ കോട്ടയം മെഡിക്കൽ കോളജ് റിട്ട. നേഴ്സിങ് സൂപ്രണ്ട് മേരി ജോർജ് (84) അന്തരിച്ചു.

**കുറവിലങ്ങാട്:** വെടിയഞ്ചേരിയിൽ മറിയക്കുട്ടി ദേവസ്യ (94) അന്തരിച്ചു.

**മല്ലപ്പള്ളി:** റിട്ട. സിവിൽ സർജൻ മുതുകുളത്തിൽ നിർമല ഭവൻ ഡോ. ഫ്ളോറമ്മ മാണി (67) അന്തരിച്ചു.

**പുളിങ്കുന്ന്:** കണ്ണാടി തറയിൽ ജോർജ് ജോസഫ് (ബേബിച്ചൻ-89) അന്തരിച്ചു.

## മാമ്മൻ തോമസ്



**മിഷിഗൺ:** കല്ലിശ്ശേരി നമ്പുമഠത്തിൽ കുടുംബാംഗമായ മാമ്മൻ തോമസ് (ദാസ്-84) ഡിട്രോയിറ്റിൽ അന്തരിച്ചു. ഡിട്രോയിറ്റ് മാർത്തോമ്മാ ഇടവകയുടെ സ്ഥാപക അംഗങ്ങളിൽ ഒരാളായ മാമ്മൻ തോമസ് ജനറൽ ഇലക്ട്രിക്, ഡിട്രോയിറ്റ് മെട്രോ എയർപോർട്ട് എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചശേഷം വിശ്രമജീവിതം നയിക്കുകയായിരുന്നു. മല്ലപ്പള്ളി തെക്കേമുറിയിൽ കുടുംബാംഗമായ റേച്ചൽ മാമ്മൻ (അമ്മിണി) ആണ് ഭാര്യ. മക്കൾ: സുജ ഫ്രാൻസിസ്, സുനിത പണിക്കർ. മരുമക്കൾ: ഫ്രാൻസിസ് ഏബ്രഹാം, റ്റോണി പണിക്കർ. സഹോദരങ്ങൾ: മറിയാമ്മ കോശി, പരേതനായ എൻ.റ്റി തോമസ്, ശോശാമ്മ നൈനാൻ, സാറാമ്മ കുര്യൻ, ശാമുവേൽ തോമസ്, സ്കറിയ തോമസ്.

**പൊൻകുന്നം:** മംഗലത്ത്കരോട്ട് (ഏർത്തയിൽ) പരേതനായ എം.എം. ജോർജിന്റെ (റിട്ട. അദ്ധ്യാപകൻ) ഭാര്യ തങ്കമ്മ ജോർജ് (തങ്കമണി-83) അന്തരിച്ചു.

**കവിയൂർ:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥ കറ്റോർമലയിൽ സൂസമ്മ വർഗീസ് (മോളി-75) ഹൈദരാബാദിൽ അന്തരിച്ചു.

**മണർകാട്:** കൊച്ചിപറമ്പിലായ കണ്ണിമലയിൽ പരേതനായ മാർക്കോസിന്റെ ഭാര്യ കുഞ്ഞമ്മ മർക്കോസ് (80) അന്തരിച്ചു.

**മഴുക്കീർ:** എയർഫോഴ്സ് റിട്ട. ഉദ്യോഗസ്ഥൻ മേപ്പള്ളിൽ എം.ടി. ചാക്കോ (ബേബി-79) അന്തരിച്ചു.

## ഫാ.ജോർജ് കരിന്തോളിൽ

**കൊച്ചി:** ദിവ്യകാരുണ്യ മിഷനറി സന്യാസസമൂഹം (എംസിബിഎസ്) മുൻ ജനറലും ധ്യാനഗുരുവുമായിരുന്ന ഫാ. ജോർജ് കരിന്തോളിൽ (71) അന്തരിച്ചു.

**മാങ്ങാനം:** മയ്യാറ്റിൽ പരേതനായ എം.കെ. ജോസഫിന്റെ ഭാര്യ സിസിലി ജോസഫ് (82) അന്തരിച്ചു.

**കോട്ടയം:** കുന്നംകുളം കാണിയമ്പാൽ തെക്കേക്കര കൊച്ചൻവീട്ടിൽ യാക്കിം വർഗീസ് (74) അന്തരിച്ചു.

**കോതമംഗലം:** തങ്കളം കുറ്റപ്പാലയിൽ ശോശാമ്മ അന്തരിച്ചു.

## വി.ജെ. തോമസ്

**കുമരകം:** വല്യാറ നടയ്ക്കൽ വി.ജെ. തോമസ് (88) അന്തരിച്ചു. ഭാര്യ ചേർത്തല മുട്ടത്തു നടയ്ക്കൽ പരേതയായ കത്രീനാമ്മ തോമസ്. മക്കൾ: ജോസ്. തോമസ്, കുര്യൻ തോമസ്, ജോയ് തോമസ് (യുഎസ്). മരുമക്കൾ: ജിനി കർത്താനം (കോക്കമംഗലം), ഷീന ആലാനിക്കൽ (തിടനാട്).

**ഏറ്റുമാനൂർ:** അതിരമ്പുഴ മറ്റം കവലയിൽ തേക്കടത്തു ശിവാലയം വീട്ടിൽ തലച്ചിറ ശശിയുടെ ഭാര്യ സുധ ശശി (67) അന്തരിച്ചു.

## ഏലി തോമസ്

**വെസ്റ്റ്ഹിൽ:** ഏലത്തൂർ സിഎംസി സ്കൂൾ റിട്ട. അദ്ധ്യാപിക ഏലി തോമസ് മഠത്തിൽ കുടിയിൽ (85) അന്തരിച്ചു. ഭർത്താവ് പരേതനായ എം.പി. തോമസ്. മക്കൾ: ബിജു തോമസ് (ഹൂസ്റ്റൺ), ജോൺ തോമസ്. മരുമക്കൾ: ഷീബ തോമസ് (ഹൂസ്റ്റൺ), നിമ്മി ജോൺ (എസ്ബിഐ പാവങ്ങാട്).

**കുറിച്ചി:** സചിവോത്തമപുരം ജയനിവാസിൽ പരേതനായ കെ.എം. പുരുഷോത്തമന്റെ (റിട്ട. തഹസിൽദാർ) ഭാര്യ മൃഗസംരക്ഷണ വകുപ്പ് റിട്ട. ഫീൽഡ് ഓഫീസർ ശാന്താ ബെൻ ശിവദാസ് (80) അന്തരിച്ചു.

## മറിയാമ്മ സാമുവേൽ



**ഡാളസ്:** അങ്കമാലി ഇമ്മാനുവേൽ കോട്ടജിൽ പരേതനായ എ.വൈ. സാമുവേലിന്റെ സഹധർമ്മിണി മറിയാമ്മ സാമുവേൽ (89) ഡാളസിൽ അന്തരിച്ചു. ഐപിസി എബനേസർ ഡാളസ് സഭാംഗമാണ്. മക്കൾ: ജെയിൻ മാത്യു, ജോൺ ശാമുവേൽ, ഗ്രെയ്സ് മാത്യു, പരേതനായ പ്രിൻസ് സാമുവേൽ. മരുമക്കൾ: മാത്യു ബേബി, പരേതനായ ജോൺ മാത്യു, നിസി ജോൺ.

**കൊച്ചി:** കരിമുകൾ ഫിലിപ് കാർബൺ മുൻ ഉദ്യോഗസ്ഥൻ തരകൻവീട്ടിൽ ജോർജ് നൈനാൻ (കുഞ്ഞൂഞ്ഞുകുട്ടി-72) അന്തരിച്ചു.

**പറവൂർ:** സിപിഐഎം നേതാവും മുൻ നഗരസഭാദ്ധ്യക്ഷനും ഓൾ ഇന്ത്യ ലോയേഴ്സ് യൂണിയൻ മുൻ ദേശീയ വൈസ് പ്രസിഡണ്ടുമായിരുന്ന നടുവിലപറമ്പിൽ അഡ്വ. എൻ.എ. അലി (83) അന്തരിച്ചു.

**നാട്ടകം:** കുമാർ ഭവനിൽ എൻ. കുമാർ (60) അന്തരിച്ചു.

## ഡോ.പി.ഐ. ഇട്ടിച്ചെറിയ

**കളത്തിൽപടി:** അഗ്രിക്കൾചറൽ കൺസൾട്ടന്റ് (യുഎസ്) പൂവക്കുന്നേൽ ഡോ. പി.ഐ. ഇട്ടിച്ചെറിയ (83) യുഎസിൽ അന്തരിച്ചു. ഭാര്യ കോഴഞ്ചേരി കോട്ടൂരത്ത് മോളി ഇട്ടിച്ചെറിയ. മക്കൾ: ജോയി, റോയി, പരേതനായ അനു. മരുമക്കൾ: ബിനു കളത്തിൽ (കോട്ടയം), കൊച്ചുമോൾ പീസ് കോട്ടേജ് (കൊട്ടാരക്കര), പരേതയായ സുമി പാറയിൽ (തിരുവനന്തപുരം).

## തോമസ് കെ. തോമസ്



**വാഷിങ്ടൺ:** അമേരിക്കയിൽ ഇന്ത്യൻ എംബസി ഉദ്യോഗസ്ഥനായിരുന്ന തോമസ് കെ. തോമസ് (50) അന്തരിച്ചു. തൃശൂർ മുക്കാട്ട്കര പരേതരായ ആളൂർ കൊക്കൻ വീട്ടിൽ കെ.ഡി. തോമാസിന്റെയും ട്രീസ തോമസിന്റെയും മകനാണ്. ഇരിങ്ങാലക്കുട നെടുമ്പറമ്പിൽ എൻ.എം. വർഗീസിന്റെയും ത്രേസ്യാമ്മയുടെയും മകൾ ജിനി തോമസാണ് ഭാര്യ. സ്റ്റീവ് തോമസ്, ജെന്നിഫർ തോമസ് എന്നിവർ മക്കളാണ്. സഹോദരങ്ങൾ: ഷീബ ബ്രിട്ടാസ് (റെയിൽവേ), ശോഭ ബേസിൽ (കേന്ദ്ര ഗതാഗതമന്ത്രാലയം) എന്നിവർ സഹോദരിമാരാണ്.

**കുഴിമറ്റം:** വാകത്താനം പുത്തൻചന്ത എംഡി യു.പി സ്കൂൾ റിട്ട. അദ്ധ്യാപിക കാഞ്ഞിരത്തുംമൂട്ടിൽ പി.കെ. അന്നമ്മ (92) അന്തരിച്ചു.

## അന്നമ്മ കുര്യൻ

**മാൻവെട്ടം:** മുതിരക്കാലായിൽ പരേതനായ സേവ്യർ കുര്യന്റെ ഭാര്യ അന്നമ്മ കുര്യൻ (84) അന്തരിച്ചു. ഏറ്റുമാനൂർ കുറ്റിക്കൽ കുടുംബാംഗമാണ്. മക്കൾ: ബെന്നി കുര്യൻ (റിട്ട. എസ്ഐ), പുഷ്പ കുര്യൻ (വാരണാസി), സന്തോഷ് കുര്യൻ (യുഎസ്), ബിനോയ് കുര്യൻ, അജീസ് കുര്യൻ, നോബിൾ കുര്യൻ (മൂവരും യുകെ), ഷമ്മി കുര്യൻ (മസ്കറ്റ്). മരുമക്കൾ: ആനി അഗസ്റ്റിൻ (റിട്ട. അദ്ധ്യാപിക), ഡോ. സുബോദ് കുമാർ സിങ് (വാരണാസി), സിജിമോൾ (യുഎസ്), ലിബി, റൂത്ത്, ജീമോൾ (മൂവരും യുകെ), ബോബൻ (മസ്കറ്റ്).

**കുറിച്ചി:** മണലിൽതറ പടാരത്തിൽ കുറിച്ചി സാജ്കോ ഇൻഡസ്ട്രീസ് ജീവനക്കാരൻ ജോജോ ജോസഫ് (45) അന്തരിച്ചു.

**മണ്ണയ്ക്കനാട്:** ഓലിക്കൽ മറിയക്കുട്ടി ജോസഫ് (93) അന്തരിച്ചു.

## മാത്യു ജോസഫ്

**ഉഴവൂർ:** ഉഴവൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ട് നീറാമ്പുഴ മാത്യു ജോസഫ് (മാമ്മൻ-72) അന്തരിച്ചു. ഭാര്യ തൃപ്പൂണിത്തുറ പാലത്തിങ്കൽ റാണി. മക്കൾ: സൗമ്യ, സൗബിൻ, സൗഷ്യ. മരുമക്കൾ: അജൂൺ കദളിക്കാട്ടിൽ ഇടമറുക്, ജിനി തോട്ടത്തിൽ വയനാട്, ജോയൽ (എല്ലാവരും യുഎസ്).

**ചിങ്ങവനം:** പുത്തൻപറമ്പിൽ സ്റ്റോഴ്സ് ഉടമ പി.ജി. ദയാലു (64) അന്തരിച്ചു.

**കോട്ടയം:** നട്ടാശേരി തെക്കുംകൂർ പാലസ് വായുകോണിക്കൽ മകംനാൾ അമ്മിണി തമ്പുരാട്ടി (84) തൃപ്പൂണിത്തുറയിൽ അന്തരിച്ചു.

**കൊച്ചി:** പൈനാടത്ത് മഴുവൻചേരിപറമ്പത്ത് തറയിൽ ജോർജ് മാത്യു (മാത്തുക്കുട്ടി-83) അന്തരിച്ചു.

**പാലാ:** കട്ടക്ക്-ഭുവനേശ്വർ (ഒഡീഷ) അതിരൂപതാംഗം ഫാ. അഗസ്റ്റിൻ കരിങ്കുറ്റിയിൽ (85) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ഈരാറ്റുപേട്ട സബ് രജിസ്ട്രാർ ഓഫീസ് റിട്ട. ജൂണിയർ സൂപ്രണ്ട് അഞ്ചിലിപ്പ വേലംകുന്നേൽ വി.ടി. ജോസഫ് (74) അന്തരിച്ചു.

**സംക്രാന്തി:** കിടാരത്തിൽ കെ.ജെ. ജോസഫിന്റെ ഭാര്യ (കോട്ടയം മെഡിക്കൽ കോളജ് റിട്ട. ഹെഡ് നേഴ്സ്) പി.യു. ക്ലാര (86) അന്തരിച്ചു.

## ഏലിയാമ്മ ജേക്കബ്

**പുതുപ്പള്ളി:** പുന്നവേലി പുത്തൻപറമ്പിൽ പരേതനായ കെ.ഇ. ജേക്കബിന്റെ ഭാര്യ ഏലിയാമ്മ (88) അന്തരിച്ചു. തോട്ടയ്ക്കാട് ചിറപ്പുറത്ത് കിഴക്കേമുറി മലയിൽ കുടുംബാംഗമാണ്. മക്കൾ: ബിജി (യുഎസ്), ഡോ. വിൽസൺ (കാനഡ), പരേതനായ മനു. മരുമകൾ: ഷേർളി മണ്ണൂർ (മീനടം).

**ചിങ്ങവനം:** പുല്ലുപറമ്പിൽ പരേതനായ പി.എം. ചാക്കോയുടെ മകൻ ഷൈജു പി. ചാക്കോ (48) അന്തരിച്ചു.

**കുറിച്ചി:** ഫാക്ട് മുൻ ഉദ്യോഗസ്ഥൻ പുതുപറമ്പിൽ ഫിലിപ്പ് (74) അന്തരിച്ചു.

**വലവൂർ:** മുണ്ടത്താനത്ത് പാലാ എംസി മാർബിൾസ് പാർട്ണർ എം.എം. മാനുവൽ (ബേബി-74) അന്തരിച്ചു.

**ചങ്ങനാശേരി:** മാമ്മൂട് കുളത്തുങ്കൽ പരേതനായ കെ.സി. സെബാസ്റ്റ്യന്റെ ഭാര്യ അന്നക്കുട്ടി സെബാസ്റ്റ്യൻ (87) അന്തരിച്ചു.

**ചേർപ്പുങ്കൽ:** കോട്ടൂർ പരേതനായ ജോസഫ് ചാക്കോയുടെ ഭാര്യ പെണ്ണമ്മ ജോസഫ് (അപ്പ-86) അന്തരിച്ചു.

**നെടിയശാല:** പുറപ്പുഴ ഗവ. എൽപിഎസ് റിട്ട. പ്രധാനാധ്യാപകൻ നടുവക്കുന്നേൽ ബേബി ജോസ് (67) അന്തരിച്ചു.


**കങ്ങഴ:** പേഴാനിക്കൽ കെ.ജെ. സാമുവൽ (76) അന്തരിച്ചു.

## ഡോ. ലീലാമ്മ അത്യാൽ

**തിരുവല്ല:** സെറാംപൂർ സർവകലാശാലയിൽനിന്നു ഡിടിഎച്ച് നേടിയ ആദ്യ വനിതയും കൊൽക്കത്ത ബിഷപ്സ് കോളജ്, ചെന്നൈ ഗുരുകുൽ ലൂഥറൻ തിയളോജിക്കൽ കോളജ് ആൻഡ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ അധ്യാപികയുമായിരുന്ന ഡോ. ലീലാമ്മ അത്യാൽ (82) അന്തരിച്ചു. ഭർത്താവ്: മാർത്തോമ്മാ സഭാ വൈദികൻ റവ. ഡോ. ഏബ്രഹാം പി. അത്യാൽ. മക്കൾ: റീത്ത, ഡോ. റെജി ഫിലിപ് അത്യാൽ. മരുമക്കൾ: പ്രിൻസ് ജോർജ് ഐപ്പ് (യുഎസ്), ഡോ. പ്രീതി സൈമൺ (കുവൈത്ത്).

**ഏറ്റുമാനൂർ:** സൗദി അറേബ്യയിൽ മിലിറ്ററി ട്രെയിനിങ് കോളജ് റിട്ട. അധ്യാപകൻ മനപ്പാട്ടുപറമ്പിൽ എം. തോമസ് മാത്യു (ബേബി-76) അന്തരിച്ചു.

## തങ്കമ്മ ജോൺ



**മണ്ണൂർ:** കണ്ണമത്ത് വീട്ടിൽ പരേതനായ സാമുവൽ ജോണിന്റെ ഭാര്യ തങ്കമ്മ ജോൺ (77) ടെക്സസിൽ അന്തരിച്ചു. മക്കൾ: സ്റ്റെനി, റെനി, സൗമിനി. മരുമകൾ: മനു ജോൺ.

**തിരുവനന്തപുരം:** കേരള കോൺഗ്രസ് (എം) വനിതാ വിഭാഗം മുൻ സംസ്ഥാന പ്രസിഡണ്ടും അഖില കേരള ബാലജനസഖ്യം ചെങ്ങന്നൂർ മേഖലാ മുൻ രക്ഷാധികാരിയുമായിരുന്ന തങ്കമ്മ ജോർജ് (98) അന്തരിച്ചു.

## അഡ്വ. ജോസി സേവ്യർ

**തോപ്പുംപടി:** പ്രമുഖ അല്മായനേതാവും കെആർഎൽസിസി അല്മായ കമ്മീഷന്റെ അസോഷ്യേറ്റ് സെക്രട്ടറിയും കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി ജനറൽ സെക്രട്ടറിയുമായിരുന്ന കൊച്ചുപള്ളി റോഡ് ഇല്ലിപ്പറമ്പിൽ അഡ്വ. ജോസി സേവ്യർ (80) അന്തരിച്ചു. ഭാര്യ ഇടുക്കി ശാന്തമ്പാറ മേടയിൽ പുത്തൻപുരക്കൽ ലീലാമ്മ ജോസി (റിട്ട. ഗവ. ഹെഡ് നേഴ്സ്). മക്കൾ: ജോമോൻ ഐ സേവ്യർ (യുഎസ്), ജെബി ഐ. ചെറിയാൻ (ആർടിഒ), ഡോ. ജിമോൾ മനോജ്. മരുമക്കൾ: ഡോ. സൂസൻ ജോമോൻ, ഡോ. ഷീജ ജോർജ്, ഡോ. മനോജ് ജെശുദാസ്.

**തിരുവനന്തപുരം:** കോട്ടയ്ക്കകം ലാൽ ശ്രീയിൽ പി. രമാഭായി അമ്മ (86) അന്തരിച്ചു.




# LAKE HOUSE FOR SALE IN TEXAS

Located 2 hours from DFW on Lone Star Lake. 6 Bedroom/ 3 full Bath, 3324 Sq Feet. Huge Den overlooking the lake. Granite counter tops. New carpet upstairs and new flooring downstairs. Patio in front of kitchen with Pergola. Gazebo located next to patio. 1/2 acre land with sprinkler system and fire pit. New boat house with boat slip and seating area with grill. 2 Car Garage with carport in the front.

$685,000 Only text, no phone calls.

**614-329-9361 John**

# വസ്തു വില്പനയ്ക്ക്

കോട്ടയം സംക്രാന്തി-ചെമ്മനംപടി ആറ്റുമാലി റോഡരുകിൽ river frontage ഉള്ളതും വെള്ളം കയറാത്തതുമായ 22.5 സെന്റ് വസ്തു മൊത്തമായോ പ്ലോട്ടുകളായോ വില്പനയ്ക്ക്. കോട്ടയം മെഡിക്കൽ കോളജിലേക്ക് 1200 മീറ്റർ മാത്രം.

**ഫോൺ: + 91 7012562340**

**Email - vidya99@yahoo.com**

# 7 CENT HOUSE PLOT FOR SALE AT PERANDUR, EDAPALLY, KOCHI

Road access, Close to HWY, Hospitals, Churches, and Temples, Airport. Reasonable Price.

**If interested please e mail at**

**skrish3299@yahoo.com**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

# SEEKING A LIVE-IN CAREGIVER IN NASHVILLE, TENNESSEE

Seeking a live-In caregiver in Nashville, Tennessee, for my 75-year-old mother. She is mobile with the help of a walker, and needs help with daily activities and household work including cooking. Accommodation, food and attractive salary offered.

**Please contact**

**shinakp@gmail.com** or call **615-423-7332**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact: USA- 630-209-5535, KERALA- 9447572102**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

*Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Atlanta*

**Visit Our Website: www.keralaexpress.com for Classified Advt.**

### കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലായിരുന്നു. വിവാഹാലോചന വന്നപ്പോൾ സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. പിന്നീട് ചന്ദ്രബാബുവിനെ കാണാതായി. മല്ലികയുടെ സഹോദരന്റെ മകളുടെ ഭർത്താവ് ഡിവൈഎസ്പി ഹേമചന്ദ്രന്റെ ബുദ്ധിയായിരുന്നു അതിനു പിന്നിൽ. ചന്ദ്രബാബുവിന്റെ തിരോധാനവുമായി ബന്ധപ്പെട്ട വിവരങ്ങൾ സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അതോടെ കേസ് പുനരന്വേഷണം തുടങ്ങി. ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ പ്രതിയായി. കല്ലാറ്റുപടിക്കലെ തോട്ടത്തിൽ മണ്ണുമാന്തി ഉപയോഗിച്ചു നടത്തിയ പരിശോധനയിൽ അസ്ഥികളും മറ്റും കണ്ടെടുത്തു. പിടിയിലാകുമെന്നുറപ്പായപ്പോൾ ബാലകൃഷ്ണമേനോൻ സ്വയം വെടിവെച്ചു മരിച്ചു. കിളിമാനൂരിലെ മാനസികാരോഗ്യകേന്ദ്രത്തിൽവെച്ച് മാളവികയെ കണ്ട അല്ലിമ അമ്മയെ ഒപ്പംനിന്നു ശുശ്രൂഷിക്കണമെന്നു വാശിപിടിക്കുന്നു...**

# കാണാത്ത തീരങ്ങൾ

**ജോയ്സി**

### 115

വാതിൽ തുറന്ന ഉണ്ണിമായ, സിറ്റൗട്ടിന്റെ പടിയിൽ നിൽക്കുന്ന അല്ലിമയെയും സന്ദീപിനെയും കണ്ടു. കയറിവരാൻ പറയണോ അതോ അവിടെത്തന്നെ നിൽക്കാൻ പറയണോ എന്നൊരു സന്ദേഹം അവരുടെ മുഖത്തു പ്രകടമായി. അപ്പോഴേക്കും ഉണ്ണിമായയുടെ സഹോദരൻ ബ്രഹ്മാനന്ദൻ 'ആരാ' എന്നു ചോദിച്ചുകൊണ്ടു വാതിൽ കടന്നു വന്നു. സന്ദീപ് അല്ലിമയുടെ കൈക്കു പിടിച്ച് സിറ്റൗട്ടിലേക്കു കയറി.

"എന്താ വന്നെ?" ബ്രഹ്മാനന്ദൻ ചോദിച്ചു.

"ഞങ്ങൾ... മല്ലികച്ചിറ്റയെ ഒന്നു കാണാൻ വേണ്ടി..." സന്ദീപ് പറഞ്ഞു.

"എന്താ കാര്യം?"

"ഞാൻ ജയദേവൻ നമ്പ്യാരുടെ..."

"നീ ആരാണെന്നൊക്കെ മനസ്സിലായി. കൂടെയുള്ളതിനേം മനസ്സിലായി. വന്ന കാര്യം പറ."

സന്ദീപ് അല്ലിമയെ നോക്കി. അല്ലിമ അൽപം മുന്നോട്ടു നീങ്ങി നിന്നു പറഞ്ഞു:

"എനിക്ക് മുത്തശ്ശിയെ ഒന്നു കാണണമാരുന്നു."

"മുത്തശ്ശിയോ? ആരുടെ മുത്തശ്ശി?" ബ്രഹ്മാനന്ദൻ കണ്ണു ചിമ്മി.

"ഇവൾ മല്ലികച്ചിറ്റയുടെ മകളുടെ മകളാണ്."

"ആയിക്കോട്ടെ. അതൊക്കെ പത്രത്തിലും ചാനലിലും മതി. ഇവിടെ അതൊന്നും എടുക്കില്ല."

"ഏട്ടാ വേണ്ട... അവരു കണ്ടിട്ടുപോട്ടെ?" ഉണ്ണിമായ സഹോദരനോട് അഭ്യർഥിച്ചു.

"ഈ കുടുംബത്തിനു ചീത്തപ്പേരും അപമാനോം വരുത്തിവെച്ചത് ഇവരു രണ്ടുപേരും കൂടിയല്ലേ... നിന്റെ ഭർത്താവിനേം അമ്മായിയച്ഛനേം ജയിലിക്കേറ്റിയതും ഇവരു രണ്ടുപേരും ചേർന്നാ..." ബ്രഹ്മാനന്ദൻ വിട്ടുവീഴ്ചയ്ക്കു തയാറായില്ല.

ഉണ്ണി സിറ്റൗട്ടിലേക്ക് ഇറങ്ങിവന്നു. അല്ലിമയെ കണ്ടതോടെ അവന് എന്തെന്നില്ലാത്ത സന്തോഷമായി! അവൻ ചിരിച്ചുകൊണ്ട് മുന്നോട്ടുവന്ന് അല്ലിമയുടെ കൈക്കു പിടിച്ചു.

"ബാ... ബാ...."

അവൻ അവളെ കൂട്ടിക്കൊണ്ടു വാതിലിനു നേർക്കു നീങ്ങി. സന്ദീപ് പിന്നാലെ ചെന്നു. ബ്രഹ്മാനന്ദൻ എന്തോ പറയാൻ ഭാവിച്ചപ്പോൾ ഉണ്ണിമായ ആംഗ്യം കാട്ടി തടഞ്ഞു

ഉണ്ണി അല്ലിമയെ കൂട്ടി ഹാളിൽ ചെന്നു.

അവിടെ ഉണ്ണിമായയുടെ അച്ഛനും ഒരു വക്കീലും മല്ലികയും നിൽപുണ്ടായിരുന്നു. വന്ന കാര്യം നടത്തിയിട്ട് അവർ പോകാൻ നിൽക്കുകയാണെന്നു സന്ദീപിനു തോന്നി. അല്ലിമയെ കണ്ടതും മല്ലികയുടെ മുഖം വിളറിവെളുത്തു. അല്ലിമ അവരുടെ മുന്നിലേക്കു ചെന്നു.

"ഞാൻ മുത്തശ്ശിയെ കാണാൻ വന്നതാ."

"എന്നെ കാണുന്നതെന്തിനാ?"

മല്ലികയുടെ സ്വരം തണുത്തിരുന്നു.

"ചില കാര്യങ്ങളു പറയാനൊണ്ടാരുന്നു."

"ഇവിടെ നിനക്ക് ഒന്നും പറയേണ്ടകാര്യമില്ല. ഇവിടുള്ളോർക്ക് കേൾക്കുകേം വേണ്ട."

"അതെന്താ മുത്തശ്ശി അങ്ങനെ പറയുന്നെ?"

"നീയും ജയദേവന്റെ മോനും കാരണമല്ലേ ഈ ഞങ്ങൾക്ക് ഇങ്ങനൊരു ദുർഗതി വന്നത്."

"മുത്തശ്ശീ, ഞാൻ വാദത്തിനു വന്നതല്ല. ഒരു സ്ത്രീ കിളിമാനൂരിലെ ഭ്രാന്താശുപത്രിയിൽ കിടപ്പുണ്ട്. എന്റെ അമ്മയാണത്. മുത്തശ്ശിയുടെ സ്വന്തം മകളാണ്."

മല്ലിക ഒന്നു പതറി.

"നിനക്കെന്തെങ്കിലും പറയാനൊണ്ടെങ്കി ഇവര് പൊയ്ക്കോട്ടെ. തൽക്കാലം അങ്ങോട്ടു മാറിനിൽക്ക്." മല്ലികയുടെ നിർദേശം മാനിച്ച് അല്ലിമയും സന്ദീപും ഷോകേയ്സിന്റെ സമീപത്തേക്കു മാറിനിന്നു.

ഉണ്ണിമായയുടെ അച്ഛൻ അവരെ ഒന്നിരുത്തി നോക്കിയിട്ട് ഒരു ചുവട് നീങ്ങി മല്ലികയോടു പറഞ്ഞു:

"മുപ്പത് ദിവസത്തിനകത്ത് ജാമ്യത്തിലിറക്കുന്ന കാര്യം വക്കീലേറ്റിട്ടൊണ്ട്. അസ്ഥികൂടം കുഴിച്ചെടുത്തത് ബാലേട്ടന്റെ പുരയിടത്തീന്നാ. അയാള് പോവേം ചെയ്തു. നിങ്ങടെ മകനേം ഭർത്താവിനേം ആരും ഒരു ചുക്കും ചെയ്യാനില്ല. പത്രോം ചാനലും അടിച്ചുവിടുന്ന കാര്യങ്ങളല്ല കോടതീൽ വരുമ്പം."

മല്ലിക തലയാട്ടിക്കൊണ്ട് കേട്ടു.

"നിങ്ങളൊന്നുകൊണ്ടും പേടിക്കണ്ട. ഈ കേസ് ഞാനേറ്റു. അവർക്കു രണ്ടുപേർക്കും ഒരു പോറലുപോലുമില്ലാണ്ട് ഞാനൂരിത്തരാം." വക്കീൽ അത്രയും പറഞ്ഞിട്ട് സന്ദീപിനെയും അല്ലിമയെയും നോക്കി: "അതിനിടയ്ക്ക് വേറെ കുഴപ്പങ്ങളൊന്നും ഉണ്ടാക്കിവെക്കാതിരുന്നാ മതി."

"എന്റെ മകളുടെ ഭർത്താവിന്റെ കാര്യമായതുകൊണ്ടാ ഞങ്ങളീ കേസിൽ ഇടപെടുന്നെ." മല്ലികയോട് ഉണ്ണിമായയുടെ അച്ഛൻ പറഞ്ഞു: "ഇതിനിടയ്ക്ക് വേറെ കൈകടത്തലും കുത്തിത്തിരിപ്പും ഒണ്ടായാ ഞങ്ങളീ കേസു വിട്ടിട്ടു ഞങ്ങടെ വഴിക്ക് പോകും." എന്നിട്ട് അഡ്വക്കേറ്റിന്റെ നേർക്കു തിരിഞ്ഞു: "പോകാം വക്കീലേ... ഇവിടുത്തെ കാര്യങ്ങള് കഴിഞ്ഞു."

വക്കീൽ തലയാട്ടി.

അൽപസമയത്തിനകം മൂന്നുപേരും ഹാളിൽനിന്ന് ഇറങ്ങി. ഉണ്ണിമായ അവരോടൊപ്പം സിറ്റൗട്ടിലേക്കു പോയി. ഉണ്ണിയും മല്ലികയും അവിടെത്തന്നെ നിന്നു.

"ഇനി ഞങ്ങൾക്കു സംസാരിക്കാമല്ലോ." സന്ദീപ് മല്ലികയോടു ചോദിച്ചു.

"എന്തു സംസാരിക്കാനാ...?"

"മല്ലികച്ചിറ്റേടെ മോളല്ലേ ഭ്രാന്താശുപത്രീൽ കെടക്കണത്. പോയി കാണണ്ടേ. അതിനോട് ഇനിയെങ്കിലും നീതി കാണിക്കണ്ടേ."

"എനിക്കെന്തു ചെയ്യാൻ പറ്റും?"

"നിങ്ങൾക്കല്ലേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. വേറെ ആരൊണ്ട്? നിങ്ങളല്ലേ സ്വന്തം മകളെ ഈ നിലയിലാക്കി കൊല്ലാക്കൊല ചെയ്തിട്ടിരിക്കുന്നത്."

"ഞാനൊന്നും ചെയ്തിട്ടില്ലെന്റെ മക്കളേ... എന്റെ മകനോ മകൾക്കോ ഒരു ദോഷം വരണംന്ന് ചിന്തിക്കപോലും ചെയ്തിട്ടില്ല." മല്ലിക ദീനസ്വരത്തിൽ പറഞ്ഞു.

"പിന്നെന്തുകൊണ്ടാ ഒരേയൊരു മകൾ എത്രയോ കാലമായി മെന്റൽ ഹോസ്പിറ്റലിലാണെന്നറിഞ്ഞിട്ടും ഒന്നും ചെയ്യാത്തത്?" അല്ലിമ ചോദിച്ചു.

"ഞാനും നിന്നെപ്പോലൊരു പെണ്ണല്ലേ... എനിക്കെഴുപതു കഴിഞ്ഞു. വീടിനു പുറത്തിറങ്ങണെങ്കി ആരെങ്കിലും താങ്ങിപ്പിടിക്കണം. എന്റെ കയ്യിൽ ആയിരം രൂപ തെകച്ചെടുക്കാനില്ല. ഞാൻ പറഞ്ഞാ കേൾക്കാനും ആരുല്യ. എന്നേക്കായിലും അധികാരം ഈ വീട്ടിലെ വേലക്കാരിക്കൊണ്ട്."

അതിൽ കൂടുതൽ എങ്ങനെ തന്റെ നിസ്സഹായാവസ്ഥ വെളിപ്പെടുത്തണമെന്ന് അവർക്കറിയില്ലായിരുന്നു.

"മുത്തശ്ശീടെ മോളെ ഇത്രേം ദ്രോഹിച്ച് ഈ നിലയിലാക്കിയത് മുത്തശ്ശീടെ ഭർത്താവും മകനും റിലേറ്റീവ്സും ചേർന്നിട്ടല്ലേ. ആ മോൾടെ ഭർത്താവിനെ കൊന്നു കുഴിച്ചിട്ടത് അവരെല്ലാരും കൂടിയല്ലേ... അതറിഞ്ഞപ്പഴെങ്കിലും എണീറ്റുനിന്ന് അതിനെതിരെ ശബ്ദിച്ചില്ലെങ്കി പിന്നെന്തിനാ ജനിച്ചതും ഇത്രകാലം ജീവിച്ചതും..." രോഷവും സങ്കടവുംകൊണ്ട് അല്ലിമയുടെ സ്വരം വിറപ്പുണ്ടു. "എന്നിട്ടിപ്പം മകളോടല്ല അലിവും കടപ്പാടും. അതിനെ ദ്രോഹിച്ചവരെ രക്ഷിക്കാൻ വേണ്ടിയല്ലേ ആ വക്കീലിനെയൊക്കെ കൂട്ടി ഒരു കൂട്ടർ വന്നിട്ടുപോയത്."

"എന്തൊക്കെ ചെയ്തിരുന്നാലും എനിക്കെന്റെ ഭർത്താവും മോനുമാ വലുത്. നാലുപേരെ കൊന്നിട്ടു വന്നാലും എന്നെ നിലത്തിട്ടു ചവിട്ടിയാലും ഞാൻ അവർക്കെതിരായിട്ടു നിൽക്കുകേല. നീ പറയുന്ന എന്റെ മകൾ പത്തിരുപത്തിമൂന്നു കൊല്ലം മുൻപ് ഈ വീട്ടീന്നു പോയവളാ.... അതോടെ ഞങ്ങടെയൊക്കെ മനസ്സീന്നും പോയി."

"അതുകൊണ്ട് ആ മകളോട് ചെയ്ത ക്രൂരതേം ദുഷ്ടതേം നല്ലതായോ? അവളുടെ ഭർത്താവിനെ കൊന്നുകളഞ്ഞിട്ട്, അവൾ പ്രസവിച്ച കുഞ്ഞിനെ തെരുവിലെറിഞ്ഞതും, അവളെ ഭ്രാന്തിയാക്കിയതും, അവളുടെ പേരിലൊണ്ടാരുന്ന സ്വത്ത് സൂത്രത്തിൽ കൈവശപ്പെടുത്തിയതും സൽപ്രവൃത്തിയായിത്തീർന്നോ?"

"ഇതൊന്നും നല്ലതാണെന്നു ഞാൻ പറഞ്ഞില്ല. എന്തൊക്കെ തെറ്റു ചെയ്തിട്ടു വന്നാലും എനിക്കെന്റെ ഭർത്താവും മകനുമാ വലുത്. ഇനീം അതങ്ങനെ തന്നെയാ..."

"ഞങ്ങളിപ്പോ വന്നത് മെന്റൽ ഹോസ്പിറ്റലിൽ കിടക്കുന്ന എന്റമ്മയെ സഹായിക്കാൻ നിങ്ങൾക്ക് പറ്റോന്നറിയാൻ വേണ്ടിയാ..." അല്ലിമ അവസാന ശ്രമമെന്ന മട്ടിൽ ചോദിച്ചു.

മല്ലിക നിഷേധാർത്ഥത്തിൽ തലയാട്ടി. ഉണ്ണിമായ ഇടയ്ക്കു കയറിപ്പറഞ്ഞു:

"ഇവിടെ ആണുങ്ങളാ ഓരോന്നു തീരുമാനിച്ചോണ്ടിരുന്നത്. അവരോടു ചോദിക്കാതെ ഇവിടുത്തെ സ്ത്രീകൾ ഒന്നും ചെയ്യാറില്ല."

"ഇവിടുത്തെ ആണുങ്ങളിപ്പോൾ ജയിലിലല്ലേ?"

"അവര് പുറത്തിറങ്ങട്ടെ. എല്ലാക്കാലത്തും അവർ ജയിലിൽ കിടക്കില്ലല്ലോ."

"അവരു പുറത്തിറങ്ങുന്നതിനു മുൻപേ നിങ്ങൾക്കൊരു രോഗം വന്നു. ചികിത്സിക്കാൻ പറ്റില്ലല്ലേ."

അല്ലിമ ചോദിച്ചു.

"നീയിപ്പോ ഞങ്ങടെ ശത്രുസ്ഥാനത്താ നിൽക്കുന്നെ. നീയും കൂടി കാരണം അവർക്കു ജയിലിൽ കേറേണ്ടിവന്നത്. എന്നിട്ട് നിന്നെ ഞങ്ങൾ സഹായിക്കണോ?"

ഉണ്ണിമായ രോഷാകുലയായി.

"ഞാൻ കാരണമല്ല അവരു ജയിലിക്കേറിയത്. കൊലപാതകം ചെയ്തിട്ട്. എന്നെ സഹായിക്കാനല്ല ആവശ്യപ്പെട്ടത്. ഈ നിൽക്കുന്ന സ്ത്രീയുടെ മകളെയാണ്. അവർക്കും കൂടി അവകാശപ്പെട്ട സ്വത്താണല്ലോ നിങ്ങളെല്ലാംകൂടി കൈവശപ്പെടുത്തി വച്ചിരിക്കുന്നെ."

"ഓ.... നീ കണക്കു പറയാൻ വന്നതാണോ?"

"വന്നത് കണക്കു പറയാനല്ല. പക്ഷേ, ഇനി ഞാൻ കണക്കു പറയും. എന്റെ അമ്മയ്ക്കു കിട്ടേണ്ടിയിരുന്ന പാതി സ്വത്ത് കണക്കു പറഞ്ഞുതന്നെ വാങ്ങും. അതു വിറ്റ് ഉണ്ണാൻ വേണ്ടിയല്ല. എന്റമ്മയെപ്പോലെ ചതിക്കപ്പെട്ടവരെ സഹായിക്കാൻവേണ്ടി ഞാനതു പയോഗിക്കും."

അല്ലിമ ധാർമ്മിക രോഷത്തിൽ പറഞ്ഞു.

"നിനക്കുള്ള മറുപടി ഞങ്ങൾടെ ആണുങ്ങള് തന്നോളും...." ഉണ്ണിമായ പറഞ്ഞു.



"സന്ദീപ്, നീ ഇവളെ വിളിച്ചോണ്ടു പോ. ഞങ്ങളോടു വെറുതെ വഴക്കിനു നിൽക്കണ്ട." മല്ലിക ആവശ്യപ്പെട്ടു.

"ഞങ്ങള് പൊയ്ക്കോളാം. പക്ഷേ, മല്ലികച്ചിറ്റയിൽ നിന്ന് ഞാനിങ്ങനൊരു പെരുമാറ്റം പ്രതീക്ഷിച്ചില്ല. മകളുടെ ഭർത്താവിനെ കൊന്നു കുഴിച്ചിട്ടതിനും മകളെ ഭ്രാന്തിയാക്കി പത്തിരുപതു വർഷം ഭ്രാന്താശുപത്രിയിലടച്ചതിനും നിങ്ങൾ പറയുന്ന ന്യായം ഞാൻ ശരിക്ക് കേട്ടു... ഇവിടുത്തെ ആണുങ്ങൾ ഇനി എത്രനാളുണ്ടാവും നിങ്ങൾടെ കൂടെ....?"

മല്ലികച്ചിറ്റ സന്ദീപിന്റെ നേർക്കു നോക്കി പകച്ചുനിന്നു.

സന്ദീപ് അല്ലിമയെ നോക്കിയിട്ടു പറഞ്ഞു: "വാ... പോകാം... ഇത് വേറൊരു ഭ്രാന്താശുപത്രിയാ."

സന്ദീപ് അല്ലിമയെയും കൂട്ടി മാങ്ങോട്ടുശ്ശേരി തറവാട്ടിൽനിന്ന് ഇറങ്ങി.

*** *** ***

നീണ്ട കോറിഡോറിലൂടെ നടന്നു പോകവേ ഡോക്ടർ വിജയ്മോഹൻ പറഞ്ഞു.

"റൂം സെറ്റ് ചെയ്തിട്ടുണ്ട്. നിങ്ങൾ ഡിമാൻഡ് ചെയ്തതെല്ലാം ആയിട്ടില്ലെങ്കിലും ഇപ്പോൾ ഹൈജിനിക്ക് ആയിട്ടുള്ള കെയറും മെഡിക്കേഷനുമാണ്. നോക്കാൻ നേഴ്സിങ് അസിസ്റ്റന്റ് സ്പെഷൽ ഡ്യൂട്ടീൽ ഉണ്ട്. നിങ്ങൾ സാറ്റീസ്ഫൈഡല്ലെങ്കിൽ പറഞ്ഞാ മതി."

രണ്ടാമത്തെ ഫ്ളോറിലെ റൂമിനു മുന്നിൽ അവർ എത്തി. അഴിവാതിലുള്ള മുറിയാണ്. അകത്തേക്കു നോക്കാൻ ഡോക്ടർ ആംഗ്യം കാട്ടി. അല്ലിമയും സന്ദീപും രാജഗോപാലും വാതിലിനോടു ചേർന്നുനിന്ന് നോക്കി. വൃത്തിയുള്ള കട്ടിലും കിടക്കയും. അതിൽ ഒരു സ്ത്രീ കമിഴ്ന്നു കിടക്കുന്നു.

"പേഷ്യന്റും കംഫർട്ടബിൾ ആണെന്നു തോന്നുന്നു." വിജയ്മോഹൻ പറഞ്ഞു.

ഒരു നേഴ്സ് അവിടേക്കു വന്നു. വാതിൽ തുറക്കാൻ ഡോക്ടർ നിർദ്ദേശിച്ചപ്പോൾ നേഴ്സ് വാതിൽ തുറന്നു.

ഡോക്ടർ മുൻപേ മുറിയിൽ കയറി.

പിറകെ രാജഗോപാൽ. അതിനും പിന്നിൽ അല്ലിമയും സന്ദീപും.

"ശോഭനാ...."ഡോക്ടർ ഉച്ചത്തിൽ വിളിച്ചു. രണ്ടാമത്തെ വിളിക്ക് കമിഴ്ന്നു കിടന്ന എല്ലുരിച്ച ശരീരത്തിൽ ഒരു നടുക്കമുണ്ടായി. കമിഴ്ന്നു കിടന്ന നിലയിൽതന്നെ തലതിരിച്ച് അത് മുറിയിൽ നിൽക്കുന്നവരെ നോക്കി. എന്നിട്ടു വീണ്ടും പഴയപോലെ കിടന്നു. വൃത്തിയുള്ള ഗൗണാണ് മാളവികയെ ധരിപ്പിച്ചിരുന്നത്. മുറിയിലെ വായുവിന് ഡെറ്റോളിന്റെ മണമായിരുന്നു. സന്ദീപും അല്ലിമയും രാജഗോപാലും മൂകരായി നോക്കിനിന്നു.

"അറ്റാച്ച്ഡ് ബാത്ത്റും ഉണ്ട്. ബൈസ്റ്റാൻഡർക്കുള്ള ബെഡ് അറ്റൻഡേഴ്സ് ഉടനെതന്നെ എത്തിക്കും, ഫുഡിന്റെ കാര്യം നിങ്ങൾടെ ഇഷ്ടംപോലെ തീരുമാനിക്കാം. ഇവിടെ കാന്റീനുണ്ട്. പുറത്ത് ഹോട്ടലിൽനിന്നു കഴിക്കണമെങ്കിൽ അതും ആകാം." ഡോക്ടർ പറഞ്ഞു.

"എന്തെങ്കിലും വാങ്ങിപ്പിക്കണമെങ്കിൽ അതിന് ആളുണ്ടാവ്വോ?" രാജഗോപാൽ ചോദിച്ചു.

"ഇവിടുത്തെ സെക്യൂരിറ്റിയോടു പറഞ്ഞാ മതി. രണ്ടു പേരുണ്ട്. ഞാൻ പറഞ്ഞേൽപ്പിക്കാം. ഇവിടങ്ങനൊരു സിസ്റ്റമൊന്നും ഇല്ല. പക്ഷേ, ഇതൊരു സ്പെഷൽ കേസായതുകൊണ്ടാ."

"താങ്ക്യൂ ഡോക്ടർ."

രാജഗോപാൽ പറഞ്ഞു.

"ഞാൻ പോയി ബാഗ് എടുത്തിട്ട് വരാം."

സന്ദീപ് മുറിവിട്ടിറങ്ങി പുറത്തേക്കു പോയി.

"എന്തെങ്കിലും ആവശ്യമുണ്ടെങ്കി കോളിങ് ബെല്ലടിച്ചാ മതി. ഡ്യൂട്ടി നേഴ്സോ അറ്റൻഡറോ അപ്പോൾത്തന്നെ എത്തും."

ഡോക്ടർ പറഞ്ഞു.

"മോളേ...." രാജഗോപാൽ വിളിച്ചു.

സ്ഥലകാലങ്ങൾ മറന്നു നിൽക്കുകയായിരുന്നു അല്ലിമ.

"പറഞ്ഞതെല്ലാം കേട്ടല്ലോ അല്ലേ?"

അല്ലിമ തലയാട്ടി.

"എനിക്കു കുറച്ചു ജോലിയുണ്ട്. ഞാനങ്ങോട്ടു നീങ്ങട്ടെ." ഡോക്ടർ അനുമതി തേടി. പിന്നെ നേഴ്സിനോടു പറഞ്ഞു. "ഇവിടെപ്പോഴും നല്ല ശ്രദ്ധവേണം. വേണ്ടതെല്ലാം ചെയ്തുകൊടുക്കണം."

നേഴ്സ് 'ശരി ഡോക്ടർ' എന്നുപറഞ്ഞ് തലയാട്ടി.

ഡോക്ടർ റൂമിൽനിന്നു പോയി.

"മോളേ....." രാജഗോപാൽ വിളിച്ചു.

അല്ലിമ സങ്കടത്തിൽ കുതിർന്നു നിൽക്കുകയായിരുന്നു.

"നിനക്ക് പറ്റുന്നുണ്ടെങ്കി മാത്രം ഇവിടെ നിന്നാ മതി. എപ്പോ വേണെങ്കിലും നിനക്ക് തിരിച്ചുപോരാം. ഒരു ഫോൺകോൾ മതി."

"എനിക്കു പറ്റും അച്ഛാ." അല്ലിമ അചഞ്ചലമായ മനസ്സാന്നിധ്യത്തോടെ പറഞ്ഞു.

സന്ദീപ് അല്ലിമയുടെ ലഗേജ് കൊണ്ടുവന്നു മുറിയിൽ ടേബിളിനു മീതെ വച്ചു.

"ഇനി നിങ്ങൾ പൊയ്ക്കോ." അല്ലിമ അവരോടു പറഞ്ഞു.

"ഇന്ന് എന്തായാലും ഞങ്ങൾ പോകുന്നില്ല. ഇവിടെ ഏതെങ്കിലും ഹോട്ടലിൽ മുറിയെടുത്ത് താമസിക്കും. നീ തനിച്ചാണെന്നു വിചാരിക്കണ്ട. നിന്റെ വിരൽത്തുമ്പിലുണ്ട് ഞങ്ങൾ രണ്ടുപേരും. ഒരൊറ്റ കോൾ മതി."

"എനിക്കറിയാം അച്ഛാ.... അതല്ലേ എന്റെ ഏറ്റോംവല്യ ധൈര്യം."

"അപ്പോ ഞങ്ങളിറങ്ങട്ടെ. നാളെ തിരിച്ചു പോകുന്നതിനു മുൻപ് വന്നുകാണാം."

സന്ദീപ് യാത്ര പറഞ്ഞു.

"ഞാൻ വിളിച്ചോളാം സന്ദുവേട്ടാ."

"വിഷമിക്കരുത്. ഇതൊന്നും നമ്മുടെ തെറ്റുകൊണ്ട് സംഭവിച്ചതല്ല. മറ്റുള്ളവര് ചെയ്ത ക്രൂരതയാണ്." സന്ദീപ് ഒന്നുകൂടി ഓർമ്മിപ്പിച്ചു.

ഒരിക്കൽകൂടി യാത്ര പറഞ്ഞ് അവർ രണ്ടുപേരും മുറിവിട്ടിറങ്ങിപ്പോയി.

"എന്താവശ്യമുണ്ടെങ്കിലും വിളിച്ചാമതി" എന്നുപറഞ്ഞ് നേഴ്സും പോയി. അല്ലിമ മാളവികയുടെ ബെഡിൽ ചെന്നിരുന്നു. എല്ലിച്ച ആ രൂപം നോക്കിയിരിക്കെ അവളുടെ മനസ്സിലൂടെ പല ചിത്രങ്ങളും കടന്നുപോയി. അമ്മയുടെ ചെറുപ്പം.

അച്ഛനുമായിട്ടുള്ള സ്നേഹം. അതിന്റെ പേരിലുണ്ടായ കോലാഹലങ്ങൾ. പോലീസ്, കോടതി.... എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് അമ്മ അച്ഛന്റെ ഒപ്പം നിലകൊണ്ടത്. അച്ഛനെ കാണാതായതു മുതൽ അമ്മ അനുഭവിച്ച മനോവേദനയും കാത്തിരിപ്പും. പോണ്ടിച്ചേരിയിലെ പ്രസവത്തിനുശേഷം കുഞ്ഞിനെ നഷ്ടപ്പെട്ടതു മുതൽ അമ്മ അനുഭവിച്ച ആധിയും മാനസിക പീഡനവും! കണ്ണുനിറഞ്ഞിട്ട് അല്ലിമയുടെ കാഴ്ച മങ്ങി.

അവൾ മാളവികയുടെ ശുഷ്കിച്ച കൈത്തലം പിടിച്ചു. അത് തണുത്തിരുന്നു. ചൂടുള്ള സ്പർശം തിരിച്ചറിഞ്ഞ് മാളവിക അവൾ ഇരിക്കുന്നിടത്തേക്കു മുഖം തിരിച്ചു നോക്കി. അല്ലിമയ്ക്ക് ഉൾക്കിടിലമുണ്ടായി. ചാവാൻ കിടക്കുന്ന നായ ഏതോ ശബ്ദം കേട്ട് തല തിരിച്ച് ദീനമായി നോക്കുന്നതു പോലെയായിരുന്നു ആ നോട്ടം.

അല്ലിമയുടെ തൊണ്ടയിൽ കരച്ചിലിന്റെ അലകൾ വന്നു കുടുങ്ങി. ആ കൈത്തണ്ട തലോടിക്കൊണ്ട് അവൾ കരച്ചിലോടെ 'അമ്മേ' എന്നു വിളിച്ചു. ഭൂമിയിൽ പിറന്നുവീണ് ഇരുപത്തിമൂന്നു വർഷത്തിനുള്ളിൽ മകൾ ആദ്യമായി സ്വന്തം പെറ്റമ്മയെ അമ്മേ എന്നു വിളിക്കുകയാണല്ലോ- സങ്കടത്തിൽ, ശബ്ദമില്ലാതെ കരഞ്ഞ് ഒരിക്കൽകൂടി അവൾ അമ്മേ എന്നു വിളിച്ചു. അവളുടെ കരച്ചിലും ഏങ്ങലടികളും കണ്ണീർ അടർന്നു വീഴുന്ന മുഖവും നിമിഷങ്ങളോളം നോക്കിക്കൊണ്ടു കിടന്നശേഷം മാളവിക ചിരിച്ചു. പിന്നെ നോട്ടം മാറ്റി ചുമരിനു നേർക്കു നോക്കി അതേ ചിരിയോടെ കിടന്നു.

അമ്മ ഒന്നും അറിയുന്നില്ലല്ലോ എന്ന സങ്കടം അല്ലിമയ്ക്കു സഹിക്കാൻ കഴിയുന്നില്ലായിരുന്നു. അവൾ എഴുന്നേറ്റ് അമ്മയെ നേരെ കിടത്താൻ ശ്രമിച്ചു. മാളവിക ബലംപിടിച്ച് അങ്ങനെതന്നെ കിടക്കുകയാണ്. അല്ലിമയ്ക്കു വേണമെങ്കിൽ ബലമായി തിരിച്ചു കിടത്താവുന്നതേയുള്ളൂ. എങ്കിലും അതു ചെയ്യാതെ അവൾ കട്ടിലിന്റെ മറുവശത്തു ചെന്ന് അവിടെ ഇരുന്ന് മാളവികയുടെ ശിരസ്സ് എടുത്തു തന്റെ മടിയിലേക്കു വച്ചു. ബുദ്ധിമുട്ടു തോന്നാതിരിക്കാൻ കഴുത്തിനടിയിൽ ഒരു തലയണയും വച്ചുകൊടുത്തു.

ആ കിടപ്പ് സുഖകരമാണെന്ന് അല്ലിമയ്ക്കു മനസ്സിലായി. മാളവിക അവളെ നോക്കി ചിരിച്ചുകൊണ്ട് അങ്ങനെ കിടന്നു. അല്ലിമ അവരുടെ നരച്ചുതുടങ്ങിയ, അഴിഞ്ഞു ചിതറിയ മുടിയിലും മുഖത്തും കഴുത്തിലും മൃദുവായി തലോടി. എപ്പോഴോ വിരലുകൾ ചലിക്കുന്നതു നിന്നുപോയപ്പോൾ മാളവിക അവളുടെ കയ്യിൽ പിടിച്ചു. അവൾ വീണ്ടും തലോടിയതോടെ കണ്ണടച്ചു കിടന്നു.

സങ്കടത്തിൽ വിതുമ്പി അമ്മേ എന്ന് അല്ലിമ വിളിച്ചപ്പോഴെല്ലാം മാളവികതുറന്നു നോക്കി. വെറുതെ ചിരിച്ചു. ഇടയ്ക്കിടെ അവരുടെ ഉടൽ ഞെട്ടിവിറച്ചു.

അല്ലിമ ഒരു ശിശുവിനെ എന്നപോലെ അമ്മയെ നെഞ്ചോടു ചേർത്തുപിടിച്ച്, മാതൃത്വത്തിന്റെ അടഞ്ഞുപോയ വാതിലുകൾ മുട്ടിത്തുറക്കാനെന്നപോലെ ഇടയ്ക്കിടെ അമ്മേ എന്നു വിളിച്ച്, എത്ര വിളിച്ചിട്ടും താനാരാണെന്ന് അമ്മ അറിയുന്നില്ലല്ലോ എന്ന ഓർമ്മയിൽ മനംനൊന്ത് അങ്ങനെതന്നെ ഇരുന്നു.

(തുടരും)

# തൃശൂർ പൂരം അലങ്കോലപ്പെട്ട സംഭവം: പോലീസ് അന്വേഷണം നടത്തിയിട്ടില്ല

തൃശൂർ: തൃശൂർ പൂരം അലങ്കോലപ്പെട്ട സംഭവത്തെക്കുറിച്ച് പോലീസ് ഇതുവരെയും അന്വേഷണം നടത്തിയില്ലെന്നു വിവരാവകാശരേഖ. ഇതോടെ പൂരം അലങ്കോലപ്പെട്ട സംഭവം അന്വേഷിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പ് വെറുംവാക്കായി.

പൂരം അലങ്കോലപ്പെട്ട സംഭവത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണം സംബന്ധിച്ച് ഒരു സ്വകാര്യ ചാനൽ വിവരാവകാശപ്രകാരം ചോദിച്ചതിനു പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നുള്ള മറുപടിയായാണ്, അന്വേഷണം തുടങ്ങിയിട്ടില്ല എന്ന ഉത്തരം രേഖാമൂലം ലഭിച്ചത്.

പൂരം മുടങ്ങിയതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ എന്നീ കാര്യങ്ങളാണ് സ്വകാര്യ ചാനൽ വിവരാവകാശ ചോദ്യത്തിൽ ഉന്നയിച്ചത്. അതിനു ലഭിച്ച മറുപടി ഇപ്രകാരം: അങ്ങനെയൊരു അന്വേഷണത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടത്തെ ഓഫീസിലില്ല. കൃത്യമായ മറുപടിക്കായി തൃശൂർ സിറ്റി പോലീസിന് അയച്ചുനൽകുന്നു. പൂരം മുടങ്ങിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയോ അതു സംബന്ധിച്ച് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല എന്നാണു തൃശൂർ സിറ്റി പോലീസും മറുപടി നൽകിയത്.

ഇതോടെ പൂരം അട്ടിമറി സംബന്ധിച്ച സംശയങ്ങൾ കൂടുതൽ ബലപ്പെടുകയാണ്. എന്തുകൊണ്ട് പോലീസ് അന്വേഷിച്ചില്ല എന്നതിനു വരുംദിവസങ്ങളിൽ സർക്കാർ ഉത്തരം പറയേണ്ടിവരും. അന്വേഷണം നടക്കുന്നു എന്നാണ് ഇതുവരെയും മുഖ്യമന്ത്രിയും സർക്കാരും സിപിഎമ്മും എല്ലാം പറഞ്ഞിരുന്നത്.

തൃശൂർ ലോക്സഭാ തെരഞ്ഞെടുപ്പിൽ സിപിഐക്കുണ്ടായ കനത്ത തിരിച്ചടിക്കു കാരണം തൃശൂർ പൂരം അലങ്കോലപ്പെട്ടതാണെന്ന് ആരോപണമുയർന്നിരുന്നു. ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടുമുൻപാണ് തൃശൂർ പൂരം രാത്രി അലങ്കോലപ്പെട്ടതും വെടിക്കെട്ട് അനന്തമായി നീണ്ടതും.

ഏപ്രിൽ 21-നു മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നിറക്കിയ വാർത്താക്കുറിപ്പിൽ, തൃശൂർ പൂരം അലങ്കോലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുമെന്നും തൃശൂർ സിറ്റി പോലീസ് കമ്മീഷണറെ മാറ്റുമെന്നും പോലീസിന്റെ നടപടികൾക്കെതിരായ പരാതികൾ സംസ്ഥാനമേധാവി അന്വേഷിക്കുമെന്നും ഒരാഴ്ചയ്ക്കകം റിപ്പോർട്ട് നൽകുമെന്നുമാണു പറഞ്ഞിരുന്നത്.

ഇപ്പോൾ ആരോപണവിധേയനായ എഡിജിപി എം.ആർ. അജിത്കുമാറിനായിരുന്നു അന്വേഷണച്ചുമതല. തൃശൂർ പ്രസ് ക്ലബ്ബിന്റെ അന്നത്തെ സെക്രട്ടറി, തിരുവമ്പാടി ദേവസ്വം ഭാരവാഹികൾ എന്നിവരിൽനിന്നു പോലീസ് മൊഴിയുമെടുത്തിരുന്നു.

## ഭക്ഷ്യസുരക്ഷ: കേരളം ഒന്നാം സ്ഥാനത്ത്

ന്യൂഡൽഹി: ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയതലത്തിൽ തുടർച്ചയായ രണ്ടാം വർഷവും കേരളത്തിന് ഒന്നാം സ്ഥാനം. ട്രോഫിയും പ്രശസ്തിഫലകവുമടങ്ങിയ പുരസ്കാരം ഡൽഹി ഭാരത് മണ്ഡപത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി. നഡ്ഡയിൽനിന്ന് സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണർ അഫ്സാന പർവീൺ ഏറ്റുവാങ്ങി. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (എഫ്എസ്എസ്എഐ) ഭക്ഷ്യസുരക്ഷാ സൂചികയിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചത്.

ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടെ വിവിധ പ്രവർത്തന മികവ് വിലയിരുത്തിയാണ് ദേശീയ ഭക്ഷ്യസുരക്ഷ സൂചിക തയാറാക്കുന്നത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളായ ഭക്ഷ്യസുരക്ഷാ പരിശോധന, സാംപിൾ ശേഖരണം, സാംപിൾ പരിശോധന, പ്രോസിക്യൂഷൻ കേസുകൾ, എൻഎബിഎൽ അംഗീകാരമുള്ള ലാബുകളുടെ എണ്ണം, പരിശോധനാ മികവ്, മൊബൈൽ ലാബിന്റെ പ്രവർത്തനം, ജീവനക്കാർക്കും ഭക്ഷ്യസംരംഭകർക്കും നൽകിയ പരിശീലനങ്ങൾ, ഭക്ഷ്യ സുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങി നാൽപതോളം മേഖലകളിലെ പ്രവർത്തന മികവാണ് പരിഗണിച്ചത്. കഴിഞ്ഞ വർഷം മൂന്നാം സ്ഥാനത്തുണ്ടായിരുന്ന തമിഴ്നാട് ഇത്തവണ രണ്ടാം സ്ഥാനവും ജമ്മു കാശ്മീർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കഴിഞ്ഞ വർഷം 60 പോയിന്റിൽ കൂടുതൽ നേടിയ ഏക സംസ്ഥാനം കേരളമായിരുന്നു.

## ഫൊക്കാനയുടെ ന്യൂസ് ടീം

(14-ാം പേജിൽനിന്നും)

അമേരിക്കയിലും അറിയപ്പെടുന്ന നർത്തകി കൂടിയായ സരൂപ വിവിധ വേദികളിൽ ക്ലാസിക്കൽ നൃത്തത്തിൽ പ്രസിദ്ധയാണ്. പല ചാനലുകളിലും അവതാരകയായും പ്രവർത്തിച്ചിട്ടുള്ള സരൂപ കുടുംബസമേതം വാഷിങ്ടൺ ഡിസിയിൽ താമസിക്കുന്നു. ഫൊക്കാനയുടെ 2024-2026-ലെ ന്യൂസ് ടീം അംഗങ്ങളായ അനിൽകുമാർ ആറന്മുള, പി.ഡി. ജോർജ് നടവയൽ, സന്തോഷ് ഏബ്രഹാം, സരൂപ അനിൽ എന്നിവരെ പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. പ്രസിഡണ്ട് പ്രവീൺ തോമസ്, വൈ. പ്രസിഡണ്ട് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോ. ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീ. ജോ. സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീ.ജോ. ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ്ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റിബോർഡ് ചെയർ ജോജി തോമസ് എന്നിവർ അഭിനന്ദിച്ചു.

## ഈ കപ്പൽ ആടിയുലകയില്ല...സർ

(ശേഷം 24-ാം പേജിൽ)

അധികാര സ്ഥാനത്തുനിന്നും മാറ്റി നിർത്തിയിട്ട്, ഉടനടി അന്വേഷണം വേണമെന്നു കടുപ്പിച്ചു പറഞ്ഞു.

അതോടെ സംഗതി ആകെപ്പാടെ ഉഷാറായി. മാധ്യമപ്പട വാർത്ത ഏറ്റെടുത്തു. അന്തിച്ചർച്ചകളുടെ ചൂടേറ്റു പല ടെലിവിഷനുകളും പൊട്ടിത്തെറിച്ചു. ക്യാമറക്കണ്ണുകൾ 'ഇപ്പോൾ താഴെ വീഴും' എന്നുള്ള പ്രതീക്ഷയോടെ മുട്ടനാടിന്റെ പിറകേ വെള്ളമൊലിപ്പിച്ചു നടക്കുന്ന കുറുക്കനെപ്പോലെ പിന്നാലെ കൂടി.

എന്നാൽ, എങ്ങനെ എറിഞ്ഞാലും നാലു കാലിൽ വീഴുന്ന പൂച്ചയുടെ കൗശലബുദ്ധിയുള്ള സൂര്യൻ പ്രത്യക്ഷപ്പെട്ടു. പതിവിലേറെ പ്രകാശത്തോടെ, പ്രസന്നവദനനായി, പുഞ്ചിരിയോടെ.

'കടക്കൂ പുറത്ത്' എന്ന പതിവ് ഡയലോഗിനു പകരം 'എന്തു വേണമെങ്കിലും ചോദിച്ചോളൂ, എനിക്കൊരു ധൃതിയുമില്ല' എന്ന മുഖവുരയോടെ!

'ഇപ്പം പൊട്ടും, ഇപ്പം പൊട്ടും' എന്ന പ്രതീക്ഷയിൽ ചോദ്യമുന്നയിച്ച പത്രപ്രവർത്തകർക്ക് കിറുകൃത്യമായ ഉത്തരം കിട്ടിയപ്പോൾ, അണ്ണാക്കിൽ പഴം തിരുകിയ അവസ്ഥയായി.

'വന്നു കയറിയ' ജനപ്രതിനിധി ഉന്നയിക്കുന്ന ഒറ്റ ആരോപണങ്ങളും അന്വേഷിക്കുന്ന പ്രശ്നമേയില്ല എന്നു തീർത്തു പറഞ്ഞു. ഇവിടെ നിന്നു കറങ്ങിത്തിരിയാതെ വന്ന വഴിക്ക് മടങ്ങിപ്പോകുന്നതാണ് നല്ലത് എന്നൊരു താക്കീതിന്റെ ധ്വനി ആ സ്വരത്തിലുണ്ടായിരുന്നോ എന്നു സംശയം.

വളരെ ആവേശകരമായി, അമേരിക്കൻ മലയാളികളുടെ ഊഷ്മളമായ സ്വീകരണങ്ങൾ ഏറ്റുവാങ്ങി നാടുചുറ്റിക്കൊണ്ടിരുന്ന സെക്രട്ടറി, 'ഭിന്നതകളുണ്ടെങ്കിലും ഈവള്ളം മുക്കാനാവില്ല എന്നൊരു പ്രസ്താവന ഇറക്കിയിട്ട്, നാട്ടിലെ പ്രത്യേക രാഷ്ട്രീയ സാഹചര്യം പ്രമാണിച്ച് സന്ദർശനം വെട്ടിച്ചുരുക്കി നാടുവിട്ടു.

കപ്പലു മുക്കാൻ ശ്രമിച്ചാൽ, കപ്പിത്താൻ എന്നെയെടുത്തു കരകാണാക്കടലിൽ എറിയുമെന്നുള്ള തിരിച്ചറിവ് അദ്ദേഹത്തിനു നല്ലതു പോലെയുണ്ട്. താൻ കടലിൽ ചാടിയാൽ, കൂടെയുള്ളവരൊന്നും ഒപ്പം ചാടുകയില്ലെന്ന് ഉറപ്പ്. അവശേഷിക്കുന്ന ഒന്നര വർഷം കടുംവെട്ടിന്റെ കാലമാണ്. അതു വേണ്ടായെന്നു വെയ്ക്കത്തക്ക മണ്ടന്മാരൊന്നുമല്ല കൂടെയുള്ള മന്ത്രിമാർ.

മൈലപ്രയിൽ ജനിച്ചുവളർന്ന, ഞങ്ങളുടെ ഗ്രാമത്തിന്റെ അഭിമാനമായ മന്ത്രിയുടെ വാക്കുകളോടെ ഞാൻ നിർത്തുന്നു.

"ഈ കപ്പൽ ആടിയുലയുകയല്ല, ഈ കപ്പൽ നവകേരളത്തിന്റെ തീരത്തേക്ക് അടുക്കുകയാണ്. ഇതിനൊരു കരുത്തനായ കപ്പിത്താനുണ്ട്."

'ലാൽ സലാം...!'

# പൾസർ സുനി ജാമ്യത്തിലിറങ്ങി

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ ഒന്നാംപ്രതി പൾസർ സുനി (എൻ.എസ്. സുനിൽ) ഏഴരവർഷത്തിനുശേഷം ജയിൽമോചിതനായി. സുപ്രീംകോടതി ജാമ്യം അനുവദിച്ചതിനെത്തുടർന്ന് വിചാരണക്കോടതിയായ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് സെപ്റ്റംബർ 20-ന് കർശനവ്യവസ്ഥകളോടെ ജയിൽമോചിതനാക്കാൻ ഉത്തരവിട്ടത്.

ജയിലിൽ മൊബൈൽ ഉപയോഗിച്ച കേസിലും ജാമ്യം അനുവദിച്ചിരുന്നു. പ്രതിയുടെ സുരക്ഷ ഉറപ്പാക്കാൻ എറണാകുളം റൂറൽ എസ്പിക്ക് പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഹണി എം. വർഗീസ് നിർദേശം നൽകി.

സാക്ഷികളെ സ്വാധീനിക്കരുത്, എറണാകുളം സെഷൻസ് കോടതി പരിധി വിട്ടുപോകരുത്. മാധ്യമങ്ങളോട് സംസാരിക്കരുത്.

മൊബൈൽ ഫോണിൽ ഒരു സിം കാർഡ് മാത്രമേ ഉപയോഗിക്കാവൂ തുടങ്ങിയതാണ് ജാമ്യവ്യവസ്ഥകൾ. ഒരു ലക്ഷം രൂപയുടെ ബോണ്ടും തുല്യതുകയുടെ രണ്ട് ആൾജാമ്യവുമുണ്ട്.



പൾസർ സുനി ജയിലിൽനിന്ന് പുറത്തിറങ്ങുന്നു

SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Phone: ________ Email: ________

Signature: ________

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ________
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________
CARD ACCOUNT NUMBER
SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

# കെ.സി.വൈ.എൽ അതിരൂപത ലീഡർഷിപ് ക്യാമ്പ് സമാപിച്ചു

ബെറ്റി തോമസ് പുല്ലുവേലിൽ



കോട്ടയം: അതിരൂപതയുടെ യുവജന സംഘടനയായ ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ 2024–25 വർഷത്തെ ഒന്നാമത് ലീഡർഷിപ്പ് ക്യാമ്പ് സമാപിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽവെച്ച് നടന്ന സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് ജോണിസ് പി. സ്റ്റീഫൻ പാണ്ടിയാംകുന്നേൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അനുഗ്രഹപ്രഭാഷണവും കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ബിനു കുന്നത്ത് മുഖ്യപ്രഭാഷണവും നടത്തി. വൈസ് പ്രസിഡണ്ട് നിതിൻ ജോസ് സ്വാഗതവും ഡയറക്ടർ ഷെല്ലി ആലപ്പാട്ട് ആമുഖസന്ദേശവും സെക്രട്ടറി അമൽ സണ്ണി കൃതജ്ഞതയും അറിയിച്ചു.

അതിരൂപതാ സമിതി അംഗങ്ങളായ അഡ്വൈസർ സിസ്റ്റർ ലേഖ എസ്ജെസി, ജാക്സൺ സ്റ്റീഫൻ, അലൻ ജോസഫ് ജോൺ, ബെറ്റി തോമസ് എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി.

സെപ്റ്റംബർ 18–ന് വൈകുന്നേരം രജിസ്ട്രേഷനോടു കൂടി ആരംഭിച്ച ക്യാമ്പിൽ വിവിധ ഇടവകകളിൽ നിന്നായി 91 യുവാക്കൾ പങ്കെടുത്തു. ക്യാമ്പിൽ ബെസ്റ്റ് ക്യാമ്പറായി മറ്റക്കര ഇടവകാംഗം മെൽവിൻ ജോർജ് മാത്യു എളപ്പാനിക്കൽ, പിറവം ഇടവകാംഗമായ അലക്സിയാ ആൻ പടിക്കൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സെപ്റ്റംബർ 18–ന് ബുധനാഴ്ച മൂന്നുമണിക്ക് രജിസ്ട്രേഷനോടു കൂടി ആരംഭിച്ച ക്യാമ്പ് ഉദ്ഘാടനം ചെയ്തത് കോട്ടയം അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ആയിരുന്നു. ചൈതന്യ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആശംസകളറിയിച്ചു സംസാരിക്കുകയുണ്ടായി. മുൻകാല കെ.സി.വൈ.എൽ പ്രസിഡണ്ടുമാരായ ബിബീഷ് ഓലിക്കാമുറിയിൽ, ഷൈജി ഓട്ടപ്പള്ളിയിൽ എന്നിവർ യുവജനങ്ങളുമായി സംവദിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. യുവജനങ്ങൾ പൊതുപ്രവർത്തന രംഗത്തിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകത എന്ന വിഷയത്തിൽ സംഘടിപ്പിച്ച ചർച്ചയിൽ യുവ എംഎൽഎ ചാണ്ടി ഉമ്മൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സ്റ്റീഫൻ ജോർജ്, കോട്ടയം ജില്ലാപഞ്ചായത്ത് അംഗം ഷോൺ ജോർജ് എന്നിവർ പങ്കെടുക്കുകയും യുവജനങ്ങളുമായി സംസാരിക്കുകയും ചെയ്തു.





യുവജനങ്ങളിൽ സംരംഭകത്വ ബോധം വളർത്തേണ്ടതിന്റെ ആവശ്യകത എന്ന വിഷയത്തിൽ ഫ്രഷ് ടു ഹോം സിഇഒ മാത്യു ജോസഫ്, Careon കമ്പനി ഉടമയായ ജെയിംസ് ജോർജ്, ടോണി മാക്കിൽ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. ക്നാനായ സമുദായ പാട്ടുകളിലൂടെ എന്ന വിഷയത്തിൽ ബിസിഎം കോളജ് പ്രൊഫസർ അനിൽ സ്റ്റീഫൻ, കെസിവൈഎൽ ഈ കാലഘട്ടത്തിൽ എന്ന വിഷയത്തിൽ കെസിവൈഎൽ ഡയറക്ടർ ഷെല്ലി ആലപ്പാട്ട്, ക്രിസ്ത്യൻ ലീഡർഷിപ്പ് എന്ന വിഷയത്തിൽ പ്രശസ്ത പ്രഭാഷകൻ സിജു ആലഞ്ചേരി എന്നിവർ ക്ലാസുകൾ നയിച്ചു.



കെ.സി.സി അതിരൂപതാ പ്രസിഡണ്ട് ബാബു പറവത്തുമലയിൽ ക്യാമ്പ് സന്ദർശിക്കുകയും കൾച്ചറൽ നൈറ്റ് ഉദ്ഘാടനം ചെയ്യുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. ഫാ. സിൽജോ ആവണിക്കുന്നേലിന്റെ നേതൃത്വത്തിൽ യുവജനങ്ങളെ കുമ്പസാരത്തിനായി ഒരുക്കുകയും കുമ്പസാരം, ആരാധന, ജപമാല അർപ്പണം തുടങ്ങിയവയിൽ യുവജനങ്ങൾ ഭക്തിപൂർവം പങ്കുചേരുകയും ചെയ്തു. മുൻ അതിരൂപത വൈസ് പ്രസിഡണ്ട് ജെറിൻ ജോയ് ഐസ് ബ്രേക്കിങ് സെഷന് നേതൃത്വം നല്കി.

യുവജനങ്ങൾക്കുവേണ്ടി ക്യാമ്പ് ഫയർ, കൾച്ചറൽ നൈറ്റ്, യോഗ പരിശീലനം എന്നിവയും ക്യാമ്പിന്റെ ഭാഗമായി നടത്തപ്പെട്ടു. യുവജനങ്ങൾ ആവേശപൂർവം പങ്കെടുത്ത മോക് പാർലമെന്റ് കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡണ്ട് സിറിയക് ചാഴികാടൻ നേതൃത്വം നല്കി. കമ്മീഷൻ ചെയർമാൻ ഫാ. മാത്യു മണക്കാട്ട്, കെ.സി.വൈ.എം സംസ്ഥാന ട്രഷറർ ഡിബിൻ ഡൊമിനിക് ഉള്ളവർ ക്യാമ്പിന് ആശംസകൾ അറിയിച്ചു സംസാരിച്ചു.

കെ.സി.വൈ.എൽ. അതിരൂപത ഭാരവാഹികളായ അതിരൂപത ചാപ്ലിൻ ഫാ. റ്റീനേഷ് പിണർക്കയിൽ, ജനറൽ സെക്രട്ടറി അമൽ സണ്ണി, ഡയറക്ടർ ഷെല്ലി ആലപ്പാട്ട്, അഡ്വൈസർ സിസ്റ്റർ ലേഖ എസ്ജെസി, ഭാരവാഹികളായ നിതിൻ ജോസ്, ജാക്സൺ സ്റ്റീഫൻ, അലൻ ജോസഫ് ജോൺ, ബെറ്റി തോമസ്, അലൻ ബിജു എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

ക്യാമ്പിന് ആവശ്യമായിട്ടുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിത്തന്ന ചൈതന്യ പാസ്റ്ററൽ സെന്ററിലെ എല്ലാവർക്കും ക്യാമ്പ് വിജയകരമാക്കിത്തീർത്ത എല്ലാ കെ.സി.വൈ.എൽ സുഹൃത്തുക്കൾക്കും ക്യാമ്പിൽ സജീവമായി പങ്കെടുത്ത എല്ലാ സിൻഡിക്കേറ്റ് അംഗങ്ങൾക്കും കെ.സി.വൈ.എൽ. അതിരൂപത സമിതിയുടെ ഹൃദ്യമായിട്ടുള്ള സ്നേഹവും നന്ദിയും അറിയിക്കുന്നു.






Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**